324 No:12 No:324

പ്രാഥമിക

# കണക്കുസാരം.

ഒന്നാം ഭാഗം—ഒന്നാം തരത്തിന്നു.

(നാലാം പതിപ്പ്.)

കൊച്ചി വിദ്യാഭ്യാസവകപ്പിൽനിന്നു 1014-ാം കൊല്ലത്തിൽ
നടപ്പിൽ വരുത്തിയിരിക്കുന്ന പാഠക്രമമനുസരിച്ച്
തൃശ്ശിവപേരൂർ
വിവേകോദയം ബാലികാപാഠശാല മുഖ്യ അദ്ധ്യാപകൻ
ടി. എസ്സ്. വിശ്വനാഥയ്യരാൽ
പരിഷ്കരിക്കപ്പെട്ടതു്.

(പകപ്പവകാശം സ്വായത്തം.)

1106.
1930.

ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മംഗളോദയം പവർ പ്രസ്സ്, തൃശ്ശിവപേരൂർ.

വില 3ണ.

324
No:12
No:324

പ്രാഥമിക

# കണക്കുസാരം.

ഒന്നാം ഭാഗം—ഒന്നാം തരത്തിന്നു.

(നാലാം പതിപ്പു.)

കൊച്ചി വിദ്യാഭ്യാസവകുപ്പിൽനിന്നു 1014-ാം കൊല്ലത്തിൽ
നടപ്പിൽ വരുത്തിയിരിക്കുന്ന പാഠക്രമമനുസരിച്ച്
തൃശ്ശിവപേരൂർ
വിവേകോദയം ബാലികാപാഠശാല മുഖ്യ അദ്ധ്യാപകൻ
ടി. എസ്സ്. വിശ്വനാഥയ്യരാൽ

Approved by the
Madras and Cochin Text Book Committees
as a Text-Book for School use.

1930.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മംഗളോദയം പവർ പ്രസ്സ്, തൃശ്ശിവപേരൂർ.

വില 3ണ.

# പ്രാഥമിക

# കണക്കുസാരം.

ഒന്നാം ഭാഗം—ഒന്നാം തരത്തിന്നു

(നാലാം പതിപ്പു.)

കൊച്ചി വിദ്യാഭ്യാസവകുപ്പിൽനിന്നു 1014_ാം കൊല്ലത്തിൽ
നടപ്പിൽ വരുത്തിയിരിക്കുന്ന പാഠക്രമമനുസരിച്ച്
തൃശ്ശിവപേരൂർ
വിവേകോദയം ബാലികാപാഠശാല മുഖ്യ അദ്ധ്യാപകൻ

ടി. എസ്സ്. വിശ്വനാഥയ്യരാൽ

പരിഷ്കരിക്കപ്പെട്ടതു്.

(പകർപ്പവകാശം സ്വായത്തം.)

1106.
1930.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

മംഗളോദയം പവർ പ്രസ്സ്, തൃശ്ശിവപേരൂർ.

വില 3ണ.

## അനുക്രമണിക.


| അദ്ധ്യായം | | ഭാഗം |
|---|---|---|
| I | എണ്ണം—1 മുതൽ 10 വരെ എണ്ണുവാൻ | 1—4 |
| II | 1 മുതൽ 9 വരെ സംഖ്യ—സങ്കലനവും വികലനവും | 4—30 |
| III | എണ്ണം—പത്ത് | 30—36 |
| IV | 11 മുതൽ 20 വരെ എണ്ണങ്ങൾ | 36—39 |
| V | 20 മുതൽ 100 വരെ എണ്ണങ്ങൾ; (1—100) | 40—43 |
| VI | മുന്നോട്ടും പിന്നോട്ടും എണ്ണം—(100—1), (0—10—100), (100—10—0), (0—5—100), (100—5—0), (0—2—100), (100—2—0), (1—2—99), (99—2—1) | 44—54 |
| VII | കൂട്ടൽ വാക്യങ്ങൾ (1—10) | 54—55 |
| VIII | എണ്ണം (1—100)— സ്ഥാനക്രമം—അക്ഷരത്തിൽ എഴുതൽ | 55—61 |
| IX | കൂട്ടൽ—കൂട്ടലടയാളം— കൂട്ടൽ കണക്കുകൾ—കൂട്ടൽ സംബന്ധിച്ച മനക്കണക്കുകൾ | 61—71 |
| X | കിഴിക്കൽ—കിഴിക്കലടയാളം— കൂട്ടലും കിഴിക്കലും തമ്മിലുള്ള ബന്ധം—കിഴി | |

കൽകണക്കുകൾ 71—77
XI കൂട്ടലും കിഴിക്കലും മനക്കണക്കുകൾ 77—82
XII പെരുക്കൽ—കൂട്ടൽവഴിയായി—പെരുക്കലെടയാളം—പെരുക്കൽപ്പട്ടിക(5×5)—പെരുക്കൽ സംബന്ധിച്ച മനക്കണക്കുകൾ 82—87
അനുബന്ധം—ആഴ്ചകൾ—മലയാളമാസങ്ങൾ—നാലു ദിക്കുകൾ—മലയാള അക്കങ്ങൾ. 88

# അനുക്രമണിക.


| അദ്ധ്യായം | | ഭാഗം |
|---|---|---|
| I | എണ്ണം—1 മുതൽ 10 വരെ എണ്ണുവാൻ | 1—4 |
| II | 1 മുതൽ 9 വരെ സംഖ്യ—സങ്കലനവും വികലനവും | 4—30 |
| III | എണ്ണം—പത്ത് | 30—36 |
| IV | 11 മുതൽ 20 വരെ എണ്ണങ്ങൾ | 36—39 |
| V | 20 മുതൽ 100 വരെ എണ്ണങ്ങൾ; (1—100) | 40—43 |
| VI | മുന്നോട്ടും പിന്നോട്ടും എണ്ണം—(100—1), (0—10—100), (100—10—0), (0—5—100), (100—5—0), (0—2—100), (100—2—0), (1—2—99), (99—2—1) | 44—54 |
| VII | കൂട്ടൽ വാശ്യങ്ങൾ (1—10) | 54—55 |
| VIII | എണ്ണം (1—100)— സ്ഥാനക്രമം—അക്ഷരത്തിൽ എഴുതൽ | 55—61 |
| IX | കൂട്ടൽ—കൂട്ടലടയാളം— കൂട്ടൽ കണക്കുകൾ—കൂട്ടൽ സംബന്ധിച്ച മനക്കണക്കുകൾ | 61—71 |
| X | കിഴിക്കൽ—കിഴിക്കലടയാളം— കൂട്ടലും കിഴിക്കലും തമ്മിലുള്ള ബന്ധം—കിഴി | |

| | |
|---|---|
| ക്കൽകണക്കുകൾ | 71—77 |
| XI കൂട്ടലും കിഴിക്കലും മനക്കണക്കുകൾ | 77—82 |
| XII പെരുക്കൽ—കൂട്ടൽവഴിയായി—പെരുക്കലെടയാളം—പെരുക്കൽപ്പട്ടിക(5×5)—പെരുക്കൽ സംബന്ധിച്ച മനക്കണക്കുകൾ | 82—87 |
| അനുബന്ധം— ആഴ്ചകൾ— മലയാളമാസങ്ങൾ—നാലു ദിക്കുകൾ—മലയാള അക്കങ്ങൾ. | 88 |


---

# SYLLABUS.

## FIRST STANDARD.

1. Ideas of the first ten numbers to be imparted by actual presentation of groups of similar objects.

2. Detailed treatment of numbers from 1 to 10.

Composition and decomposition of numbers, e. g.

$6=5+1=4+2=3+3=2+2+2$, etc.

3. Counting a given number of things not exceeding 100. Counting backwards and forwads between 1 and 100 by tens, fives and twos.

4. Addition tables.

5. Notation and numeration up to 100.

6. Simple addition of numbers of not more than two digits, the number of lines not to exceed 5 and the result not to exceed 100.

7. Subtraction of numbers not exceeding 100 each digit of the aubtrahend being less than the corresponding digit of the minuend.

8. Mental addition up to 20 and corresponding subtraction.

9. Multiplication as repeated addition, to be taught with reference to concrete objects, up to 5 times 5.

*N. B.*—In problems the writing of steps is not expected nor should they involve more than one operation or more than one rule.

# അവതാരിക.

---

Rao Bahadur P. V. Seshu Ayyar, I. E. S. (Retd)
Principal.

Hindu College, Tinnevelly
16—12—1930.

ടി. എസ്സ്. വിശ്വനാഥയ്യർ ഏഴാം പതിപ്പായി ഇയ്യിടെ പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒന്നു മുതൽ നാലാംതരം വരെക്കുള്ള കണക്കുസാരം പുസ്തകങ്ങളെ ഞാൻ വായിച്ചു നോക്കി. അവ കൊച്ചി വിദ്യാഭ്യാസവകുപ്പിൽനിന്നു ഏർപ്പെടുത്തീട്ടുള്ള പാഠക്രമമനുസരിച്ച് എഴുതീട്ടുള്ളവയാകുന്നു. അവയിൽ അനേകം സംഗതികൾ പ്രത്യേകം മനസ്സിരുത്തി എഴുതപ്പെട്ടിരിക്കുന്നു. മനക്കണക്കുകൾക്ക് അധികം പ്രാധാന്യം കൊടുത്തിട്ടുണ്ട്. നിത്യപരിചയത്തിൽ അനുഭവപ്പെടുന്നവയും ലോകജീവനത്തിന്ന് ആവശ്യമുള്ളവയുമായ കണക്കുകൾ വളരെയുണ്ട്. മാതൃകാചോദ്യങ്ങൾ അനേകം ചെയ്തുകാണിക്കപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സംഗതികൾനിമിത്തം ഈ പുസ്തകങ്ങൾ കൊച്ചിരാജ്യത്തും ബ്രിട്ടീഷുമലബാറിലും ഉപയോഗയോഗ്യമായവയാകുന്നു എന്ന് എനിക്കു നിസ്സംശയം പറയാം.

എന്ന്
പി. വി. ശേഷു അയ്യർ.

*Rao Bahadur, Formerly Professor of applied Mathematics, Presidency College & now Principal,*
*Hindu College,*
*Tinnevelly.*

---

# മുഖവുര.

(ഏഴാം പതിപ്പ്.)

ആദ്യമായി 1091_ൽ പ്രാഥമികക്ലാസ്സുകളുടെ ആവശ്യത്തിന്നായി ഞാൻ പ്രസിദ്ധപ്പെടുത്തിയ കണക്കുപുസ്തകങ്ങൾ കൊച്ചിസംസ്ഥാനം മുഴുവനും ബ്രിട്ടീഷ് മലയാളം പല ദിക്കിലും സന്തോഷത്തോടെ അംഗീകരിക്കുകയും, ആറേഴുകൊല്ലത്തോളം പ്രചാരത്തിലിരിക്കുകയും ചെയ്തതു് എല്ലാവക്കും അറിയാമല്ലൊ. പിന്നെ കാലഗതി അനുസരിച്ചുള്ള മാററങ്ങൾ വരുത്തേണമെന്നു വിചാരിച്ച പുസ്തകങ്ങളുടെ പ്രസിദ്ധീകരണം തല്ക്കാലം നിൎത്തിവെക്കുകയും, മററു പലേ ജോലിത്തിരക്കുകളാൽ ഉദ്ദേശം സാധിക്കാതെ വരികയുമാണുണ്ടായതു്.

അതിന്നിടയിൽ 1104_ൽ വിദ്യാഭ്യാസവകുപ്പിൽനിന്നു പാഠക്രമത്തിൽതന്നെ കാൎയ്യമായ ചില മാററങ്ങൾ വരുത്തുകയുമുണ്ടായി. ഈ പാഠക്രമമനുസരിച്ചുള്ള വേറെ പാഠപുസ്തകങ്ങൾ ഇപ്പോൾ നടപ്പിൽ വന്നിട്ടില്ലാത്തതുകൊണ്ടും പ്രാഥമികക്ലാസ്സുകളിലെ അദ്ധ്യാപകന്മാക്കു പാഠംപോലെയുള്ള ഒരു പുസ്തകത്തിൻെറ അഭാവത്താൽ ബുദ്ധിമുട്ടുള്ളതായി അറിയുന്നതുകൊണ്ടും വളരെക്കാലമായി നിലനിന്നുപോന്നിരുന്ന എൻെറ ഉദ്ദേശപ്രകാരം ഈ പുസ്തകങ്ങൾ കാലോചിതമായ പരിഷ്കാരങ്ങളോടുകൂടി ഇപ്പോൾ പ്രസിദ്ധപ്പെടുത്തുവാൻ ഉത്സാഹിക്കുകയും, അതു ഈശ്വരകൃപയാ സാധിക്കുകയും ചെയ്തു.

ഈ പുസ്തകങ്ങൾ എഴുതുമ്പോൾ ഞാൻ പ്രത്യേകം മനസ്സിരുത്തിയിരുന്ന ചില സംഗതികൾ താഴെ ചേൎത്തുകൊള്ളുന്നു.

1. കണക്കുകളെല്ലാം കഴിയുന്നതും നിത്യപരിചയമുള്ളവയും ലോകജീവിതത്തിന്ന് ആവശ്യമുള്ളവയുമായ വിഷയങ്ങളിൽനിന്നു തിരഞ്ഞെടുക്കുക.

2. മനക്കണക്കുകൾക്ക് അധികം പ്രാധാന്യം കൊടുക്കുക. എല്ലാതരം കണക്കുകൾക്കും മുമ്പിലായി അതേരീതിയിലുള്ളവ മനസ്സിൽ ചെയ്യാനായി ചേൎക്കുക. മററു കണക്കുകളിലുള്ള ക്രിയകൾ കഴിയുന്നേടത്തോളം മനസ്സാലും എളുപ്പവഴിക്കും ചെയ്യാനുള്ള രീതിയിലാക്കുക.

3. കുട്ടികൾക്കു സ്കൂളിൽവെച്ചും വീട്ടിൽവെച്ചും ചെയ്യാനായി ധാരാളം കണക്കുകൾ ചേൎക്കുക.

4. വഴിക്കണക്കുകളിൽ ചെയ്യാനുള്ള ക്രിയകളെല്ലാം ചെയ്യുന്നതിൽ ബുദ്ധിമുട്ടില്ലാത്തവിധം എളുപ്പമായ സംഖ്യകൾ മാത്രം ഉപയോഗിക്കുക.

5. 1104-ൽ പ്രസിദ്ധംചെയ്ത പാഠക്രമം കൃത്യമായി അനുസരിക്കുക.

ഈ പരിഷ്കൃതരീതിയിൽ പുസ്തകത്തിന്നു പുമ്പേത്തേതിലും അധികം പ്രചാരമുണ്ടാകുമെന്നു വിശ്വസിക്കുന്നു.

തൃശ്ശിവപേരൂർ,
17—4—1106

ടി. എസ്സ്. വിശ്വനാഥയ്യർ.

# കണക്കുപുസ്തകം.

## ഒന്നാം ഭാഗം — ഒന്നാം തരത്തിന്.

### (ഉപാദ്ധ്യായന്മാൎക്ക്)

1. കണക്കുസമയത്തെല്ലാം ഉപയോഗിപ്പാൻ അബേക്കസ്സ് എന്നു പറയുന്ന പന്തുചട്ടവും കുറെ ധാരാളം പുളിങ്കുരു, മഞ്ചാടിക്കുരു, കുന്നിക്കുരു, ഗോട്ടി ഇവയും ക്ലാസ്സിൽ ഉണ്ടായിരിക്കേണ്ടതാണ്. അബേക്കസ്സ് എന്ന പന്തുചട്ടം താഴെ പറയുന്ന സമ്പ്രദായത്തിൽ സ്കൂളിൽവെച്ചുതന്നെ ഗുരുനാഥനും വിദ്യാൎത്ഥികളും കൂടി ഉണ്ടാക്കാവുന്നണ്.

2. ഒരു മേശമേൽ നിൎത്താവുന്ന രണ്ടു കാലുകളും മുകളിലും താഴെയുമായി രണ്ടു അഴികളുമുള്ള ഒരു ചട്ടത്തിൽ ഓരോ വരിയിൽ പത്തു വീതം പത്തുവരി പന്തുകൾ ഉണ്ടായിരിക്കുന്ന ഒരു ചട്ടത്തിന്നാണ് അബേക്കസ്സ് എന്നും ദശാംശപന്തുചട്ടം എന്നും പറയുന്നതു്. പന്തുകളെല്ലാം ഒരേ ആകൃതിയിലും പലേ നിറത്തിലും ആയിരിക്കണം. ചട്ടത്തിന്റെ വീതി പത്തു പന്തുകൾക്കു വേണ്ട നീളത്തിൽ രണ്ടിരട്ടിയിൽ കുറച്ചു അധികമുണ്ടായിരിക്കണം. ചട്ടം മുഴുവൻ മേശമേൽ വെക്കാവുന്ന ആകൃതിയിലായാൽ വളരെ നന്ന്. ചട്ടത്തിന്റെ ഒരു ഭാഗത്തു പന്തുകളെ ഒരരികിൽ നിൎത്തിയാൽ അവയെ മറയ്ക്കാവുന്ന ഒരു തുണിവരിയും ആവശ്യമാണ്. പീഞ്ഞപലകകൊണ്ടു നാലു ചട്ടംകൂട്ടി കുടകമ്പി 10എണ്ണം കോൎത്തു പന്തുകൾ കളിമണ്ണുകൊണ്ടുണ്ടാക്കി നിറം കയററിയാൽ ആവശ്യം കഴിയുന്നതാണ്.

3. ആദ്യം കുറെ ദിവസമെങ്കിലും പാഠം ആരംഭിക്കുന്നതു ചെറുകഥകളോടുകൂടി വേണ്ടതാണ്. ശേഷം പാഠങ്ങളിൽ ഗുരുനാഥന്റെ യുക്തംപോലെ രസകരമായ സംഭാഷണംകൊണ്ടു തുടങ്ങാം:

3. ഇംഗ്ലീഷു അക്കങ്ങൾ മലയാള അക്കങ്ങളെക്കാൾ എഴുതുവാൻ എളുപ്പമായതുകൊണ്ടു അവയെ ആദ്യം പഠിപ്പിച്ചു ക്രമേണ മലയാള അക്കങ്ങളെ പഠിപ്പിക്കുന്നതു യുക്തമായിരിക്കും.

4. അഭ്യാസങ്ങൾ മാതൃകയായി മാത്രമേ ചേൎത്തിട്ടുള്ളു. അതേമാതിരിയിൽ അധികം ചോദ്യങ്ങൾ അപ്പപ്പോൾ ഗുരുനാഥന്മാർ ഉണ്ടാക്കി ചോദിക്കേണ്ടതാണ്.

# അദ്ധ്യായം I.

## എണ്ണം — '1' (ഒന്നു) മുതൽ '10' (പത്തു)വരെ.

സ്കൂളിൽ ചേർക്കുവാൻ കൊണ്ടുവരുന്ന മിക്ക കുട്ടികൾക്കും ഇപ്പോൾ ഒന്നു മുതൽ പത്തുവരെ ചൊല്ലുവാൻ ഒന്നു, രണ്ടു, മൂന്നു, എന്നു പത്തുവരെ പറയുവാൻ മാത്രം എന്നത്ഥം അറിയുന്നവരാണു്. അതറിയാത്ത വല്ല വിദ്യാത്ഥികളുമുണ്ടെങ്കിൽ അതു അവരെ ചൊല്ലി പഠിപ്പിക്കുകയാണ ആദ്യമായി ചെയ്യേണ്ടതു.

എല്ലാപ്പോഴും മണ്ണിൽ കളിച്ചു രസിച്ചുകൊണ്ടിരുന്ന ബാലികാബാലന്മാരെയാണല്ലൊ സ്കൂളിൽ കൊണ്ടുവന്നാക്കുന്നതു. ഇവിടേയും അവക്കു കളിപ്പാൻ കളിമണ്ണു കൊടുത്തു അതുകൊണ്ടു ചെറിയ പന്തുകൾ ഉരുട്ടി ഉണ്ടാക്കുവാൻ അവരെ ഏല്പിക്കുന്നതു അവക്കു വളരെ രസകരമായിരിക്കും.

ആദ്യത്തെ ദിവസം കുറേശ്ശ കളിമണ്ണു കൊടുത്തു ഓരോ ചെറിയ പന്തു ഉണ്ടാക്കുവാൻ പറയുക. ഒരു പന്തു്. പന്തു ഒന്നു്. എന്നും മററും പല തവണകൾ പറഞ്ഞു ഒന്നു എന്ന സംഖ്യ പഠിപ്പിക്കുക. അന്നുണ്ടാക്കിയ പന്തുകളെയെല്ലാം ഗുരുനാഥൻ വാങ്ങി ഉണക്കി സൂക്ഷിക്കുകയും വേണം.

പിറെറ ദിവസം ആ പന്തുകളെ മേശമേൽ വെച്ചു അവരവരുടെ പന്തു അവരവരെക്കൊണ്ടു എടുക്കുവാൻ പറയണം. അതു തിരഞ്ഞെടുക്കുന്നതിൽ വല്ല വഴക്കുമുണ്ടായാൽ അതു സൂക്ഷിച്ചു അവർ തമ്മിൽ ശണ്ഠകൂടാതെ അവരവരുടേതു അവരവക്കുതന്നെ കിട്ടി എന്നു പറഞ്ഞു സമാധാനിപ്പിക്കണം. പിന്നെ കുറേശ്ശ കളിമണ്ണുകൂടി കൊടുത്തു ഓരോ പന്തു വീതം ഉണ്ടാക്കുവാൻ പറയുക അന്നു രണ്ടു. എന്ന എണ്ണം പഠിപ്പിക്കുകയും ചെയ്യാം.

മൂന്നാമത്തെ ദിവസവും ഈരണ്ടു പന്തു തലേദിവസത്തേയും ഓരോ പന്തു അന്നത്തേയും കൂട്ടി മൂന്നു പന്തുകൾ വീതം ഉണ്ടാകുമല്ലൊ. അന്നു മൂന്നു എന്ന എണ്ണവും പഠിപ്പിക്കാം.

ഇങ്ങിനെ പത്തു ദിവസംകൊണ്ടു പത്തുവരെയുള്ള എണ്ണങ്ങൾ പഠിപ്പിക്കാം. അക്കങ്ങൾ എഴുതുവാൻ ഇതോടുകൂടി പഠിപ്പിക്കുവാൻ ഉത്സാഹിക്കരുതു്. വാസ്തവമായി ഒന്നു മുതൽ പത്തുവരെ എണ്ണുവാനും ഒന്നിനോടൊന്നു കൂട്ടി സംഖ്യ പറയുവാനും മാത്രം പഠിപ്പിച്ചാൽ മതി.

കളിമണ്ണു കിട്ടുവാൻ സാധിക്കാത്തതുകൊണ്ടോ വേറെ വല്ല കാരണങ്ങളാലോ മണ്ണുകൊണ്ടുള്ള പന്തുകൾ ഉണ്ടാക്കുവാൻ സാധിക്കാതെ വരുന്ന പക്ഷം ധാരാളം കിട്ടാവുന്ന ഏതെങ്കിലും സാധനങ്ങൾ ഉപയോഗിക്കാം.

## അഭ്യാസം 1.

1. മേശമേൽനിന്നു 3പുളിങ്കുരു എണ്ണി എടുക്കുക.
2. ഇതിൽനിന്നു 5പന്തുകൾ എണ്ണി എടുത്തു എനിക്കു തരിക.
3. രാമനു 6മഞ്ചാടിക്കുരു കൊടുക്കുക.
4. ഈ ക്ലാസ്സിൽ എത്ര ബെഞ്ചുകൾ ഉണ്ടെന്നു എണ്ണി പറയുക.
5. ഈ ചുമരിന്മേൽ ഉള്ള ചിത്രങ്ങൾ എല്ലാം എണ്ണുക.
6. കൃഷ്ണന്റെ വലതുകയ്യിൽ എത്ര വിരലുകൾ ഉണ്ടു?
7. ഈ ചിത്രത്തിൽ കാണുന്ന പശുവിന്നു എത്ര കാലുകൾ ഉണ്ടു?
8. എന്റെ കപ്പായത്തിന്നു എത്ര ബട്ടൺസുകൾ ഉണ്ടു?
9. രാമൻ ഇരിക്കുന്ന ബെഞ്ചിൽ എത്ര കുട്ടികൾ ഇരിക്കുന്നു?
10. ഗോപാലാ, തന്റെ വീട്ടിൽ എത്ര ആളുകൾ ഉണ്ടെന്നു പറയുക. (ഓരോരുത്തരുടേയും പേരു പറഞ്ഞു എണ്ണിക്കണം.)

## അഭ്യാസം 2.

1. രാമൻ കൃഷ്ണന്നു 8കുന്നികുരു കൊടുക്കട്ടെ.

2. പാർവ്വതി ലക്ഷ്മിക്കു 7പന്തുകൾ എണ്ണികൊടുക്കുക.

3. ശങ്കരൻ പുറത്തുപോയി 9കല്ലുകൾ പെറുക്കി കൊണ്ടുവരു.

4. അന്തോണിയുടെ കയ്യിൽ എത്ര കഴഞ്ചിക്കുരു ഉണ്ടു? എണ്ണി പറയു.

5. ഔസേപ്പിന്റെ രണ്ടു കയ്യിലുംകൂടി വിരല്കൾ എത്ര ഉണ്ടു? എണ്ണിപ്പറയണം.

6. മറിയത്തിന്റെ രണ്ടു കാലുകളിലുംകൂടി വിരലുകൾ എത്ര?

7. പത്തു പുളിങ്കുരു എനിക്കു എടുത്തു തരിക.

8. ഇതിൽനിന്നു 7എണ്ണം എടുത്തു കല്യാണിക്കുട്ടിക്കു കൊടുക്കുക.

9. ഒന്നു മുതൽ 8വരെ എണ്ണുക.

10. ഒന്നു മുതൽ 10വരെ എണ്ണുക.

---

## അദ്ധ്യായം II.

### '1' മുതൽ '9' വരെ എണ്ണം.

(Composition and Decomposition)

ഇപ്പോൾ കുട്ടികൾക്കു ഒന്നു മുതൽ പത്തുവരെ സാധനങ്ങളെ തൊട്ടെണ്ണുവാനും തൊടാതെ സാധനങ്ങളെ കണ്ടെണ്ണുവാനും പിന്നീടു സാധനങ്ങളെ മനസ്സിൽ വിചാരിച്ചു എണ്ണുവാനും സാധിക്കും. ഇനി അക്കങ്ങൾ എഴുതുവാനും പത്തുവരെയുള്ള സംഖ്യകളുടെ സങ്കലനവും വികലനവും (Composition and Decomposition) പഠിപ്പിക്കുവാനുള്ള രീതി താഴെ കാണിക്കുന്നു.

ദശാംശപന്തുചട്ടം. (The Decimal Ball frame)



| | |
|---|---|
| *1* | ഒന്നു് |

പന്തുചട്ടം മേശമേൽ തുണിവിരി കുട്ടികളുടെ ഭാഗത്താക്കി കുട്ടികൾക്കു പന്തുകളെ കാണാത്ത വിധത്തിൽ വെക്കുക. പിന്നിൽ നില്ക്കുന്ന ഗുരുനാഥനു പന്തുകളെ കാണുകയും ചെയ്യാം. പിന്നെ ഏതെങ്കിലും ഒരു വരിയിൽനിന്നു ഒരു പന്തു കുട്ടികൾക്കു കാണാവുന്ന മാതിരി പുറത്തേക്കു കൊണ്ടുവന്നു "ഒരു പന്തു" എന്നു പറയിക്കുക. പിന്നെ വേറെ ഒരു വരിയിലുള്ള ഒരു പന്തു കൊണ്ടുവന്നു എത്ര പന്തു എന്നു ചോദിച്ചു "ഒരു പന്തു" അല്ലെങ്കിൽ "പന്തു ഒന്നു്" എന്നു പറയിക്കുക. ഇങ്ങിനെ പല പ്രാവശ്യം ചെയ്യുക. പിന്നീടു വേറെ സാധനങ്ങൾ ഓരോന്നായി കാണിച്ചുകൊടുത്തു ഒരു സാധനം 'ഒന്നു' എന്നു പല പ്രാവശ്യം പറയിക്കുക. ഒടുവിൽ '1' എന്ന അക്കത്തെ കറുപ്പുപലകമേൽ നിൎത്തി വ്യക്തമായി എഴുതി കുട്ടികളെക്കൊണ്ടു അവരവരുടെ കല്പലകകളിന്മേൽ എഴുതുവാൻ പറയുക. ഈ അടയാളത്തിന്നു ഒന്നു എന്ന പേർ ആണെന്നു മനസ്സിലാക്കിക്കുകയും വേണം.

## അഭ്യാസം 3.

1. കൃഷ്ണന്റെ മൂക്കു തൊട്ടു കാണിക്കു. കൃഷ്ണനു മൂക്കു എത്ര?
2. രാധയുടെ കയ്യിൽ എത്ര കല്പലക ഉണ്ടു?
3. മേശമേൽ എത്ര മഷിക്കുപ്പി ഉണ്ടു?
4. എന്റെ കയ്യിൽ എത്ര പെൻസിൽ ഉണ്ടു?

5. ആനെക്കു തുമ്പിക്കൈ എത്ര?

6. പശുവിന്നു വാൽ എത്ര?

## അഭ്യാസം 4.

1. ഒരു വിരൽ കാണിക്കുക, ഒരു കൈ ഉയൎത്തുക, ഒരു കാലിന്മേൽ നില്ക്കുക, ഒരു കണ്ണു തൊട്ടു കാണിക്കുക.

2. എനിക്കു ഒരു പെൻസിൽ തരിക, ഇതിൽനിന്നു ഒരു പുസ്തകം എടുക്കുക, കാല്പലകമേൽ ഒരു വര വരക്കുക.

3. രാമൻ, ഒരു പന്തു എടുക്കു, കൃഷ്ണൻ ഒന്നു എടുക്കു, രാമന്റെ കയ്യിൽ എത്ര പന്തുണ്ടു, കൃഷ്ണന്റെ കയ്യിൽ എത്ര ഉണ്ടു?

4. ഈ മുറിയിലുള്ള മേശ എത്ര? കസേല എത്ര? കാല്പലക എത്ര?

| | |
|---|---|
| 2 | രണ്ട് |



മുൻപാഠത്തിൽ ചെയ്തപോലെ പന്തുചട്ടത്തെ മേശമേൽ വെച്ചു ഒരു പന്തിനെ പുറത്തു കൊണ്ടുവരിക. പിന്നെ അതെ വരിയിൽനിന്നുതന്നെ ഒന്നുംകൂടി കൊണ്ടുവന്നു, 'ഒരു പന്തു' 'ഒരു പന്തു' കൂടി 'രണ്ടു പന്തു' എന്നു പറയുക. രണ്ടു എന്ന പദത്തെ ഉറപ്പിക്കുന്നതിൽനിന്നും പദം ഉച്ചരിക്കുമ്പോൾ പന്തുകളെ കൂട്ടിച്ചേൎത്തി തൊട്ടു കാണിക്കുന്നതിൽനിന്നും ആ എണ്ണം നല്ലവണ്ണം മനസ്സിലാക്കിക്കാം. ഒന്നു എന്ന അക്കത്തെ പഠിപ്പിപ്പാൻ ചെയ്തപോലെയെല്ലാം ഇതിന്നും ചെയ്യുക.

## അഭ്യാസം 5.

1. രാമനു കൈ എത്ര? കാല് എത്ര? കണ്ണ് എത്ര?
2. ഒരു പശുവിന്നു കൊമ്പു എത്ര? ചെവി എത്ര?
3. ഈ മേശമേൽ എത്ര പുസ്തകം ഉണ്ടു? (രണ്ട്)
4. ഈ വരിയിൽ എത്ര ബെഞ്ചുണ്ടു? (രണ്ട്)
5. എന്റെ കയ്യിൽ എത്ര കുന്നിക്കുരു ഉണ്ടു? (രണ്ട്)
6. രാധയ്ക്കു കാല് എത്ര? ചെവി എത്ര?

## അഭ്യാസം 6.

1. ഇതിൽനിന്നു രണ്ടു പുസ്തകങ്ങൾ എടുക്കുക.
2. കറുപ്പുപലകമേൽ രണ്ടു വരകൾ വരയ്ക്കുക.
3. രണ്ടു വിരൽ ഉയർത്തി പിടിക്കുക.
4. രണ്ടു വിരൽ മാത്രം മടക്കുക.
5. ഈ ക്ലാസ്സിൽ രണ്ടാമനായിരിക്കുന്നതു ആർ?
6. രണ്ടു കുട്ടികളുടെ പേർ പറക.



പലേ സാധനങ്ങളും ഈ രണ്ടു എണ്ണങ്ങൾ കാണിച്ചു രണ്ടു എന്നു പറയുന്ന തുക എന്തെന്നു മനസ്സിലാക്കിയതിന്റെ ശേഷം അവയെ പിരിച്ചു ഓരോന്നായി വെച്ചു രണ്ടെണ്ണത്തിൽ എത്ര ഒന്നുകൾ ഉണ്ടെന്നു പഠിപ്പിക്കുക. അതുപോലെതന്നെ 2എണ്ണത്തിൽനിന്നു ഒരു എണ്ണം നീക്കിവെച്ചാൽ ബാക്കി ഒന്നു എന്നും പഠിപ്പിക്കുക.

## അഭ്യാസം 7.

1. രാമൻ, മേശമേൽനിന്നു 2ഗോട്ടിയെടുത്തു കൃഷ്ണന്റെ കയ്യിൽ കൊടുക്കുക. കൃഷ്ണൻ, അവയെ മേശയുടെ അറകളിൽ ഓ

രോന്നായി വെക്കുക. ശങ്കരൻ ഒരു ഗോട്ടിയെ മേശയുടെ നടുക്കലേക്കു നീക്കിവെക്കുക. മറെറ ഗോട്ടിയേയും അതുപോലെ നീക്കിവെക്കുക. ഇപ്പോൾ എത്ര ഗോട്ടി മേശയുടെ നടുക്കൽ ഉണ്ടു? ഒരു ഗോട്ടിയും ഒരു ഗോട്ടിയും ചേൎത്തിയപ്പോൾ 2 ഗോട്ടിയായി.

2. കല്യാണിക്കുട്ടിയുടെ കയ്യിലുള്ള റോസ്സാപ്പൂവ് മേശമേൽ വെക്കു, എത്ര പൂവു മേശമേൽ ഉണ്ട്? ഒന്ന്. സരസ്വതിയുടെ പൂവും അതോടുകൂടി ചേൎത്തി വെക്കുക. ഇപ്പോൾ എത്ര പൂവുണ്ടു? രണ്ടു പൂവ്വ്. ഒരു പൂവും ഒരു പൂവും ചേൎത്തിയാൽ 2 പൂവാകും.

3. ശങ്കരനും ഗോപാലനും ഞാൻ ഓരോ ചോക്കു കഷണം കൊടുക്കാം. ശങ്കരാ, അതു മേശമേൽ വെക്കു. എത്ര ചോക്കുകഷണം ഇപ്പോൾ മേശമേൽ ഉണ്ട്? ഒന്ന്. ഗോപാലാ, തന്റെ ചോക്കുകഷണവും മേശമേൽ വെക്കുക. ഇപ്പോൾ എത്ര ചോക്കുകഷണമുണ്ട്. രണ്ടു ചോക്കു കഷണം. ഒരു ചോക്കുകഷണവും ഒരു ചോക്കുകഷണവും ചേൎത്തിയാൽ 2 ചോക്കുകഷണമാകും.

4. സീതാലക്ഷ്മി, രണ്ടു പന്തു എടുത്തു നിലത്തു വെക്കുക. നിലത്തു എത്ര പന്തുണ്ട്? രണ്ടു പന്തു. അതിൽ ഒരു പന്തു എടുത്തു എനിക്കു തരു. ബാക്കി എത്ര പന്തു നിലത്തുണ്ടു? എത്ര പന്തു എന്റെ കയ്യിലുണ്ട്? 2 പന്തിൽനിന്നു ഒരു പന്തു എടുത്താൽ ബാക്കി ഒരു പന്തുണ്ടാകും.

5. ശാരദയും തങ്കവും അവരുടെ പുസ്തകത്തെ മേശമേൽ വെക്കുക. ഇപ്പോൾ എത്ര പുസ്തകം മേശമേൽ ഉണ്ട്? രണ്ട്. അതിൽ ഒരു പുസ്തകത്തെ ശാരദ എടുക്കുക. ഇപ്പോൾ മേശമേൽ എത്ര പുസ്തകം ഉണ്ട്? ഒന്ന്. ലക്ഷ്മിക്കുട്ടിയുടെ പുസ്തകത്തെ മേശമേൽ വെക്കു. ഇപ്പോൾ മേശമേൽ എത്ര പുസ്തകം? രണ്ട്. തങ്കത്തിന്റെ പുസ്തകത്തെ എടുക്കു. ഇപ്പോൾ എത്ര? ഒന്ന്. ലക്ഷ്മിക്കുട്ടിക്കു പുസ്തകത്തെ എടുക്കാം.

6. മുൻകണക്കിൽ തങ്കത്തിന്റെ കയ്യിലും ശാരദയുടെ കയ്യിലുംകൂടി എത്ര പുസ്തകമുണ്ട്? ലക്ഷ്മിക്കുട്ടിയുടെ കയ്യിലും ശാരദയുടെ കയ്യിലുംകൂടി എത്ര പുസ്തകമുണ്ട്?

ഒന്നും ഒന്നും രണ്ടു. രണ്ടിൽ ഒന്നു പോയാൽ ഒന്ന്.

## അഭ്യാസം 8.

1. ഒരു പന്തിനോടുകൂടി ഒരു പന്തും കൂട്ടിയാൽ എത്ര പന്താകും?

2. രാമന്റെ കയ്യിൽ ഒരു ഗോട്ടിയുണ്ട്. കൃഷ്ണന്റെ കയ്യിൽ ഒരു ഗോട്ടിയുണ്ടു. രണ്ടുപേരുടെ കയ്യിലുംകൂടി എത്ര ഗോട്ടിയുണ്ട്?

3. രാമനു ഒരു മാമ്പഴം കിട്ടി. ഗോപാലൻ രാമനു ഒരു മാമ്പഴംകൂടി കൊടുത്തു. രാമന്റെ കയ്യിൽ ഇപ്പോൾ എത്ര മാമ്പഴം ഉണ്ട്.

4. ഒരു ഭജന കഴിഞ്ഞു എനിക്കു രണ്ടു പഴം കിട്ടി. അതിൽ ഒന്നു കൃഷ്ണനു കൊടുത്തു. എന്റെ കയ്യിൽ ബാക്കി എത്ര പഴം ഉണ്ട്?

5. ഒരു സദ്യക്കു 2 പപ്പടം വിളമ്പി. ഒന്നു ഇലയിൽ ഇട്ടു. ബാക്കിയുള്ളതു കയ്യിലും കൊടുത്തു. കയ്യിൽ കൊടുത്തതെത്ര?

6. രാമസ്വാമിക്കു അവന്റെ അച്ഛൻ 2 അണ കൊടുത്തു. അതിൽ ഒരു അണക്കു ഒരു നോട്ടുപുസ്തകം വാങ്ങി. ബാക്കി എത്ര അണയുണ്ട്?

7. എന്റെ വീട്ടിൽ 2 പശുക്കൾ ഉണ്ടായിരുന്നു. ഞാൻ ഒന്നിനെ വിററു. ബാക്കി എന്റെ വീട്ടിൽ എത്ര പശു ഉണ്ട്?

8. രണ്ടിൽനിന്നു ഒന്നു പോയാൽ എത്ര?

| | |
|---|---|
| 3 | മൂന്ന് |



3 എന്ന സംഖ്യ പഠിപ്പിപ്പാനും ഒന്നും രണ്ടും എണ്ണങ്ങൾക്കു ചെയ്യപോലെ ചെയ്യുക. ആദ്യം 2 എണ്ണം ഒന്നിച്ചു കൊണ്ടുവന്നു പിന്നെ ഒന്നുകൂടി കൊണ്ടുവന്നു മൂന്ന് എന്നു പഠിപ്പിക്കുക. അതുപോലെ തന്നെ മൂന്നിനെ ആദ്യം കാണിച്ചു പിന്നെ 2 എണ്ണം ഒന്നായും വെവ്വേറെയായും കാണിച്ചു പഠിപ്പിക്കണം.

## അഭ്യാസം 9.

1. ഈ കൂട്ടത്തിൽനിന്നു ൩ പുളിങ്കുരു മാത്രം എടുക്കുക.
2. വലതുകയ്യിലുള്ള ൩ വിരലുകൾ നിവൎത്തി കാണിക്കുക.
3. രാമന്റെ കയ്യിൽ എത്ര പുസ്തകം ഉണ്ടു? (മൂന്നു)
4. ഈ കെട്ടിൽനിന്നു ൩ പെൻസിൽ എടുക്കുക.
5. കല്പലകയിന്മേൽ ൩ വരകൾ വരയുക.
6. ഏതെങ്കിലും ൩ കുട്ടികളുടെ പേർ പറയുക.
7. മൂന്നു മരങ്ങളുടെ പേർ—൩ മൃഗങ്ങളുടെ പേർ.
   മൂന്നു സ്ഥലങ്ങളുടെ പേർ.
8. ഏതെങ്കിലും ൩ അമ്പലങ്ങളുടെ പേർ.



## അഭ്യാസം 10.

1. രാമൻ ഈ പെട്ടിയിൽനിന്നു ൩ പന്തു എടുത്തു മേശമേൽ വെക്കുക. ഈ ൩ കുട്ടികൾ ഓരോ പന്തു വീതം എടുക്കട്ടെ. കുട്ടിയുടെ പന്തു മേശമേൽ വെക്കുക, ആ കുട്ടിയും വെക്കുക. ഇപ്പോൾ മേശമേൽ പന്തെത്ര! മറ്റെ കുട്ടിയും വെക്കുക. ഇപ്പോൾ എത്ര?

2. മേശമേൽ ഞാൻ വെക്കുന്ന ചോക്കുകഷണങ്ങളെ നോക്കുക. ഇതാ ഒന്നു വെച്ചു. പിന്നേയും ഒന്നു വെച്ചു. പിന്നെ ഒന്നുംകൂടി

വെച്ചു. ഇപ്പോൾ ആകെ എത്ര ചോക്കുകഷണം മേശമേൽ ഉണ്ടു?

3. സീതാ, മേശയുടെ അരികെ വരിക, ലക്ഷ്മിയും വരു, ശാരദയും വരട്ടെ. ഇപ്പോൾ എത്ര കുട്ടികൾ മേശയുടെ അരികെ നില്ക്കുന്നു?

4. ഗോപാലാ, കറുപ്പുപലകമേൽ 2വര വരക്കുക. ശങ്കരൻ ഒരു വരയുംകൂടി വരക്കട്ടെ. കറുപ്പുപലകമേൽ ഇപ്പോൾ എത്ര വരയുണ്ടു?

5. 2പുളിങ്കുരു പെട്ടിയിൽനിന്നു എടുക്കുക, ഒന്നുംകൂടി എടുക്കു, ഇപ്പോൾ എത്ര പുളിങ്കുരു എടുത്തു?

6. എല്ലാ കുട്ടികളും അവരവരുടെ സ്ലേററിന്മേൽ ഓരോ വര വരക്കുക. പിന്നെ രണ്ടു വരയുംകൂടി എല്ലാവരും വരക്കുക. ഇപ്പോൾ എത്ര വര വരച്ചിട്ടുണ്ടു?

| | | |
|---|---|---|
| 1+1+1=3 | 2+1=3 | 1+2=3 |
| 3−1−1=1 | 3−2=1 | 3−1=2 |

## അഭ്യാസം 11.

1. 2പുസ്തകം മേശമേൽ ഉണ്ടു. ഒരു പുസ്തകംകൂടി വെച്ചാൽ എത്ര പുസ്തകം മേശമേൽ ഉണ്ടാകും?

2. ശാരദക്കു ഇന്നു കാലത്തു 2മാമ്പഴം കിട്ടി. അവളുടെ ജ്യേഷ്ഠൻ ഒരു മാമ്പഴംകൂടി കൊടുത്തു. ഇപ്പോൾ ശാരദക്കു എത്ര മാമ്പഴമായി?

3. രാമന്നു അവന്റെ അച്ഛൻ ഒരു അണ കൊടുത്തു. അവന്റെ അമ്മ 2അണ കൊടുത്തു. ആകെ രാമന്നു എത്ര അണ കിട്ടി?

4. മേശമേൽ ഒരു പന്തുണ്ട്. രണ്ടു പന്തുംകൂടി വെച്ചാൽ മേശമേൽ എത്ര പന്തുണ്ടാകും?

5. എനിക്കു സീതാ ഒരു പുസ്തകവും, ലക്ഷ്മി ഒരു പുസ്തകവും, ശാരദ ഒരു പുസ്തകവും തന്നു. എന്നാൽ എന്റെ കയ്യിൽ എത്ര പുസ്തകമുണ്ടാകും?

6. ഇതിൽ എത്ര പന്തുകൾ ഉണ്ട്? (മൂന്ന്). അതിൽ ഒരു പന്തു എടുത്താൽ ബാക്കി എത്ര ഉണ്ടാകും?

7. ഇവിടെ മൂന്നു ചിത്രങ്ങൾ ഉണ്ട്. അതിൽ 2എണ്ണം എടുത്താൽ ബാക്കി എത്ര ഉണ്ടാകും?

8. മൂന്നു കല്ലു പെറുക്കിക്കൊണ്ടു വരിക. അതിൽ 2എണ്ണം മേശമേൽ വെക്കുക. കയ്യിൽ എത്ര കല്ലുണ്ടു?

9. ബെഞ്ചിന്മേൽ 3കുട്ടികൾ ഇരിക്കുന്നു. രണ്ടുപേർ നില്ക്കുന്നതായാൽ ബാക്കി എത്ര ഇരിക്കുന്നു?

10. രാമനു 3പഴം കൊടുത്തതിൽ 2എണ്ണം അവൻ തിന്നു. ബാക്കിയുള്ളതു അനുജത്തിക്കു കൊടുത്തു. എത്ര അനുജത്തിക്കു കൊടുത്തു?

11. കൃഷ്ണന്റെ കയ്യിൽ 3ഗോട്ടിയുണ്ടായിരുന്നു. അതിൽ ഒന്നു പൊട്ടിപ്പോയാൽ ബാക്കി എത്ര ഉണ്ടാകും?

12. ഒരു പട്ടി 3കുട്ടികളെ പെറു. അതിൽ ഒന്നു ചത്തുപോയി. ബാക്കി എത്ര ഇരിപ്പുണ്ടു?

| | |
|---|---|
| 4 | നാല് |



മുൻപാഠങ്ങളിൽ ചെയ്തപോലെയെല്ലാം ഈ എണ്ണം പഠിപ്പിപ്പാനും ചെയ്യുക.

ഗോട്ടി, പുളിങ്കുരു, കുന്നിക്കുരു, പന്തു, പുസ്തകം, സ്ലേറ്റ പെൻസിൽ മുതലായ പലേ സാധനങ്ങളേയും നന്നാലു വീതം മേശമേലൊ നിലത്തൊ വെച്ചു കുട്ടികളോടു എത്രയുണ്ടെന്നു ചോദിച്ചു നാലു എന്ന തുക എന്തെന്നു പഠിപ്പിക്കുക.

## അഭ്യാസം 12.

1. പശുവിന്നു കാല് എത്ര?

2. ഈ ബെഞ്ചിന്മേൽ എത്ര കുട്ടികൾ ഇരിക്കുന്നു? (നാല്)

3. തള്ളവിരൽ മടക്കുക. ഇപ്പോൾ എത്ര വിരൽ നിവത്തിയിരിക്കുന്നു?

4. കുതിരക്കു കാലെത്ര? ആനക്കു കാലെത്ര? പൂച്ചക്കു കാലെത്ര?

5. രണ്ടു കുട്ടികൾക്കുംകൂടി കൈ എത്ര?

6. രണ്ടു കാളകൾക്കുംകൂടി കൊമ്പു എത്ര? രണ്ടു ആടുകൾക്കുംകൂടി കൊമ്പെത്ര?



## അഭ്യാസം 13.

1. രാമന്നു ആദ്യം 3പഴനുറുക്കു വിളമ്പി. പിന്നെ ഒരു പഴനുറുക്കുംകൂടി വിളമ്പി. ആകെ രാമന്നു എത്ര പഴനുറുക്കു കിട്ടി?

2. ശാരദ 2പന്തു എടുക്കു, ലക്ഷ്മി 2പന്തു എടുക്കു, രണ്ടു പേരുടെ കയ്യിലുംകൂടി എത്ര പന്തുണ്ടു?

3. ബാലൻ 2കല്ലു പെറുക്കി കൊണ്ടുവരു. കൃഷ്ണൻ ഒരു കല്ലും ശങ്കരൻ ഒരു കല്ലും കൊണ്ടുവരട്ടെ. മൂന്നുപേരും അവരുടെ കല്ലുകളെ മേശമേൽ വെക്കുക. ആകെ എത്ര കല്ലുണ്ട്?

4. മേശമേൽ 4ചോക്കു കഷണങ്ങൾ ഉണ്ടു. ശാരദ 2എണ്ണം എടുത്തോളു. ബാക്കി എത്ര മേശമേൽ ഉണ്ടു?

5. ലക്ഷ്മികുട്ടിയുടെ കയ്യിൽ 3വളയുണ്ട്. ഭാഗീരഥിയുടെ കയ്യിൽ ഒരു വളയുണ്ടു. ആകെ എത്ര വള?

6. കൃഷ്ണൻ, ശങ്കരൻ, ബാലൻ, രാമൻ ഇവർ മേശയുടെ അരികെ വരട്ടെ. മേശയുടെ അരികിൽ എത്ര കുട്ടികൾ ഉണ്ടു?

| | | | |
|---|---|---|---|
| $1+1+1+1=4$ | $3+1=4$ | $2+2=4$ | $1+3=4$ |
| $4-3=1$ | $4-2=2$ | $4-1=3$ | |

## അഭ്യാസം 14.

1. ഒരു മാവിൽനിന്നു ആദ്യം ഒരു മാങ്ങയും പിന്നെ 1മാങ്ങയും പിന്നെ 2മാങ്ങയും വീണു. ആകെ എത്ര മാങ്ങ വീണു?

2. രാമന്നു വിഷുവിന്നു 4കാലുറുപ്പിക കിട്ടി. അതിൽ 3കാലുറുപ്പികക്കു പടക്കം വാങ്ങിയാൽ ബാക്കി എത്ര കാലുറുപ്പിക ഉണ്ടാകും?

3. എന്റെ കയ്യിൽ 4നാരങ്ങ ഉണ്ടായിരുന്നു. അതിൽ 2എണ്ണം കൃഷ്ണന്നു കൊടുത്തു. എന്നാൽ ബാക്കി എന്റെ കയ്യിൽ എത്ര നാരങ്ങ ഉണ്ടു?

4. ഈ വരിയിൽ 4കുട്ടികൾ നില്ക്കുന്നു. അവരിൽ ഒരു കുട്ടി പോയാൽ ബാക്കി എത്ര കുട്ടികൾ ഉണ്ടാകും?

5. 4ഗോട്ടിയിൽ 2ഗോട്ടി കളഞ്ഞാൽ ബാക്കി എത്രയുണ്ടാകും?

6. ഇവിടെ 3പുസ്തകങ്ങൾ വെച്ചിട്ടുണ്ടു. 4പുസ്തകമാകേണമെങ്കിൽ ഇനിയെത്ര പുസ്തകം വേണം?

7. രാമൻ ഇതിൽനിന്നു 4പന്തു എടുത്തു. അതിൽ 2എണ്ണം കൃഷ്ണന്നു കൊടുത്തു. പിന്നെ ഒന്നു ശങ്കരന്നും കൊടുത്തു. ഇപ്പോൾ രാമന്റെ കയ്യിൽ എത്ര പന്തുണ്ടു?

8. കല്യാണികുട്ടിയുടെ കയ്യിൽ 2റോസ്സാപ്പൂവുണ്ടു. ശാരദ 2എണ്ണം കൂടി കല്യാണികുട്ടിക്കു കൊടുത്തു. കല്യാണിക്കുട്ടി അതിൽനിന്നു ഒരെണ്ണം സീതാദേവിക്കു കൊടുത്തു. ബാക്കി കല്യാണിക്കുട്ടിയുടെ കയ്യിൽ എത്ര റോസ്സുണ്ടു?

| | |
|---|---|
| **5** | അഞ്ച് |



മുൻ പാഠങ്ങളിൽ ചെയ്തപ്രകാരമെല്ലാം ഈ എണ്ണം പഠിപ്പിക്കുന്നതിച്ചും ചെയ്യുക.

## അഭ്യാസം 15.

1. ഈ ക്ലാസ്സിൽ എത്ര ബെഞ്ചുകൾ ഉണ്ടു? (അഞ്ച്)
2. ഈ ബെഞ്ചിൽ എത്ര കുട്ടികൾ ഇരിക്കുന്നു? (അഞ്ച്)
3. ഒരു കയ്യിലുള്ള വിരലുകളുടെ എണ്ണം പറയുക.
4. ഈ ക്ലാസ്സിൽ അഞ്ചാമൻ ആർ?
5. രാമൻ പുറത്തുപോയി 5 കല്ലുകൾ പെറുക്കി കൊണ്ടു വരിക.
6. മേശമേൽ എത്ര പുസ്തകം വെച്ചിട്ടുണ്ടു? (അഞ്ച്)

| | |
|---|---|
| ❋ ❋ ❋ ❋ | ❋ |
| ❋ ❋ ❋ | ❋ ❋ |
| ❋ ❋ | ❋ ❋ ❋ |
| ❋ | ❋ ❋ ❋ ❋ |

## അഭ്യാസം 16.

1. രാമൻ ഇക്കൊല്ലം ഓണത്തിന്നു 3 ദിവസം അവന്റെ വീട്ടിലും 2 ദിവസം അച്ഛന്റെ വീട്ടിലും സദ്യ ഉണ്ടു. ആകെ എത്ര ദിവസം രാമൻ സദ്യ ഉണ്ടു്?

2 മേശയുടെ മേൽ എത്ര പന്തുണ്ടെന്നു രാമൻ പറയട്ടെ. (നോക്കു്) ഈ ഒരു പന്തുംകൂടി അതിനോടു ചേർത്തുവെക്കുക. ഇപ്പോൾ ആകെ എത്ര പന്തുണ്ടു്?

3. ഒന്നാമത്തെ ബെഞ്ചിന്മേൽ ഇരിക്കുന്ന കുട്ടികൾ എല്ലാവരും ഇവിടെ വരുവിൻ. 2 പേർ ബെഞ്ചിന്മേൽ ചെന്നിരിക്കുക. 3 പേർകൂടി ചെന്നിരിക്കുക. ഇപ്പോൾ ബെഞ്ചിന്മേൽ എത്ര കുട്ടികൾ ഉണ്ടു്?

4. കൃഷ്ണൻ ഒരു കല്ലു കൊണ്ടുവരു, രാമാ, 2 കല്ലു കൊണ്ടുവരു, ശങ്കരൻ 2 കല്ലുംകൂടി കൊണ്ടുവരട്ടെ. എല്ലാം മേശമേൽ വെക്കുക, ആകെ എത്ര കല്ലുണ്ടു്?

5. മേശമേൽ ഞാൻ 5 ചോക്കുകഷണം വെക്കുന്നു. അതിൽനിന്നു 2 എണ്ണം കൃഷ്ണന്നു കൊടുക്കുന്നു. ബാക്കി മേശമേൽ എത്ര ചോക്കുകഷണം ഉണ്ടു്?

6. ഞാൻ തങ്കത്തിന്റെ കയ്യിൽ 5 പെൻസിൽ കൊടുക്കുന്നു. തങ്കം അതിൽനിന്നു 4 എണ്ണം ശാരദക്കു കൊടുക്കു. ബാക്കി തങ്കത്തിന്റെ കയ്യിൽ എത്ര പെൻസിൽ ഉണ്ടു്?

| | | | |
|---|---|---|---|
| 4+1=5 | 3+2=5 | 2+3=5 | 1+4=5 |
| 5–1=4 | 5–2=3 | 5–3=2 | 5–4=1 |

B

# 1 2 3 4 5



| | | | |
|---|---|---|---|
| 1+1=2 | *+*=2= | *+* | 2-1=1 |
| 2+1=3 | **+*=3= | *+** | 3-1=2 |
| 1+2=3 | *+*+*=3= | *+*+* | 3-2=1 |
| 3+1=4 | ***+*=4= | *+*** | 4-1=3 |
| 1+3=4 | *+***=4= | ***+* | 4-3=1 |
| 2+2=4 | **+**=4= | **+** | 4-2=2 |
| *+*+*+* | =4= | | *+*+*+* |
| 3+2=5 | ***+**=5= | **+*** | 5-2=3 |
| 2+3=5 | **+***=5= | ***+** | 5-3=2 |
| 4+1=5 | ****+*=5= | *+**** | 5-1=4 |
| 1+4=5 | *+****=5= | ****+* | 5-4=1 |
| *+*+*+*+* | =5= | | **+**+* |
| **+*+*+* | =5= | | ***+*+* |

## അദ്ധ്യായം 17.

1. മാധവിയുടെ കയ്യിൽ 3സൂചിയുണ്ട്. ലക്ഷ്മിയുടെ കയ്യിൽ 2സൂചിയുമുണ്ട്. എന്നാൽ ആകെ എത്ര സൂചിയുണ്ട്?

2. രാമൻ ആദ്യം 2പുസ്തകവും പിന്നെ 3പുസ്തകവും വാങ്ങി. എന്നാൽ ആകെ എത്ര പുസ്തകം വാങ്ങി?

3. മേശമേൽ 2ഗോട്ടിയുണ്ടു. കസേലമേൽ 2ഗോട്ടിയുണ്ടു. എന്റെ കയ്യിൽ 1ഗോട്ടിയുണ്ടു. ആകെ എത്ര ഗോട്ടിയുണ്ട്?

4. ഞാൻ ആദ്യം 2പന്തു മേശമേൽ വെക്കുന്നു. പിന്നെ 2എണ്ണം കൂടി വെക്കുന്നു. പിന്നീടു ഒരു പന്തും കൂടി വെക്കുന്നു. ആകെ എത്ര പന്തു മേശമേൽ ഞാൻ വെച്ചിട്ടുണ്ട്?

5. ശാരദക്കു ഓണത്തിന്നു 5പഴനുറുക്കു വിളമ്പി. അതിൽ 4 എണ്ണം അവൾ തിന്നു. എത്ര എണ്ണം ശാരദ ഇലയിൽ കളഞ്ഞു?

6. ഞാൻ ഇന്നു കാലത്തു 5നാരങ്ങ വാങ്ങി. 3എണ്ണം ചിലവാക്കി. ബാക്കി എത്ര എണ്ണം ഉണ്ടാകും?

7 രാമന്റെ കയ്യിൽ 5ഗോട്ടിയുണ്ടായിരുന്നു. അതിൽ ഒന്നു കഴിച്ചു ബാക്കിയെല്ലാം ഗോപാലന്നു കൊടുത്തു. ഗോപാലന്നു കൊടുത്തതെത്ര?

8. ഈ ബെഞ്ചിന്മേൽ ഉള്ള 5കുട്ടികളിൽ 3പേർ നില്ക്കട്ടെ. ബാക്കി എത്ര പേർ ഇരിക്കുന്നു?

| | |
|---|---|
| **6** | ആറു |



1മുതൽ 5വരെ എണ്ണങ്ങൾ പഠിപ്പിപ്പാൻ ചെയ്യുപോലെ ഈ സംഖ്യ പഠിപ്പിപ്പാനും ചെയ്യുക.

## അഭ്യാസം 18.

1. ഈ ബെഞ്ചിന്മേൽ എത്ര കുട്ടികൾ ഇരിക്കുന്നു എന്നു എണ്ണി പറയുക. (ആറ്)

2. മേശമേലുള്ള പന്തുകളെ എണ്ണുക. എത്ര? (ആറ്)

3. ഈ മൂന്നു കുട്ടികൾ നില്ക്കട്ടെ. അവൎക്കു എല്ലാവൎക്കുംകൂടി എത്ര കാലുണ്ടു്?

4. ഗോപാലകൃഷ്ണന്റെ ഇടതുകയ്യിൽ എത്ര വിരലുണ്ടു?(ആറ്)

5 ഇതാ ഒരു പശുവിന്റെയും കാക്കയുടേയും ചിത്രം. ഇവ രണ്ടിനുംകൂടി എത്ര കാലുണ്ടെന്നു എണ്ണിപ്പറയുക.

6 ഈ ബെഞ്ചിന്മേലുള്ള കുട്ടികൾ എല്ലാവരും മുററത്തുപോയി 6വീതം കല്ലുകൾ പെറുക്കിക്കൊണ്ടുവന്നു മേശമേൽ വേറെ വേറെയായി വെക്കുക. ഒടുവിലത്തെ ബെഞ്ചിന്മേൽ ഇരിക്കുന്ന കുട്ടികൾ ഓരോരുത്തരായി മേശയുടെ അടുത്തുവന്നു ഓരോരുത്തർ കൊണ്ടുവന്ന കല്ലിനെയും എണ്ണിനോക്കുക.



## അഭ്യാസം 19.

1. രാമാ, ഒരു കയ്യിലുള്ള വിരലുകൾ നിവൎത്തി കാണിക്കു, മറ്റെ കയ്യിലെ ചൂണ്ടാണിവിരൽ മാത്രം കാണിക്കു. ഇപ്പോൾ എത്ര വിരൽ നിവൎന്നിരിക്കുന്നു എന്നു എണ്ണിപ്പറയുക.

2. കൃഷ്ണൻ പെട്ടിയിൽനിന്നു 4 പന്തുകൾ എടുക്കു, രാമൻ 2 എണ്ണം എടുക്കു, എല്ലാം മേശമേൽ വെക്കുക. ആകെ മേശമേൽ എത്ര പന്തായി?

3. ഈ വരിയിൽ എത്ര പന്തുണ്ടു (മൂന്നു) അടുത്ത വരിയിൽ എത്ര പന്തുണ്ടു (മൂന്നു) രണ്ടു വരിയിലുംകൂടി എത്ര പന്തുണ്ടു?

4. എന്റെ കയ്യിൽ 2 പുളിങ്കുരുവുണ്ടു. കൃഷ്ണന്റെ കയ്യിൽ 4 പുളിങ്കുരുവുമുണ്ടു. ആകെ എത്ര പുളിങ്കുരുവായി?

5. സീതയുടെ അച്ഛൻ അവൾക്കു ഒരു അണയും അമ്മ 5 അണയും കൊടുത്തു. എന്നാൽ ആകെ സീതക്കു എത്ര അണ കിട്ടി?

6. രാമൻ, ഗോപാലൻ, ശങ്കരൻ ഇവർ പോയി 2 വീതം കല്ലുകൾ പെറുക്കി കൊണ്ടുവരിക. എല്ലാം മേശമേൽ വെക്കുവിൻ. ആകെ എത്ര കല്ലായി?

7. മേശമേൽ 6 കല്ലുണ്ടു. അതിൽ 3 എണ്ണം രാമൻ എടുക്കു. ബാക്കി മേശമേൽ എത്ര ഉണ്ടു?

8. ഈ വരിയിലുള്ള 6 പന്തുകളിൽ 2 എണ്ണത്തെ അകത്തേക്കു തള്ളുക. ബാക്കി എത്ര പന്തു പുറത്തുണ്ടു?

| | | | | |
|---|---|---|---|---|
| 5+1=6 | 4+2=6 | 3+3=6 | 2+4=6 | 1+5=6 |
| 6—1=5 | 6—2=4 | 6—3=3 | 6—4=2 | 6—5=1 |

## അഭ്യാസം 20.

1. തങ്കത്തിന്നു ഇക്കൊല്ലം വിഷുവിന്നു അവളുടെ അച്ഛൻ 2 അണയും അമ്മ 2 അണയും അമ്മാമൻ 2 അണയും കൊടുത്തു. ആകെ തങ്കത്തിന്നു എത്ര അണ കിട്ടി?

2. എന്റെ കയ്യിലുള്ള 6പന്തിൽ ഒന്നിനെ രാമന്നു കൊടുത്താൽ ബാക്കി എത്ര ഉണ്ടാകും?

3. ഇന്നു കാലത്തു ഗോപാലന്നു 6മാമ്പഴം കിട്ടി. അതിൽ 2എണ്ണം ശാരദക്കു കൊടുത്താൽ ബാക്കി ഗോപാലന്റെ കയ്യിൽ എത്ര ഉണ്ടു്?

4. ഇവിടെ 6കുന്നിക്കുരുവുണ്ടു്. അതിൽ 3എണ്ണം എടുത്താൽ ബാക്കി എത്ര ഉണ്ടാകും?

5. ഈ ക്ലാസ്സിൽ ആകെ 6ബെഞ്ചുകൾ ഉണ്ടു്. അതിൽ ഒരു ബെഞ്ചു രണ്ടാം ക്ലാസ്സിലേക്കു കൊടുത്താൽ ബാക്കി എത്ര ബെഞ്ചു നമുക്കുണ്ടാവും?

6. ലക്ഷ്മിക്കു 6നെല്ലിക്ക കിട്ടി. അതിൽ 2എണ്ണം രാധക്കും, 2എണ്ണം മീനാക്ഷിക്കും കൊടുത്തു. എന്നാൽ ലക്ഷ്മിക്കു എത്ര ബാക്കിയുണ്ടു്?

7. ശങ്കരന്നു അവന്റെ അച്ഛൻ 6അണ കൊടുത്തു. 3അണക്കു ഒരു പുസ്തകവും 2അണക്കു ഒരു സ്ലേറ്റും വാങ്ങി. ബാക്കി എത്ര അണ ഉണ്ടു്?

8. ഗോപാലൻ ഒരു അണ കൊടുത്തു 6ബിസ്കറ്റു വാങ്ങി. അതിൽ ഒരെണ്ണം രാമന്നും, 2എണ്ണം കൃഷ്ണന്നും കൊടുത്തു. എന്നാൽ ഗോപാലന്റെ കയ്യിൽ ബാക്കി എത്ര ബിസ്കറ്റുണ്ടു്?

| | |
|---|---|
| **7** | ഏഴ് |

* * *
*
* * *

## അഭ്യാസം 21.

1. ഈ മേശമേൽ എത്ര മഞ്ചാടിക്കുരുവുണ്ടെന്നു എണ്ണിപ്പറയുക.

2. ഒരാഴ്ചക്കു ദിവസമെത്ര?

3. കറുപ്പുപലകയിന്മേൽ എത്ര പുള്ളികൾ ഉണ്ടെന്നു എണ്ണിപറയുക (ഏഴ്)

4. ആ വലിയ ബെഞ്ചിന്മേൽ എത്ര കുട്ടികൾ ഇരിക്കുന്നു? (ഏഴ്)

5. ഈ വരിയിൽ എത്ര പന്തുകൾ ഉണ്ട്? (ഏഴ്)

6. കൃഷ്ണൻ പോയി 7കല്ലുകൾ പെറുക്കി കൊണ്ടുവരു.



## അഭ്യാസം 22.

1. ഞാൻ ഇന്നു നിങ്ങൾക്കു കളിപ്പാൻ 7കഴിഞ്ചിക്കുരു കൊണ്ടുവന്നിട്ടുണ്ട്. അതിൽ ഒരു കുരു കമലത്തിന്നു കൊടുത്തു. ബാക്കി എന്റെ കയ്യിൽ എത്ര ഉണ്ട്?

2. 7കുരുവും ഇതാ മേശമേൽ വെച്ചിരിക്കുന്നു. രാമൻ 2എണ്ണം എടുക്കു. ബാക്കി എത്ര മേശമേൽ ഉണ്ട്?

3. കൃഷ്ണന്റെ കയ്യിൽ 2കുരു കൊടുക്കുന്നു. ഗോപാലന്റെ കയ്യിൽ 5എണ്ണം കൊടുക്കുന്നു. രണ്ടുപേൎക്കുംകൂടി ഞാൻ എത്ര കുരു കൊടുത്തിട്ടുണ്ട്.

4. തങ്കം 4കുരുവും രാജം 3കുരുവും മേശമേൽ വെക്കട്ടെ. രണ്ടുപേരുംകൂടി എത്ര കുരു വെച്ചിട്ടുണ്ട്?

5. രാഘവൻ കറുപ്പുപലകമേൽ 3വര വരക്കുക, രാമൻ 4വര വരക്കുക, ആകെ എത്ര വര വരച്ചിട്ടുണ്ട്?

6. കൃഷ്ണൻ 4കല്ലും, ഗോപാലൻ 2കല്ലും, രാമൻ ഒരു കല്ലും പെറുക്കിക്കൊണ്ടുവരിക. ആകെ എത്ര കല്ലായി?

7. ആദ്യത്തെ ബെഞ്ചിൽ ഇരിക്കുന്ന 3കുട്ടികൾ ഈരണ്ടു കല്ലുവീതം മേശമേൽ വെക്കുക. ഒടുവിലത്തെ കുട്ടി ഒരു കല്ലും വെക്കട്ടെ. ഇപ്പോൾ മേശമേൽ ആകെ എത്ര കല്ലുണ്ട്?

8 ഞാൻ 3കുരു ഇതാ ഇവിടെ വെക്കുന്നു. തങ്കം 2കുരു വെക്കട്ടെ, ശാരദ 2കുരു വെക്കട്ടെ, ഇപ്പോൾ ആകെ എത്ര കുരു മേശമേൽ ഉണ്ട്?

| | | | | | |
|---|---|---|---|---|---|
| 6+1=7 | 5+2=7 | 4+3=7 | 3+4=7 | 2+5=7 | 1+6=7 |
| 7—1=6 | 7—2=5 | 7—3=4 | 7—4=3 | 7—5=2 | 7—6=1 |

## അഭ്യാസം 23

1. രാമന്റെ അച്ഛൻ ഒരു ദിവസം രാവിലെ 5നാഴിക നടന്നു. വൈകുന്നേരം 2നാഴിക കൂടി നടന്നു. ആകെ എത്ര നാഴിക നടന്നു?

2. ഓണത്തിന്നു കൃഷ്ണന്റെ വീട്ടിൽ ആദ്യം 4കുല പഴം വാങ്ങി. പിന്നെ 3കുലയുംകൂടി വാങ്ങി. ആകെ എത്ര കുല പഴം വാങ്ങി?

3. ഒരു മഴപെയ്തു കഴിഞ്ഞ ഉടനെ രാമനും കൃഷ്ണനും ഒരു മാവിന്റെ ചുവട്ടിലേക്കു ഓടി. രാമന്നു 2മാമ്പഴവും കൃഷ്ണന്നു 5മാമ്പഴവും കിട്ടി. രണ്ടുപേൎക്കുംകൂടി എത്ര മാമ്പഴം കിട്ടി?

4. ഇവിടെയുണ്ടായിരുന്ന കഴഞ്ചിക്കുരുവിൽനിന്നു തങ്കം 6 എണ്ണവും രാമൻ ഒരു എണ്ണവും എടുത്തു. രണ്ടുപേരുംകൂടി എത്ര എണ്ണം എടുത്തു?

5. രാമന്റെ കയ്യിൽ 2ഗോട്ടിയും കൃഷ്ണന്റെ കയ്യിൽ 2ഗോട്ടിയും ഗോപാലന്റെ കയ്യിൽ 3ഗോട്ടിയും ഉണ്ട്. ആകെ മൂന്നുപേരുടെ കയ്യിലുംകൂടി എത്ര ഗോട്ടികൾ ഉണ്ട്?

6. ഏഴു കുട്ടികൾ ഉണ്ടായിരുന്ന ഒരു കൂട്ടത്തിൽ 2പേർ പെൺകുട്ടികളായിരുന്നു. ബാക്കിയുണ്ടായിരുന്ന ആൺകുട്ടികളുടെ എണ്ണം എത്ര?

7. രാമന്റെ കയ്യിൽ 7പഴം ഉണ്ടായിരുന്നതിൽ 3പഴം അവൻ തിന്നു. ബാക്കി എത്ര പഴം അവന്റെ കയ്യിൽ ഉണ്ടു?

8. ആ ബെഞ്ചിൽ 7കുട്ടികൾ ഉണ്ടു. അവരിൽ 5പേർ ഇവിടെ വന്നാൽ ബാക്കി എത്ര പേർ ആ ബെഞ്ചിൽ ഉണ്ടാകും?

9. ഞാൻ ഇന്നലെ 7മധുരനാരങ്ങ വാങ്ങി. 6എണ്ണം 6കുട്ടികൾക്കു കൊടുത്തു. ബാക്കി എനിക്കു എത്ര നാരങ്ങ ഉണ്ടായിരുന്നു?

10. രാമനു ഒരു മാവിന്റെ ചുവട്ടിൽനിന്നു ആദ്യം 4മാമ്പഴം കിട്ടി. പിന്നെ 3മാമ്പഴം കിട്ടി. അതിൽനിന്നു 2മാമ്പഴം കൃഷ്ണനു കൊടുത്തു. എന്നാൽ ബാക്കി എത്ര മാമ്പഴം രാമനുണ്ട്?

| | |
|---|---|
| 8 | എട്ട |



## അഭ്യാസം 24.

1. 2പശുക്കൾക്കുകൂടി കാലെത്ര? 2ആടുകൾക്കു കാലെത്ര? 2കാളകൾക്കു എത്ര?

2. 4കുട്ടികൾ ഒരു വരിയായി നില്ക്കുക. നാലുപേൎക്കുംകൂടി എത്ര കാലുണ്ടെന്നു എണ്ണി പറയുക.

3. ഒരു കുതിരയുടേയും 1 കാളയുടേയും ചിത്രം നോക്കി രണ്ടിന്നുംകൂടി കാലെത്ര എന്നു പറയുക.

4. ഈ വരിയിൽ എത്ര പന്തുണ്ട്? (എട്ട്)

5. ഈ ക്ലാസ്സിൽ 8-ാമത്തെ കുട്ടി ആർ?

6. കുട്ടികൾ എല്ലാവരും പുറത്തുപോയി 8വീതം കല്ലു പെറുക്കിക്കൊണ്ടുവരിക.



## അഭ്യാസം 25.

1. ഇന്നു നിങ്ങൾക്കു കളിപ്പാൻ ഞാൻ കുറെ ഗോട്ടികൾ കൊണ്ടുവന്നിട്ടുണ്ട്. രാമൻ ഇതിൽനിന്നു 7എണ്ണം എടുത്തു മേശമേൽ വെക്കു. ഞാൻ ഒരു ഗോട്ടിയും വെക്കാം. ഇപ്പോൾ മേശമേൽ എത്ര ഗോട്ടിയുണ്ട്?

2. കൃഷ്ണൻ ഇതിൽനിന്നു 6ഗോട്ടിയെടുത്തു വേറെ വെക്കു. ഞാൻ 2ഗോട്ടിയുംകൂടി അതിൽ വെക്കാം. ഇപ്പോൾ എത്ര ഗോട്ടിയുണ്ട്?

3. രാധ ഇവിടെനിന്നു 5ഗോട്ടികൾ എടുക്കു. ഞാൻ 3ഗോട്ടിയും തരാം. ഇപ്പോൾ ആകെ എത്ര ഗോട്ടിയുണ്ട്?

4. രാധയുടെ കയ്യിൽ 4ഗോട്ടിയുണ്ട്. കമലത്തിൻെറ കയ്യിലും 4ഗോട്ടിയുണ്ട്. രണ്ടുപേരും അവരവരുടെ ഗോട്ടിയെ മേശമേൽ വെക്കുക. ഇപ്പോൾ എത്ര ഗോട്ടി മേശമേൽ ഉണ്ട്?

5. ഇവിടെയുള്ള 8ഗോട്ടിയിൽനിന്നു കൃഷ്ണാ 5ഗോട്ടി എടുക്കു. ബാക്കി ഇവിടെ എത്ര ഗോട്ടിയുണ്ട്?

6. ഗോപാലാ, ഈ പെട്ടിയിൽനിന്നു 8ഗോട്ടിയെടുക്കുക. അതിൽനിന്നു 2എണ്ണം രാമനു കൊടുക്കു. ഗോപാലൻെറ കയ്യിൽ ഇപ്പോൾ എത്ര ഗോട്ടിയുണ്ട്?

7. ആദ്യത്തെ 4കുട്ടികളും ഈരണ്ടു ഗോട്ടി വീതം എടുത്തു ഈ മേശമേൽ വെക്കുക. ആകെ എത്ര ഗോട്ടിയുണ്ട്?

8. രാമൻെറ കയ്യിൽ 2ഗോട്ടിയും കൃഷ്ണൻെറ കയ്യിൽ 3ഗോട്ടിയും ഗോപാലൻെറ കയ്യിൽ 3ഗോട്ടിയുമുണ്ട്. ആകെ മൂന്നുപേരുടെ കയ്യിലുംകൂടി എത്ര ഗോട്ടിയുണ്ട്?

| | | | | | |
|---|---|---|---|---|---|
| 7+1=8 | 6+2=8 | 5+3=8 | 3+5=8 | 2+6=8 | 1+7=8 |
| 8−1=7 | 8−2=6 | 8−3=5 | 8−5=3 | 8−6=2 | 8−7=1 |

## അഭ്യാസം 26.

1. ഒരു പശു 8നാഴി പാൽ കറക്കും. ഒരു നാഴി ഒഴിച്ചു കാപ്പി ഉണ്ടാക്കി. ബാക്കി എത്ര നാഴി പാൽ ഉണ്ടാകും?

2. ഞാൻ 8നാരങ്ങ വാങ്ങി. 2എണ്ണം വെള്ളത്തിൽ കലക്കി കുടിച്ചു. ബാക്കി എത്ര നാരങ്ങ ഉണ്ട്?

3. 8പലം പഞ്ചസാര വാങ്ങിയതിൽ 3പലം ചിലവായി. എന്നാൽ ബാക്കി എത്ര പലം പഞ്ചസാര ശേഷിപ്പുണ്ട്?

4. ഒരു വരിയിൽ 8പന്തുകൾ ഉണ്ട്. അതിൽ 4എണ്ണത്തെ അകത്തേക്കു തള്ളിയാൽ ബാക്കി എത്ര പുറത്തുണ്ടാകും?

5. ഇവിടെയുള്ള 7കുന്നിക്കുരുവിൽ 3എണ്ണം ഞാൻ എടുത്തു രാധക്കു കൊടുക്കുന്നു. ബാക്കി എത്ര ഇവിടെ ഉണ്ടാകും?

6. 8അണ വിലയുള്ള ഒരു പുസ്തകം വാങ്ങി. 6അണ കൊടുത്താൽ ബാക്കി എത്ര അണ കൊടുക്കണം?

7. ഒരു കോട്ടിന്നു 6മുഴം തുണിയും ഒരു ഷർട്ടിന്നു 2മുഴം തുണിയും വേണമെങ്കിൽ കോട്ടിന്നും ഷർട്ടിന്നുംകൂടി എത്ര വാര തുണി വാങ്ങണം?

8. രാമന്നു 4മാമ്പഴവും കൃഷ്ണന്നു 2മാമ്പഴവും ഗോപാലന്നു 2മാമ്പഴവും കിട്ടി. എന്നാൽ മൂന്നുപേക്കുംകൂടി എത്ര മാമ്പഴം കിട്ടി?

9. കമലത്തിന്റെ അമ്മ കമലത്തിന്നു 8പഴം കൊടുത്തു. അതിൽനിന്നു 3പഴം രാധക്കും 2പഴം രാജത്തിന്നും കൊടുത്തു. എന്നാൽ കമലത്തിന്നു എത്ര പഴം ബാക്കി ഉണ്ടാകും?

10. ബാലന്റെ അച്ഛൻ ബാലന്നു 8മധുരനാരങ്ങ കൊടുത്തു. അതിൽ 2എണ്ണം കൃഷ്ണന്നും, 2എണ്ണം ഗോപാലന്നും, 2എണ്ണം തങ്കത്തിന്നും കൊടുത്തു. എന്നാൽ ബാലന്റെ കയ്യിൽ ബാക്കി എത്ര ഉണ്ടാകും?

| 9 | ഒമ്പതു് |
|---|---|

❋ ❋ ❋

❋ ❋ ❋

❋ ❋ ❋

## അഭ്യാസം 27

1 ഈ വരിയിൽ എത്ര കുട്ടികൾ ഇരിക്കുന്നു?

2. മേശയിൽനിന്നു 9 പുളിങ്കുരു എണ്ണി എടുക്കുക.

3. രാമൻ എല്ലാ വിരലുകളേയും നിവൎത്തി കാണിക്കു. അതിൽ വലതുകയ്യിലെ തള്ളവിരൽ മാത്രം മടക്കുക. ഇപ്പോൾ രണ്ടു കയ്യിലുംകൂടി എത്ര വിരലുകൾ നിവൎത്തിയിരിക്കുന്നു?

4. ഒമ്പതാമത്തതായി ഇരിക്കുന്ന കുട്ടിയുടെ പേർ എന്തു്?
5. നവരാത്രി എത്ര ദിവസമാണു്?

6. 9കുട്ടികൾ പോയി 9വീതം കല്ലുകൾ പെറുക്കി കൊണ്ടുവരിക.



## അഭ്യാസം 28.

1. ഈ വരിയിൽ ഇപ്പോൾ എത്ര പൂവുണ്ടു? (എട്ടു) ഞാൻ ഒന്നുകൂടി പുറത്തു കൊണ്ടുവരുന്നു. ഇപ്പോൾ എത്ര?

2. രാമൻ ഏഴു മഞ്ചാടികൾ എടുക്കുന്നു, ഞാൻ 2 എണ്ണംകൂടി തരുന്നു. ഇപ്പോൾ രാമന്റെ കയ്യിൽ എത്ര മഞ്ചാടികൾ ഉണ്ടു?

3. കൃഷ്ണന്റെ കയ്യിൽ 6 പുളികൾ ഉണ്ടു. കൃഷ്ണനു 3 എണ്ണംകൂടി കൊടുക്കുക. എന്നാൽ കൃഷ്ണന്റെ കയ്യിൽ എത്രയായി?

4. ശങ്കരൻ കാപ്പുപലകമേൽ 5 വരകൾ വരക്കുക. രാമൻ 4 വരകളും വരക്കട്ടെ. ഇപ്പോൾ ആകെ എത്ര വരയായി?

5. ഇവിടെയുള്ള 9 ഗോട്ടിയിൽനിന്നു 5 എണ്ണം നാരായണനു കൊടുക്കുക. ബാക്കി എത്രയുണ്ടു?

6. കമലം, രാജം, ശങ്കര നിങ്ങൾ മൂന്നുപേരും മുമ്മൂന്നു മഞ്ചാടിക്കുരു വീതം പെട്ടിയിൽനിന്നു എടുത്തു മേശമേൽ വെക്കുവിൻ. ആകെ മേശമേൽ എത്ര മഞ്ചാടിക്കുരു ഉണ്ട്?

7. മേശമേൽ ഉള്ള 9മഞ്ചാടിക്കുരുവിൽനിന്നു 6എണ്ണം രാധ എടുത്താൽ ബാക്കി മേശമേൽ എത്ര ഉണ്ടാകും?

8. 4കുട്ടികൾ ഈരണ്ടു കല്ലു വീതവും ഒരു കുട്ടി ഒരു കല്ലു മാത്രവും പെറുക്കിക്കൊണ്ടുവന്നു മേശമേൽ വെക്കുക. ഇപ്പോൾ മേശമേൽ ആകെ എത്ര കല്ലുണ്ട്?

| | | | | | |
|---|---|---|---|---|---|
| 8+1=9 | 7+2=9 | 6+3=9 | 3+6=9 | 2+7=9 | 1+8=9 |
| 9—1=8 | 9—2=7 | 9—3=6 | 9—6=3 | 9—7=2 | 9—8=1 |

## അഭ്യാസം 29.

1. ഈ പെട്ടിയിൽ 6ചുവന്ന പന്തും 3പച്ചനിറമുള്ള പന്തും ഉണ്ട്. ആകെ എത്ര പന്തുണ്ട്?

2. അവിടെ 4ആൺകുട്ടികളും 5പെൺകുട്ടികളുംകൂടി കളിക്കുന്നു. എന്നാൽ ആകെ എത്ര കുട്ടികൾ കളിക്കുന്നു?

3. രാമന്റെ അമ്മാമൻ ഇന്നലെ കാലത്തു 7നാഴികയും വൈകുന്നേരം 2നാഴികയും നടന്നു. ആകെ ഇന്നലെ എത്ര നാഴിക നടന്നു?

4. എന്റെ കയ്യിൽ 9പന്തുകൾ ഉണ്ട്. അതിൽ 2എണ്ണം രാമന്നു കൊടുത്താൽ ബാക്കി എത്ര ഉണ്ടാകും?

5. കൃഷ്ണന്റെ കയ്യിൽ 9മാമ്പഴം ഉണ്ടായിരുന്നു. അതിൽ ഒരു മാമ്പഴം ഒരു കുട്ടിക്കു കൊടുത്തു. എന്നാൽ കൃഷ്ണന്റെ കയ്യിൽ ബാക്കി എത്ര മാമ്പഴമുണ്ട്?

6. എന്റെ കയ്യിലുള്ള 9ഗോട്ടിയിൽ 3എണ്ണം രാമന്നും 3എണ്ണം കൃഷ്ണന്നും കൊടുത്താൽ ബാക്കി എന്റെ കയ്യിൽ എത്രയുണ്ട്?

7. ഒരുണ്ണിക്ക 4മാമ്പഴം കിട്ടി. 9മാമ്പഴം വേണമെങ്കിൽ ഇനി എത്ര മാമ്പഴംകൂടി വാങ്ങണം?

8. ഒമ്പതു കുട്ടികൾ സ്കൂളിലേക്ക വന്നിരുന്നു. അവരിൽ 7 പേർ മാത്രം പുസ്തകം കൊണ്ടുവന്നു. ബാക്കി പുസ്തകം കൊണ്ടുവരാത്തവർ എത്ര?

---

## അദ്ധ്യായം III.

### എണ്ണം — പത്ത്.

മുൻപാഠങ്ങളിൽ ചെയ്തപ്രകാരം പന്തുവട്ടത്തെ മേശമേൽ വെച്ച് ഒരു വരിയിലുള്ള പത്തു പന്തുകളേയും പുറത്തു കൊണ്ടുവരിക. ഇതിൽ ആകെയുള്ള പന്തുകളെ 1, 2, 3, 4, 5, 6, 7, 8, 9 പത്തു എന്നു കുട്ടികളെക്കൊണ്ടു എണ്ണി പറയിക്കുക.

പിന്നെ പത്തു എന്നെഴുതുവാൻ പ്രത്യേകം ഒരു അക്കം 1മുതൽ 9വരെയുള്ള അക്കങ്ങൾക്കുള്ളതുപോലെ ഇല്ലെന്നും അതുകൊണ്ടു പത്തു സാധനങ്ങളേയും കൂട്ടിക്കെട്ടി ഒരു കെട്ടാക്കി അതിനെ ഒരു പത്ത് എന്നു പറയണമെന്നും മനസ്സിലാക്കുക. സാധനങ്ങളെ ഒന്നായി കെട്ടി കാണിക്കുകയും വേണം. പന്തുവട്ടത്തിൽ ഒരു വരിയിലുള്ള പത്തു പന്തുകളേയും കൂടി ഒരു വരി പന്തു എന്നും പറയാം.

ഒന്ന് എന്നതിന്റെ അക്കത്തിൽ എഴുതുവാനുള്ള അടയാളം അറിയാമല്ലൊ. അതിനെ കറുപ്പുപലകമേൽ ഒരു കുട്ടിയെക്കൊണ്ടു എഴുതിക്കുക. പത്തു സാധനങ്ങൾ അടങ്ങിയ ഒരു കെട്ടിനെ മേശമേൽ വെച്ച് അതിന്റെ അടുത്ത് ഒരു ഒററസാധനവും വെക്കുക. ഇവ രണ്ടിനേയും വ്യത്യാസപ്പെടുത്തി എഴുതുന്നതെങ്ങിനെ? കെട്ടിലുള്ളതു ഒരു പത്താണ്. പുറത്തുള്ളതു ഒന്നു മാത്രമാണ്. രണ്ടിനുമുള്ള അടയാളം ഒന്നുതന്നെ. എങ്ങിനെ വ്യത്യാസപ്പെടുത്താമെന്നു കുട്ടികളോടു ചോദിച്ചാൽ പത്തിനെ കാണിക്കുന്ന '1' വലിയതായിരിക്കണമെന്നു കുട്ടികളിൽ ചിലരെങ്കിലും പറയാം.

# 1 1

| പത്ത് | ഒന്ന് |
|---|---|
| 1 | 1 |

മുകളിൽ കാണിച്ച മാതിരി കള്ളികൾ വരച്ച് അക്കങ്ങൾ എഴുതിയാൽ പത്തിനെ വേറെയായും ഒന്നിനെ വേറെയായും അറിയുവാൻ സാധിക്കുമെന്നും മനസ്സിലാക്കട്ടെ. ഒന്നാം സ്ഥാനത്തിലുള്ള അക്കം മാററി 1, 2, 3, 4 തുടങ്ങി 9 വരെ എഴുതി ഓരോന്നിലും ഒരു പത്തും ഇത്ര ഒന്നുകളും ഉണ്ടെന്നു പറയിക്കുക. ഇതുപോലെതന്നെ പത്താം സ്ഥാനത്തിലുള്ള അക്കങ്ങളെ മാററി എത്ര പത്തുകളുണ്ടെന്നും പറയിക്കാം.

രണ്ടു കള്ളികൾ ഉള്ളതിൽ ഒരു കള്ളിയെ പത്താം കള്ളിയെന്നും മറേറതിനെ ഒന്നാം കള്ളിയെന്നും വിളിച്ചുതുടങ്ങി അതുറപ്പിക്കുവാൻ നോക്കുക.

പത്താം കള്ളിയിൽ 1-ം ഒന്നാം കള്ളിയിൽ ഒന്നുമില്ലാതെയും വന്നാൽ ഒരു വലിയ കെട്ടു മാത്രം ഉണ്ടെന്നാണല്ലോ വിചാരിക്കേണ്ടതു്. അതിനെയാണു നാം മുമ്പു പത്തു എന്നു പറഞ്ഞതു്. ഒന്നുമില്ലെന്നു കാണിക്കുന്നതിന്നു ഒരു പ്രത്യേക അടയാളം ഉണ്ടെന്നും അതു '0' പൂജ്യമാണെന്നും പറഞ്ഞു മനസ്സിലാക്കുക. പിന്നെ '10' എന്നു എഴുതി പഠിപ്പിക്കുക.

എല്ലാപ്പോഴും കള്ളിവരക്കുവാൻ സാധിക്കാത്തതുകൊണ്ടു വലത്തു ഭാഗത്തു എഴുതുന്നതു് ഒന്നുകളാണെന്നും ഇടത്തുഭാഗത്തു എഴുതുന്നതു പത്തുകളാണെന്നും വിചാരിക്കേണ്ടതാണെന്നും മനസ്സിലാക്കണം. അവയെ ഒന്നാം സ്ഥാനമെന്നും പത്താം സ്ഥാനമെന്നും വിളിച്ചുവരാറുണ്ടെന്നും ഇപ്പോൾതന്നെ പറഞ്ഞുവെക്കാം.

| | |
|---|---|
| *10* | പത്തു് |



## അഭ്യാസം 30.

1. രണ്ടു കയ്യിലുംകൂടി വിരലുകൾ എത്ര? രണ്ടു കാലുകളിലും കൂടി വിരലുകൾ എത്ര?

2. ഈ പെട്ടിയിൽ എത്ര കഴിഞ്ചിക്കുരു ഉണ്ടെന്നു എണ്ണി പറയുക. (10)

3. ഈ ഭാഗത്തുള്ള കുട്ടികളുടെ എണ്ണം എത്ര? (10)

4. രാമൻ ഇതിൽനിന്നു 10ഗോട്ടി എണ്ണി എടുക്കുക.

5. മേശമേൽ വെച്ചിരിക്കുന്ന പന്തുചട്ടത്തിൽ ഓരോ വരിയിലും ഉള്ള പന്തുകളുടെ എണ്ണം പറയുക.

6. 10കുട്ടികൾ 10വീതം കല്ലുകൾ പെറുക്കി കൊണ്ടുവരിക.



## അഭ്യാസം 31.

1. രാമൻ ഇതിൽനിന്നു 8ഗോട്ടി എടുക്കു, ഞാൻ 2എണ്ണംകൂടി തരാം. ആകെ ഇപ്പോൾ എത്ര ഗോട്ടിയായി?

2. ഈ ഭാഗത്തു 7കുട്ടികൾ ഇരിക്കുന്നു. 3കുട്ടികൾകൂടി ആ ഭാഗത്തു ചെന്നിരിക്കു. ഇപ്പോൾ ആ ഭാഗത്തു് എത്ര കുട്ടികൾ ഇരിക്കുന്നു?

3. രാധയുടെ കയ്യിൽ 6പുളിങ്കുരു ഉണ്ടു്. ഞാൻ 4എണ്ണംകൂടി രാധക്കു കൊടുത്തു. ഇപ്പോൾ രാധയുടെ കയ്യിൽ എത്ര പുളിങ്കുരു ഉണ്ടു്?

4. ലക്ഷ്മിയും കല്യാണിയും 5വീതം ഗോട്ടിയെടുത്തു മേശമേൽ വെക്കുവിൻ. മേശമേൽ എത്ര ഗോട്ടിയുണ്ടു?

5. പന്തുചട്ടത്തിന്റെ ഒരു വരിയിൽ 4പന്തും രണ്ടാമത്തെ വരിയിൽ 6പന്തും ഉണ്ടു. എന്നാൽ 2വരിയിലുംകൂടി എത്ര പന്തുണ്ടു?

6. തൃശ്ശിവപേരൂർ പൂരത്തിന്നു രാമന്നു 6അണയും ഗോപാലന്നു 2അണയും കൃഷ്ണന്നു 2അണയും കിട്ടി. മൂന്നുപേൎക്കുംകൂടി എത്ര അണ കിട്ടി?

7. മേശമേൽ 3പുസ്തകവും കസേലമേൽ 2പുസ്തകവും എന്റെ കയ്യിൽ 5പുസ്തകവും ഉണ്ടു. എന്നാൽ ആകെ എത്ര പുസ്തകം ഉണ്ടു?

8. രണ്ടു കയ്യിലുള്ള വിരലുകളേയും നിവൎത്തി വലതു കയ്യിലെ 2വിരലുകളും ഇടതുകയ്യിലെ 2വിരലുകളും മടക്കുക. എന്നാൽ എത്ര വിരൽ നിവൎന്നിരിക്കുന്നു?

| | | | | |
|---|---|---|---|---|
| 9+1=10 | 8+2=10 | 3+7=10 | 2+8=10 | 1+9=10 |
| 10−1=9 | 10−2=8 | 10−7=3 | 10−8=2 | 10−9=1 |

## അഭ്യാസം 32.

1. 10മാമ്പഴം ഉണ്ടായിരുന്നതിൽനിന്നു 8എണ്ണം ഗോപാലനു കൊടുത്താൽ ബാക്കി എത്ര മാമ്പഴം ഉണ്ടാകും?

2. കൃഷ്ണന്റെ കയ്യിൽ 10പുളിങ്കുരു ഉണ്ടായിരുന്നു. അതിൽ 4എണ്ണം രാമന്നു കൊടുത്താൽ ബാക്കി കൃഷ്ണന്റെ കയ്യിൽ എത്ര ഉണ്ടാകും?

3. ഒരു പുസ്തകത്തിന്നു 10അണ വില. അതിൽ 5അണ കൊടുത്താൽ ബാക്കി എത്ര അണ ഇനിയും കൊടുക്കണം?

4. ഒരു വളപ്പിൽ 4മാവും 6പ്ലാവും ഉണ്ടു. എന്നാൽ ആകെ എത്ര മരം ഉണ്ടു?

5. ഒരു പശു 10നാഴി പാൽ കറന്നു. അതിൽ 3നാഴി പാൽ ഒഴിച്ചു ഞങ്ങൾ കാപ്പി ഉണ്ടാക്കി കഴിച്ചു. ബാക്കി എത്ര നാഴി പാൽ ഇരുപ്പുണ്ടു്?

6. 10ഇടങ്ങഴി അരിയിൽ 2ഇടങ്ങഴി അരി ധർമ്മം കൊടുത്തു. എത്ര ഇടങ്ങഴി അരി ബാക്കിയുണ്ടാകും?

7. മേശമേൽ 10പെൻസിൽ ഉണ്ടു്. രാമൻ 2എണ്ണം എടുക്കട്ടെ. കൃഷ്ണൻ 3എണ്ണവും എടുക്കട്ടെ. ബാക്കി മേശമേൽ എത്ര പെൻസിൽ ഉണ്ടു്?

8. ഗോപാലൻ 6ഗോട്ടി എടുക്കുക, ഞാൻ 4എണ്ണവുംകൂടി തരാം. അതിൽനിന്നു 5എണ്ണം രാമനു കൊടുക്കുക, ബാക്കി ഗോപാലന്റെ കയ്യിൽ എത്ര ഉണ്ടു്?

## അഭ്യാസം 83

1. അഞ്ചും മൂന്നും കൂടിയാൽ എത്ര? ആറും മൂന്നും എത്ര?
   രണ്ടും അഞ്ചും എത്ര? നാലും ആറും എത്ര?
   അറും രണ്ടും എത്ര? ഏഴും മൂന്നും എത്ര?
   ഒമ്പതും ഒന്നും എത്ര രണ്ടും ഏഴും എത്ര?
   ഒന്നും അഞ്ചും എത്ര? ഒന്നും എട്ടും എത്ര?
   മൂന്നും ആറും എത്ര? ഏഴും മൂന്നും എത്ര?
2. മൂന്നും രണ്ടും ഒന്നും കൂടി എത്ര?
   നാലും രണ്ടും രണ്ടും കൂടി എത്ര?
   മൂന്നും അഞ്ചും ഒന്നും കൂടി എത്ര?
   ആറും രണ്ടും ഒന്നും കൂടി എത്ര?
   അഞ്ചും മൂന്നും രണ്ടും കൂടി എത്ര?
   ഏഴും രണ്ടും ഒന്നും കൂടി എത്ര?
   എട്ടും ഒന്നും ഒന്നും കൂടി എത്ര?
   ഒന്നും മൂന്നും അഞ്ചും കൂടി എത്ര?
3. താഴെ പറയുന്ന എണ്ണങ്ങളുടെ ആകത്തുക പറയുക.

532, 412, 135, 243, 532, 612.
712, 234, 352, 422, 315, 253.

4. നാലിനോടു എത്ര ചേൎത്തിയാൽ 10ആകും?
അഞ്ചിനോടു എത്ര കൂട്ടിയാൽ 8ആകും?
ആറിനോടു എന്തു ചേൎന്നാൽ 9ആകും?
മൂന്നിനോടു എത്ര കൂട്ടിയാൽ 9ആകും?
ഏഴിൽനിന്നു എത്ര കളഞ്ഞാൽ 3കിട്ടും?
പത്തിൽനിന്നു എത്ര എടുത്താൽ 5ആകും?

5. എനിക്കു 4മാങ്ങ കിട്ടി. അതിൽനിന്നു 2എണ്ണം രാമന്നു കൊടുത്തു. കൃഷ്ണൻ എനിക്കു 3മാങ്ങ തന്നു. എന്നാൽ എന്റെ കയ്യിൽ ഇപ്പോൾ എത്ര മാങ്ങ ഉണ്ടു്?

6. കൃഷ്ണന്റെ കയ്യിൽ 8പുളിങ്കുരു ഉണ്ടു്. അതിൽനിന്നു 4എണ്ണം രാമന്നു കൊടുത്തു. ഞാൻ കൃഷ്ണന്നു 2എണ്ണം കൊടുക്കാം. ഇപ്പോൾ കൃഷ്ണന്റെ കയ്യിൽ എത്ര പുളിങ്കുരു ഉണ്ടു്?

7. ഈ ബെഞ്ചിന്മേൽ ഇപ്പോൾ 7കുട്ടികൾ ഇരിക്കുന്നു. അതിൽ 4പേർ എഴുനീല്ക്കുവിൻ. ഇപ്പോൾ എത്ര പേർ ബെഞ്ചിന്മേൽ ഇരിക്കുന്നു. മൂന്നുപേർകൂടി ഇരിക്കട്ടെ. ഇപ്പോൾ എത്ര പേർ ഇരിക്കുന്നു?

8. രാമന്നു അവന്റെ അച്ഛൻ 3അണയും അവന്റെ അമ്മ 2 അണയും അമ്മാമൻ 4അണയും കൊടുത്തു. അതിൽനിന്നു 6അണെക്കു അവൻ ഒരു ചിത്രപുസ്തകം വാങ്ങി. ബാക്കി രാമന്റെ കയ്യിലുള്ള അണ എത്ര?

## അദ്ധ്യായം IV.

### 11 മുതൽ 20 വരെ എണ്ണങ്ങൾ.

| പത്ത് | ഒന്ന് |
|---|---|
| *1* | *0* |

മേൽ വരച്ച കള്ളിയിൽ എഴുതിയിരിക്കുന്ന സംഖ്യ ഒരു പത്തു 10 ആണെന്നു പഠിച്ചുവല്ലൊ. ഇവിടെ ഇടഭാഗത്തുള്ള അക്കം പത്തിനേയും വലഭാഗത്തുള്ളതു ഒന്നിനേയും കാണിക്കുന്നു എന്നും പഠിച്ചിട്ടുണ്ടല്ലൊ. ഒന്നാംസ്ഥാനത്തിൽ '0' എന്നു എഴുതിയിരിക്കുന്നതിനാൽ ഒരു പത്തു മാത്രം എന്നു മനസ്സിലാകുന്നു. പത്തിനോടു ഒന്നു ചേൎത്തുന്നതായാൽ '0' എഴുതിയിരിക്കുന്ന സ്ഥാനത്തു '1' എന്നു എഴുതണം. അപ്പോൾ പത്തും ഒന്നും ആയി. അതുപോലെതന്നെ ഒന്നാം സ്ഥാനത്തു '2' എന്നു എഴുതിയാൽ പത്തും രണ്ടും ആയി. അങ്ങിനെതന്നെ 3, 4, 5, 6, 7, 8, 9 എന്നെല്ലാം ചേൎത്തി എഴുതാം.

10-നോടു 1 ചേൎന്നാൽ പത്തും ഒന്നും 11 പതിനൊന്നു.

10-നോടു 2 ചേൎന്നാൽ പത്തും രണ്ടും 12 പന്ത്രണ്ടു,

10-നോടു 3 ചേൎന്നാൽ പത്തും മൂന്നും 13 പതിമൂന്നു.

10-നോടു 4 ചേൎന്നാൽ പത്തും നാലും 14 പതിനാല്.

10-നോടു 5 ചേൎന്നാൽ പത്തും അഞ്ചും 15 പതിനഞ്ചു.

10-നോടു 6 ചേൎന്നാൽ പത്തും ആറും 16 പതിനാറു.

10-നോടു 7 ചേൎന്നാൽ പത്തും ഏഴും 17 പതിനേഴു

10-നോടു 8 ചേൎന്നാൽ പത്തും എട്ടും 18 പതിനെട്ടു

10 നോടു 9 ചേൎന്നാൽ പത്തും ഒമ്പതും 19 പത്തൊമ്പതു.

10-നോടു 10 ചേൎന്നാൽ പത്തും പത്തും 20 ഇരുപതു.

1 2 3 4 5 6 7 8 9 10.

11 12 13 14 15 16 17 18 19 20.

ആദ്യം മേൽ ഒന്നാമത്തെ വരിയിലുള്ള അക്കങ്ങളെ വായിക്കുക. ഒന്നു്, രണ്ടു്, മൂന്നു്, നാലു്, അഞ്ചു്, ആറു്, ഏഴു്, എട്ടു്, ഒമ്പതു്, പത്തു്. പത്തിനോടു 1 ചേൎന്നാൽ പതിനൊന്നു്, ഒന്നുംകൂടി ചേൎന്നാൽ പന്ത്രണ്ടു്, പിന്നെയും ഒന്നു ചേൎന്നാൽ പതിമൂന്നു. ഇങ്ങിനെ ഓരോന്നായി ചേൎത്തിയാൽ പത്തൊമ്പതുവരെയും പിന്നെ ഇരുപതുവരെയും എണ്ണാം. 20 വരെ സാധനങ്ങളെ കൊടുത്തു കുട്ടികളെക്കൊണ്ടു എണ്ണിക്കുകയും വേണം. പത്തും പത്തും കൂടി ചേൎന്നാൽ 2 പത്തു് അതായതു് ഇരുപത്തു്; അതിനെ സാധാരണയായി ഇരുപതു് എന്നു പറഞ്ഞുവരുന്നു.

## അഭ്യാസം 34.

1. 18, 14, 15, 13, 12, 17 ഇവ ഓരോന്നിലും എത്ര ഒന്നുകൾ ഉണ്ടു്?

2. 17, 16, 13, 11, 18, 10 ഇവ ഓരോന്നിലും എത്ര പത്തുകൾ ഉണ്ടു്?

3. 11, 15, 17, 19, 20, 18 ഇവ ഓരോന്നിലും എത്ര പത്തും എത്ര ഒന്നും ഉണ്ടെന്നു പറയുക.

4. 12 മുതൽ 19 വരെ എണ്ണുക.

5. 1 മുതൽ 16 വരെ എണ്ണുക.

6. താഴെ പറയുന്നവയിൽ ക്രമമായി എണ്ണുന്നതിൽനിന്നു വിട്ടുപോയ എണ്ണങ്ങളെ പറയുക.

1 3 5 7 9 11 13 15 17 19.

2 4 6 8 10 12 14 16 18 20.

7. 1 മുതൽ 19 വരെ അക്കത്തിൽ എഴുതുക.

8. പത്തും എട്ടും എത്ര? പത്തും അഞ്ചും എത്ര?

9. പത്തും ഏഴും എത്ര? പത്തും രണ്ടും എത്ര?
10. പത്തും ഒമ്പതും എത്ര? പത്തും ഒന്നും എത്ര?
11. പത്തും ആറും എത്ര? പത്തും നാലും എത്ര?
12. പത്തും അഞ്ചും എത്ര? പത്തും മൂന്നും എത്ര?

## അഭ്യാസം 35.

1. എന്റെ കയ്യിൽ 10പുളിങ്കുരു ഉണ്ട്. രാമന്റെ കയ്യിൽ 4 പുളിങ്കുരു ഉണ്ട്. രണ്ടുപേരുടെ കയ്യിലുംകൂടി എത്ര പുളിങ്കുരു ഉണ്ട്?

2. ആദ്യം 10കുട്ടികൾ ഇവിടെ വന്നു. പിന്നെ 8കുട്ടികളും കൂടി വന്നു. എന്നാൽ ആകെ എത്ര കുട്ടികൾ ഇവിടെ വന്നു?

3. ഈ ക്ലാസ്സിൽ 19കുട്ടികൾ ഉണ്ട്. അതിൽ 9പേർ ആൺ കുട്ടികളാണ്. എന്നാൽ പെൺകുട്ടികളുടെ എണ്ണം എത്ര?

4. ആയില്യമകത്തിനു കല്യാണിക്കുട്ടിയുടെ വീട്ടിൽ ഉപ്പേരി വറക്കുന്നതിനു 2പടല കായ നുറുക്കി. ഒന്നിൽ 10കായയും മറ്റേ തിൽ 8കായയും ഉണ്ടായിരുന്നു. എന്നാൽ ആകെ ഉപ്പേരിവറവിനു എത്ര കായ നുറുക്കി?

5. രാധയുടെ കയ്യിൽ 10വിരലും ശാരദയുടെ ഒരു കയ്യിലുള്ള 5വിരലുംകൂടി കൂട്ടിയാൽ ആകെ എത്ര വിരലുണ്ട്?

6. മേശമേൽ 10പുളിങ്കുരു ഉണ്ട്. അതു 16പുളിങ്കുരു ആകുവാൻ എത്ര പുളിങ്കുരു കൂടി വേണം?

## അഭ്യാസം 36.

1. അഞ്ചും മൂന്നും എത്ര? പതിനഞ്ചും മൂന്നും എത്ര?
2. എട്ടും ഒന്നും എത്ര? പതിനെട്ടും ഒന്നും എത്ര?
3. നാലും മൂന്നും എത്ര? പതിനാലും മൂന്നും എത്ര?
4. ആറും നാലും എത്ര? പതിനാറും നാലും എത്ര?
5. രണ്ടും ആറും എത്ര? പന്ത്രണ്ടും ആറും എത്ര?
6. മൂന്നും മൂന്നും എത്ര? പതിമൂന്നും മൂന്നും എത്ര?
7. ഒന്നും രണ്ടും എത്ര? പതിനൊന്നും രണ്ടും എത്ര?
8. ഏഴും മൂന്നും എത്ര? പതിനേഴും മൂന്നും എത്ര?

## അദ്ധ്യായം V.

### 20മുതൽ 100വരെ എണ്ണങ്ങൾ.

| പത്തു് | ഒന്നു് |
|---|---|
| *1* | *8* |

പത്താം സ്ഥാനത്തിൽ 1വന്നാൽ ഒരു പത്തു, പത്താം സ്ഥാനത്തിൽ 2വന്നാൽ രണ്ടു പത്തു്. 3വന്നാൽ മൂന്നു പത്തു്. 4വന്നാൽ നാലു പത്തു്. 5വന്നാൽ അഞ്ചു പത്തു്. 6വന്നാൽ ആറു പത്തു്. 7വന്നാൽ ഏഴു പത്തു്. 8വന്നാൽ എട്ടു പത്തു്. 9വന്നാൽ ഒമ്പതു പത്തു് ആണെന്നു പറഞ്ഞു മനസ്സിലാക്കുക.

മേൽ വരച്ചിരിക്കുന്ന മാതിരി കള്ളികൾ കറുപ്പുപലകമേൽ വരച്ചു് അക്കങ്ങൾ മാറി മാറി എഴുതി എത്ര പത്തു് എത്ര ഒന്നു് എന്നു ചോദിച്ചു സ്ഥാനവില പഠിപ്പിക്കുക.

പിന്നെ

| | | | |
|---|---|---|---|
| 1പത്തു | പത്തു | | |
| 2പത്തു | ഇരുപത്തു | 20 | ഇരുപതു |
| 3പത്തു | മൂന്നു പത്തു | 30 | മുപ്പതു |
| 4പത്തു | നാലുപത്തു | 40 | നാല്പതു |
| 5പത്തു | അഞ്ചുപത്തു | 50 | അമ്പതു |
| 6പത്തു | ആറു പത്തു | 60 | അറുപതു |

7പത്തു ഏഴ പത്തു 70 എഴപതു
8പത്തു എട്ട പത്തു 80 എണ്പതു
9പത്തു ഒമ്പതു പത്തു 90 തൊണ്ണൂറ
ഇതു വാസ്സാമായി കട്ടികളെ പഠിപ്പിക്കുകയും വേണം.

## അഭ്യാസം 37.

1. അഞ്ചു പത്തു കൂടിയാൽ എത്ര? 4പത്തു എത്ര?
2. മൂന്ന പത്തു എത്ര? 8പത്തു എത്ര?
3. ഏഴ പത്തു എത്ര? 5പത്തു എത്ര?
4. ഒമ്പതു പത്തു എത്ര? 6പത്തു എത്ര?
5. രണ്ട പത്തു എത്ര? 1പത്തു എത്ര?
6. 2പത്തും 1പത്തും കൂടിയാൽ എത്ര?
7. 3പത്തും 4പത്തും കൂടിയാൽ എത്ര?
8. 7പത്തും 2പത്തും കൂടിയാൽ എത്ര?
9. 5പത്തും 4പത്തും കൂടിയാൽ എത്ര?
10. 6പത്തും 2പത്തും കൂടിയാൽ എത്ര?

20, 30, 40, 50, 60, 70, 80, 90ഇവയോട 1, 2, 3, 4, 5, 6, 7, 8, 9 ഈ അക്കങ്ങളെ ഓരോന്നായി ചേൎത്തിയാൽ ഓരോ സംഖ്യ ഉണ്ടാകാവുന്ന സമ്പ്രദായം താഴെ കാണിക്കുന്നു.

20-നോട 1ചേൎന്നാൽ 21 (ഇരുപത്തൊന്നു)
20-നോട 2ചേൎന്നാൽ 22 (ഇരുപത്തിരണ്ട)
20-നോട 3ചേൎന്നാൽ 23 (ഇരുപത്തിമൂന്നു)
20-നോട 4ചേൎന്നാൽ 24 (ഇരുപത്തിനാലു)
20-നോട 5ചേൎന്നാൽ 25 (ഇരുപത്തഞ്ചു)
20-നോട 6ചേൎന്നാൽ 26 (ഇരുപത്താറ)
20-നോട 7ചേൎന്നാൽ 27 (ഇരുപത്തേഴ)
20-നോട 8ചേൎന്നാൽ 28 (ഇരുപത്തെട്ട)
20-നോട 9ചേൎന്നാൽ 29 (ഇരുപത്തൊമ്പതു)
20-നോട 10ചേൎന്നാൽ 30 (മുപ്പതു)

ഇപ്രകാരം 30, 40, 50, 60, 70, 80, 90 ഇവയോടും ചേൎത്തിയാൽ ഉണ്ടാകുന്ന സംഖ്യ കുട്ടികളെക്കൊണ്ടു തന്നെ പറയിച്ചു കറുപ്പു പലകമേൽ എഴുതി കാണിച്ചുകൊടുക്കുക. ഇപ്പോൾ അക്കങ്ങൾ എഴുതുവാൻ മാത്രം കുട്ടികളെക്കൊണ്ടു ശീലിപ്പിച്ചാൽ മതി. സംഖ്യകളെ ഉച്ചരിക്കുന്നതു തെറ്റുകൂടാത്ത വിധത്തിലായിരിപ്പാൻ ശ്രദ്ധവെക്കുകയും വേണം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 |
| 41 | 42 | 43 | 44 | 45 | 46 | 47 | 48 | 49 | 50 |
| 51 | 52 | 53 | 54 | 55 | 56 | 57 | 58 | 59 | 60 |
| 61 | 62 | 63 | 64 | 65 | 66 | 67 | 68 | 69 | 70 |
| 71 | 72 | 73 | 74 | 75 | 76 | 77 | 78 | 79 | 80 |
| 81 | 82 | 83 | 84 | 85 | 86 | 87 | 88 | 89 | 90 |
| 91 | 92 | 93 | 94 | 95 | 96 | 97 | 98 | 99 | 100 |

10 ഒന്നുകൾ കൂടിയാൽ ഒരു കെട്ടായി കണക്കാക്കി അതിനെ ഒരു പത്തു് എന്നു പറഞ്ഞു് ആ 1-നെ ഇടത്തുഭാഗത്തേക്കു നീക്കി എഴുതുവാൻ പറഞ്ഞതു ഓൎമ്മയുണ്ടല്ലൊ. അതുപോലെ 10 പത്തുകൾ കൂടുമ്പോൾ അതിനെ ഒരു വലിയ കെട്ടായി വിചാരിച്ചു് അങ്ങിനെ വലിയ കെട്ടിനെ സൂചിപ്പിക്കുന്ന 1-നെ ഒരു സ്ഥാനം കൂടി ഇടത്തുഭാ

ഗത്തെക്കു നീക്കി എഴുതണം. ഈ സ്ഥാനത്തിന്നു നൂറാം സ്ഥാനം എന്നാണു പേര്. പത്തു പത്തിനെ അതനുസരിച്ച് ഒരു നൂറ് എന്നു വിളിച്ചുവരുന്നു. ഒരു നൂറ് എന്ന് എഴുതുമ്പോൾ 1 എന്ന അക്കത്തെ നൂറാം സ്ഥാനമായ മൂന്നാമത്തെ സ്ഥാനത്തു് എഴുതുന്നു. പത്താം സ്ഥാനത്തും ഒന്നാം സ്ഥാനത്തും ഒന്നും എഴുതുവാനില്ലാത്തതുകൊണ്ടു് ആ സ്ഥാനങ്ങളിൽ ഓരോ 0 പൂജ്യം മാത്രം എഴുതുകയും വേണം. ഒരു നൂറിനോടുകൂടി വല്ല പത്തുകളോ ഒന്നുകളോ ചേർത്തെണ്ടതായി വരുമ്പോൾ ആ സംഖ്യകളെ അതാതു സ്ഥാനങ്ങളിൽ എഴുതുന്നതാണെന്നും ഇപ്പോൾതന്നെ പറഞ്ഞിരിക്കുക.

## അഭ്യാസം 38.

1. താഴെ പറയുന്ന സംഖ്യകളെ കള്ളി വരച്ചു എഴുതി എത്ര പത്തുകളും എത്ര ഒന്നുകളുമുണ്ടെന്നു പറയുക.

24, 35, 46, 53, 67, 74, 85, 92, 16, 22, 33, 42, 51, 62, 73, 84, 92, 83, 71, 64, 59, 48, 37, 25, 16, 27, 36, 40.

2. താഴെ എഴുതുന്ന അക്കങ്ങളെ വായിക്കുക.

3, 12, 23, 45, 56, 67, 78, 89, 93, 87, 76, 65, 54, 43, 32, 21, 10, 70, 84, 95, 39, 60, 72, 81, 96, 42, 50, 100.

3. 1മുതൽ 35വരെ എണ്ണുക, 26മുതൽ 52വരെ എണ്ണുക, 45മുതൽ 87വരെ എണ്ണുക, 73മുതൽ 99വരെ എണ്ണുക.

4. 1മുതൽ 50വരെയും 51മുതൽ 100വരെയും എണ്ണുക.

5. 20+5= ?   30+8= ?   40+7= ?   60+8= ?
   30+7= ?   90+9= ?   30+5= ?   50+9= ?
   10+7= ?   20+6= ?   40+9= ?   50+1= ?

6. 46-ൽ 6പോയാൽ എത്ര? 55-ൽ 5പോയാൽ എത്ര?
   49-ൽ 9പോയാൽ എത്ര? 53-ൽ 3പോയാൽ എത്ര?
   38-ൽ 8പോയാൽ എത്ര? 47-ൽ 7പോയാൽ എത്ര?
   36-ൽ 6പോയാൽ എത്ര? 18-ൽ 8പോയാൽ എത്ര?
   24-ൽ 4പോയാൽ എത്ര? 35-ൽ 5പോയാൽ എത്ര?

# അദ്ധ്യായം VI.

## പിന്നോട്ട് എണ്ണം. 100മുതൽ 1വരെ.

10-ൽനിന്ന 1പോയാൽ എത്ര? 9
9-ൽനിന്ന 1പോയാൽ എത്ര? 8
8-ൽനിന്ന 1പോയാൽ എത്ര? 7
7-ൽനിന്ന 1പോയാൽ എത്ര? 6
6-ൽനിന്ന 1പോയാൽ എത്ര? 5
5-ൽനിന്ന 1പോയാൽ എത്ര? 4
4-ൽനിന്ന 1പോയാൽ എത്ര? 3
3-ൽനിന്ന 1പോയാൽ എത്ര? 2
2-ൽനിന്ന 1പോയാൽ എത്ര? 1

10-ൽനിന്ന കീഴ്പോട്ടെണ്ണുമ്പോൾ 10, 9, 8, 7, 6, 5, 4, 3, 2, 1 എന്ന വരുന്നു.

ഇപ്രകാരം 19മുതൽ 10 വരേയും 29മുതൽ 20വരേയും 39മുതൽ 30വരേയും 49മുതൽ 40വരേയും 59മുതൽ 50വരേയും 69മുതൽ 60വരേയും 79മുതൽ 70വരേയും 89മുതൽ 80വരേയും 99മുതൽ 90വരേയും എണ്ണുവാൻ ശീലിക്കുക.

### അഭ്യാസം 39.

1. 29മുതൽ 20വരെ കീഴ്പോട്ടെണ്ണുക.
2. 30മുതൽ 40വരെ മേല്പോട്ടെണ്ണുക.
3. 49മുതൽ 40വരെ കീഴ്പോട്ടെണ്ണുക.
4. 59മുതൽ 50വരെ കീഴ്പോട്ടെണ്ണുക. 19മുതൽ 10വരേയും എണ്ണുക.
5. 99മുതൽ 90വരേയും പിന്നെ 89മുതൽ 80വരേയും കീഴ്പോട്ടെണ്ണുക.
6. 79മുതൽ 70വരേയും പിന്നെ 69മുതൽ 60വരേയും കീഴ്പോട്ടെണ്ണുക.
7. 70-ൽനിന്ന 1പോയാൽ എത്ര? 60-ൽനിന്ന 1പോയാൽ എത്ര?

8. 50-ൽനിന്നു 1പോയാൽ എത്ര? 40-ൽനിന്നു 1പോയാൽ എത്ര?

9. 90-ൽനിന്നു 1പോയാൽ എത്ര? 80-ൽനിന്നു 1പോയാൽ എത്ര?

10. 30-ൽനിന്നു 1പോയാൽ എത്ര? 20-ൽനിന്നു 1പോയാൽ എത്ര?

മേൽ അഭ്യാസത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം എണ്ണത്തിൽ നല്ലവണ്ണം ശീലിച്ചതിന്റെ ശേഷം 100മുതൽ 1വരെ എണ്ണിക്കുക. ഇങ്ങിനെ എണ്ണിക്കുമ്പോൾ 90, 80, 70, 60, 50, 40, 30, 20 ഇവക്കു കീഴ്പോട്ടുള്ള എണ്ണങ്ങൾ പറയുന്നതിന്നു കുട്ടികൾക്കു ബുദ്ധിമുട്ടുള്ളതായി കാണാം. അതിൽ വേണ്ടതക്ക പരിശീലനം വരുത്തിക്കൊടുക്കണം. കുട്ടികളുടെ സംശയം തീൎക്കുന്നതിന്നു വേണ്ടി 100മുതൽ 1വരെ എണ്ണങ്ങളെ വഴിക്കുവഴിയായി താഴെ ചേൎക്കുന്നു.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 100 | 99 | 98 | 97 | 96 | 95 | 94 | 93 | 92 | 91 |
| 90 | 89 | 88 | 87 | 86 | 85 | 84 | 83 | 82 | 81 |
| 80 | 79 | 78 | 77 | 76 | 75 | 74 | 73 | 72 | 71 |
| 70 | 69 | 68 | 67 | 66 | 65 | 64 | 63 | 62 | 61 |
| 60 | 59 | 58 | 57 | 56 | 55 | 54 | 53 | 52 | 51 |
| 50 | 49 | 48 | 47 | 46 | 45 | 44 | 43 | 42 | 41 |
| 40 | 39 | 38 | 37 | 36 | 35 | 34 | 33 | 32 | 31 |
| 30 | 29 | 28 | 27 | 26 | 25 | 24 | 23 | 22 | 21 |
| 20 | 19 | 18 | 17 | 16 | 15 | 14 | 13 | 12 | 11 |
| 10 | 9 | 8 | 7 | 6 | 5 | 4 | 3 | 2 | 1 |

## അഭ്യാസം 40.

1. 1 മുതൽ 20 വരെ മേല്പോട്ടും 20 മുതൽ 1 വരെ കീഴ്പോട്ടും എണ്ണുക.

2. 10 മുതൽ 30 വരെ മേല്പോട്ടും 30 മുതൽ 10 വരെ കീഴ്പോട്ടും എണ്ണുക.

3. 20 മുതൽ 40 വരെ മേല്പോട്ടും 40 മുതൽ 20 വരെ കീഴ്പോട്ടും എണ്ണുക.

4. 30 മുതൽ 50 വരെ മേല്പോട്ടും 50 മുതൽ 30 വരെ കീഴ്പോട്ടും എണ്ണുക.

5. 40 മുതൽ 60 വരെ മേല്പോട്ടും 60 മുതൽ 40 വരെ കീഴ്പോട്ടും എണ്ണുക.

6. 50 മുതൽ 70 വരെ മേല്പോട്ടും 70 മുതൽ 50 വരെ കീഴ്പോട്ടും എണ്ണുക.

7. 60 മുതൽ 80 വരെ മേല്പോട്ടും 80 മുതൽ 60 വരെ കീഴ്പോട്ടും എണ്ണുക.

8. 70 മുതൽ 90 വരെ മേല്പോട്ടും 90 മുതൽ 70 വരെ കീഴ്പോട്ടും എണ്ണുക.

9. 80 മുതൽ 100 വരെ മേല്പോട്ടും 100 മുതൽ 80 വരെ കീഴ്പോട്ടും എണ്ണുക.

10. 1 മുതൽ 40 വരെ മേല്പോട്ടും 40 മുതൽ 1 വരെ കീഴ പോട്ടും എണ്ണുക.

11. 20 മുതൽ 60 വരെ മേല്പോട്ടും 60 മുതൽ 20 വരെ കീഴ്പോട്ടും എണ്ണുക.

12. 40 മുതൽ 80 വരെ മേല്പോട്ടും 80 മുതൽ 40 വരെ കീഴ്പോട്ടും എണ്ണുക.

13. 1 മുതൽ 25 വരെ മേല്പാഴം 25 മുതൽ 1 വരെ കീഴ്പോട്ടും എണ്ണുക.

14. 25 മുതൽ 50 വരെ മേല്പോട്ടും 50 മുതൽ 25 വരെ കീഴ്പോട്ടും എണ്ണുക.

15. 50 മുതൽ 75 വരെ മേല്പോട്ടും 75 മുതൽ 50 വരെ കീഴ്പോട്ടും എണ്ണുക.

16. 75 മുതൽ 100 വരെ മേല്പോട്ടും 100 മുതൽ 75 വരെ കീഴ്പോട്ടും എണ്ണുക.

17. 85 മുതൽ 55 വരെ കീഴ്പോട്ടെണ്ണുക.

18. 64 മുതൽ 20 വരെ കീഴ്പോട്ടെണ്ണുക.

19. 99 മുതൽ 70 വരെ കീഴ്പോട്ടെണ്ണുക.

20. 81 മുതൽ 36 വരെ കീഴ്പോട്ടെണ്ണുക.

21. 73 മുതൽ 41 വരെ കീഴ്പോട്ടെണ്ണുക.

22. 65 മുതൽ 24 വരെ കീഴ്പോട്ടെണ്ണുക.

23. 31 മുതൽ 2 വരെ കീഴ്പോട്ടെണ്ണുക.

24. 1 മുതൽ 100 വരെ മേല്പോട്ടും 100 മുതൽ 1 വരെ കീഴ്പോട്ടും എണ്ണുകയും എഴുതുകയും ചെയ്യുക.

## മുന്നോട്ടും പിന്നോട്ടും എണ്ണം.

(0—10—100) (0—5—100) (0—2—100)

ഒരു (10) പത്തും 10-ം കൂടിയാൽ എത്ര? 20.
രണ്ടു (20) പത്തും 10-ം കൂടിയാൽ എത്ര? 30.
മൂന്നു (30) പത്തും 10-ം കൂടിയാൽ എത്ര? 40.
നാലു (40) പത്തും 10-ം കൂടിയാൽ എത്ര? 50.
അഞ്ചു (50) പത്തും 10-ം കൂടിയാൽ എത്ര? 60.
ആറു (60) പത്തും 10-ം കൂടിയാൽ എത്ര? 70.
ഏഴു (70) പത്തും 10-ം കൂടിയാൽ എത്ര? 80.
എട്ടു (80) പത്തും 10-ം കൂടിയാൽ എത്ര? 90.
ഒമ്പതു (90) പത്തും 10-ം കൂടിയാൽ എത്ര? 100.

ഓരോ പത്തു വീതം കൂട്ടി എണ്ണുമ്പോൾ 10, 20, 30, 40, 50, 60, 70, 80, 90, 100 എന്നു ക്രമത്തിൽ വരുന്നു. അതുപോലെതന്നെ 100-ൽനിന്നു കീഴ്പോട്ടെണ്ണുമ്പോൾ ആദ്യം 100 പിന്നെ 9 പത്തു അതായതു്, 90, പിന്നെ 8 പത്തു അല്ലെങ്കിൽ 80, പിന്നെ 7 പത്തു അതായതു് 70, പിന്നെ 6 പത്തു അതായതു് 60, പിന്നെ 5

പത്തു അതായതു് 50, പിന്നെ 4 പത്തു അതായതു് 40, പിന്നെ 3 പത്തു അതായതു് 30, പിന്നെ 2 പത്തു അതായതു് 20, ഒടുവിൽ ഒരു പത്തു അതായതു് 10 എന്നു വരുന്നു. ക്രമത്തിൽ എഴുതിയാൽ 100, 90, 80, 70, 60, 50, 40, 30, 20, 10 എന്നു വരുന്നു. ഇവയെ വാസ്ഥാനമായി പഠിപ്പിക്കുക.

| | |
|---|---|
| 5+5= ? 10 | ഇവയെ അഞ്ചും അഞ്ചും എത്ര? പത്തും അഞ്ചും എത്ര? എന്നിങ്ങിനെ ചോദിച്ചു 10, 15, 20, 25, 30, 35, 40, 45, 50 എന്ന സംഖ്യകൾ ഉത്തരമായി കിട്ടി കുറപ്പു പലകമേൽ ക്രമത്തിൽ എഴുതണം. |
| 10+5= ? 15 | |
| 15+5= ? 20 | |
| 20+5= ? 25 | |
| 25+5= ? 30 | |
| 30+5= ? 35 | |
| 35+5= ? 40 | |
| 40+5= ? 45 | |
| 45+5= ? 50 | |

5 നോടുകൂടി 5 കൂട്ടിയാൽ 10, പിന്നെയും 5 കൂട്ടിയാൽ 15, പിന്നെയും 5 കൂട്ടിൽ 20, പിന്നെയും 5 കൂട്ടിയാൽ 25, പിന്നെയും 5 കൂട്ടിയാൽ 30, പിന്നെയും 5 കൂട്ടിയാൽ 35, പിന്നെയും 5 കൂട്ടിയാൽ 40, പിന്നെയും 5 കൂട്ടിയാൽ 45, പിന്നെയും 5 കൂട്ടിയാൽ 50 എന്നാകുന്നു.

അതുകൊണ്ടു 5 നോടു അയ്യഞ്ചു വീതം കൂട്ടിയാൽ ക്രമത്തിൽ 10, 15, 20, 25, 30, 35, 40, 45, 50 എന്നു കിട്ടുന്നു. ഇതുപോലെതന്നെ 50 മുതൽ 100 വരേയും 5 വീതം കൂട്ടി 55, 60, 65, 70, 75, 80, 85, 90, 95, 100 എന്നതുവരെ പഠിപ്പിക്കുക.

## അഭ്യാസം 41.

1. 10 മുതൽ 50 വരെ 5 വീതം കൂട്ടി എണ്ണുക.
2. 15 മുതൽ 35 വരെ 5 വീതം കൂട്ടി എണ്ണുക.
3. 25 മുതൽ 45 വരെ 5 വീതം കൂട്ടി എണ്ണുക.
4. 35 മുതൽ 55 വരെ 5 വീതം കൂട്ടി എണ്ണുക.
5. 45 മുതൽ 65 വരെ 5 വിതം കൂട്ടി എണ്ണുക.

6. 55 മുതൽ 75 വരെ 5 വീതം കൂട്ടി എണ്ണുക.
7. 65 മുതൽ 85 വരെ 5 വീതം കൂട്ടി എണ്ണുക.
8. 75 മുതൽ 100 വരെ 5 വീതം കൂട്ടി എണ്ണുക.

## അഭ്യാസം 42.

1. 10-ൽ 5 പോയാൽ എത്ര? 20-ൽ 5 പോയാൽ എത്ര?
2. 15-ൽ 5 പോയാൽ എത്ര? 25-ൽ 5 പോയാൽ എത്ര?
3. 20-ൽ 5 പോയാൽ എത്ര? 30-ൽ 5 പോയാൽ എത്ര?
4. 25-ൽ 5 പോയാൽ എത്ര? 35-ൽ 5 പോയാൽ എത്ര?
5. 30-ൽ 5 പോയാൽ എത്ര? 40-ൽ 5 പോയാൽ എത്ര?
6. 35-ൽ 5 പോയാൽ എത്ര? 45-ൽ 5 പോയാൽ എത്ര?
7. 40-ൽ 5 പോയാൽ എത്ര? 50-ൽ 5 പോയാൽ എത്ര?
8. 45-ൽ 5 പോയാൽ എത്ര? 55-ൽ 5 പോയാൽ എത്ര?
9. 50-ൽ 5 പോയാൽ എത്ര? 60-ൽ 5 പോയാൽ എത്ര?
10. 55-ൽ 5 പോയാൽ എത്ര? 65-ൽ 5 പോയാൽ എത്ര?
11. 60-ൽ 5 പോയാൽ എത്ര? 70-ൽ 5 പോയാൽ എത്ര?
12. 65-ൽ 5 പോയാൽ എത്ര? 75-ൽ 5 പോയാൽ എത്ര?
13. 70-ൽ 5 പോയാൽ എത്ര? 80-ൽ 5 പോയാൽ എത്ര?
14. 75-ൽ 5 പോയാൽ എത്ര? 85-ൽ 5 പോയാൽ എത്ര?
15. 80-ൽ 5 പോയാൽ എത്ര? 90-ൽ 5 പോയാൽ എത്ര?
16. 85-ൽ 5 പോയാൽ എത്ര? 95-ൽ 5 പോയാൽ എത്ര?
17. 90-ൽ 5 പോയാൽ എത്ര? 100-ൽ 5 പോയാൽ എത്ര?
18. 50—5= ? 45—5= ? 60—5= ? 70—5= ? 35—5= ? 30—5= ? 15—5= ? 20—5= ? 75—5= ? 100—5= ? 95—5= ?

മേൽ 42-ാം അഭ്യാസത്തിലുള്ള കണക്കുകളും അതിന്നനുസരിച്ചു വേറെ ചോദ്യങ്ങളും ചോദിച്ചു കുട്ടികൾക്ക നല്ല പരിചയം വന്നതിന്റെ ശേഷം 100-ൽനിന്ന 5 പോയാൽ എത്ര? 95-ൽനിന്ന 5 പോയാൽ എത്ര? എന്ന തുടങ്ങി ക്രമത്തിൽ ചോദിച്ചു ഉത്തരം കിട്ടുന്നതെല്ലാം കറുപ്പു പലകമേൽ എഴുതി ഇവ 100 മുതൽ 5 വരെ അക്ക

ഷ്യ തള്ളി എണ്ണികിട്ടുന്ന അക്കങ്ങൾ ആണെന്നു മനസ്സിലാക്കുക. 5 മുതൽ 100 വരെ മേല്പോട്ടു ഒരു കുട്ടിയെക്കൊണ്ടു എണ്ണുവാൻ പറഞ്ഞു അതിലെ സംഖ്യകളും കാപ്പു പലകമേലുള്ള സംഖ്യകളും ഒരേ ക്രമത്തിൽ മേല്പോട്ടും കീഴ്പോട്ടുമായിമാത്രം മാറിയിരിക്കുന്നതായും മനസ്സിലാക്കണം. കുട്ടികളുടെ സൌകൎയ്യത്തിന്നായി ഈ പട്ടികകളെ താഴെ ചേൎക്കുന്നു.

5_ന്റെ പട്ടിക.

5 മുതൽ 100 വരെ

മേല്പോട്ട്

| | | | |
|---|---|---|---|
| 5 | 30 | 55 | 80 |
| 10 | 35 | 60 | 85 |
| 15 | 40 | 65 | 90 |
| 20 | 45 | 70 | 95 |
| 25 | 50 | 75 | 100 |

5_ന്റെ പട്ടിക.

100 മുതൽ 5 വരെ

കീഴ്പോട്ട്

| | | | |
|---|---|---|---|
| 100 | 75 | 50 | 25 |
| 95 | 70 | 45 | 20 |
| 90 | 65 | 40 | 15 |
| 85 | 60 | 35 | 10 |
| 80 | 55 | 30 | 5 |

1 മുതൽ 100 വരെ എണ്ണുവാൻ പറഞ്ഞതിന്റെ ശേഷം 1 തുടങ്ങി എണ്ണുന്നതിൽ ഓരോ സംഖ്യ വിട്ടു വിട്ടു എണ്ണുവാൻ ശീലിക്കണം. അതിന്നു കാപ്പു പലകമേൽ 1 മുതൽ 100 വരെ സംഖ്യകളെ വരിവരിയായി എഴുതിയതിന്റെ ശേഷം 2, 4, 6, 8 എന്നു തുടങ്ങിയുള്ള അക്കങ്ങളുടെ ചോടെ ഓരോ വര വരക്കുകയോ അവയെ ചോക്കുകൊണ്ടു വെട്ടുകയോ ചെയ്യുക. ആ വെട്ടിക്കളഞ്ഞ അക്കങ്ങളെ വിട്ടു ഒരു കുട്ടിയെക്കൊണ്ടു വായിപ്പിച്ചാൽ 1, 3, 5, 7, 9, 11 എന്നു തുടങ്ങിയ സംഖ്യകളെ വായിക്കുന്നതായി കാണാം.

പിന്നെ ഒന്നിനോടുകൂടി എത്ര കൂട്ടിയാൽ 3 കിട്ടും. 3 നോടു എത്ര കൂട്ടിയാൽ 5 കിട്ടും. 5 നോടു എത്ര കൂട്ടിയാൽ 7 കിട്ടും എന്നു ചോദിച്ചു എല്ലാ ദിക്കിലും 2കിട്ടുന്നു എന്നു ഉറപ്പിച്ചതിന്റെശേഷം 1,3,5,

7 എന്നു തുടങ്ങി എണ്ണുന്നതിൽ എത്രശ്ശ കൂട്ടിയാണു് എണ്ണുന്നതു എന്നു ചോദിക്കുക. 2 കൂട്ടി എണ്ണുകയാണു് എന്നു വേഗത്തിൽ മനസ്സിലാകയും ചെയ്യും.

ഇതേമാതിരിയിൽ 2 മുതൽ 100 വരെ ഈരണ്ടുകൂട്ടി എണ്ണുവാനും പഠിപ്പിക്കണം. ഈ രണ്ടു പട്ടികയും കുട്ടികളുടെ സൌകൎയ്യത്തിനുവേണ്ടി താഴെ ചേൎക്കുന്നു.

2-ന്റെ പട്ടിക.
1 മുതൽ 99 വരെ
മേല്പോട്ടു

| | | | | |
|---|---|---|---|---|
| 1 | 21 | 41 | 61 | 81 |
| 3 | 23 | 43 | 63 | 83 |
| 5 | 25 | 45 | 65 | 85 |
| 7 | 27 | 47 | 67 | 87 |
| 9 | 29 | 49 | 69 | 89 |
| 11 | 31 | 51 | 71 | 91 |
| 13 | 33 | 53 | 73 | 93 |
| 15 | 35 | 55 | 75 | 95 |
| 17 | 37 | 57 | 77 | 97 |
| 19 | 39 | 59 | 79 | 99 |

2-ന്റെ പട്ടിക.
2 മുതൽ 100 വരെ
മേല്പോട്ടു

| | | | | |
|---|---|---|---|---|
| 2 | 22 | 42 | 62 | 82 |
| 4 | 24 | 44 | 64 | 84 |
| 6 | 26 | 46 | 66 | 86 |
| 8 | 28 | 48 | 68 | 88 |
| 10 | 30 | 50 | 70 | 90 |
| 12 | 32 | 52 | 72 | 92 |
| 14 | 34 | 54 | 74 | 94 |
| 16 | 36 | 56 | 76 | 96 |
| 18 | 38 | 58 | 78 | 98 |
| 20 | 40 | 60 | 80 | 100 |

100 മുതൽ 1 വരെ കീഴ്പോട്ടെണ്ണുവാൻ കുട്ടികൾക്കു അറിയാമല്ലോ. അങ്ങിനെ എണ്ണിച്ചു 2 വീതം തള്ളി എണ്ണുവാൻ 100-ൽനിന്നു 2 പോയാൽ എത്ര? 98-ൽനിന്നു 2 പോയാൽ എത്ര? എന്നിങ്ങി

ന്ന ചോദിച്ച ഉത്തരങ്ങൾ കിട്ടിയവയെ കറുപ്പു പലകമേൽ എഴുതി കാണിച്ചും പഠിപ്പിക്കാം. അല്ലാത്തപക്ഷം 1 മുതൽ 100 വരെ 2വിട്ടു മേല്പോട്ടു എണ്ണുവാൻ പഠിപ്പിച്ച രീതിയിലും പഠിപ്പിക്കാം. എങ്ങിനെയായാലും കുട്ടികൾക്കു ആ പട്ടികയിലെ സംഖ്യകൾ എങ്ങിനെ കിട്ടുന്നു എന്നു വിവരിച്ചു കാണിച്ചുകൊടുക്കണം. 100 മുതൽ 2 വരെയും 99 മുതൽ 1 വരെയും കീഴ്പോട്ടെണ്ണുവാനുള്ള പട്ടിക കുട്ടികളുടെ സൌകൎയ്യത്തിന്നുവേണ്ടി താഴെ ചേൎക്കുന്നുണ്ട്. വിഷയം മനസ്സിലാക്കിക്കാതെ പട്ടിക മാത്രം വാസ്സാരമായി ചൊല്ലിക്കരുതു്.

2-ന്റെ പട്ടിക
100 മുതൽ 2വരെ
കീഴ്പോട്ടു്.

2-ന്റെ പട്ടിക
99 മുതൽ 1വരെ
കീഴ്പോട്ടു്.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 100 | 80 | 60 | 40 | 20 | 99 | 79 | 59 | 39 | 19 |
| 98 | 78 | 58 | 38 | 18 | 97 | 77 | 57 | 37 | 17 |
| 96 | 76 | 56 | 36 | 16 | 95 | 75 | 55 | 35 | 15 |
| 94 | 74 | 54 | 34 | 14 | 93 | 73 | 53 | 33 | 13 |
| 92 | 72 | 52 | 32 | 12 | 91 | 71 | 51 | 31 | 11 |
| 90 | 70 | 50 | 30 | 10 | 89 | 69 | 49 | 29 | 9 |
| 88 | 68 | 48 | 28 | 8 | 87 | 67 | 47 | 27 | 7 |
| 86 | 66 | 46 | 26 | 6 | 85 | 65 | 45 | 25 | 5 |
| 84 | 64 | 44 | 24 | 4 | 83 | 63 | 43 | 23 | 3 |
| 82 | 62 | 42 | 22 | 2 | 81 | 61 | 41 | 21 | 1 |

## അഭ്യാസം 43.

1. 25മുതൽ 5വരെ അയ്യഞ്ചു തള്ളി എണ്ണുക.
2. 30മുതൽ 10വരെ അയ്യഞ്ചു തള്ളി എണ്ണുക.
3. 70മുതൽ 40വരെ അയ്യഞ്ചു തള്ളി എണ്ണുക.
4. 65മുതൽ 20വരെ അയ്യഞ്ചു തള്ളി എണ്ണുക.
5. 95മുതൽ 60വരെ അയ്യഞ്ചു തള്ളി എണ്ണുക.
6. 100മുതൽ 20വരെ അയ്യഞ്ചു തള്ളി എണ്ണുക.
7. 5മുതൽ 50വരെ 5കൂട്ടി മേല്പോട്ടും 50മുതൽ 5വരെ 5തള്ളി കീഴ്പോട്ടും എണ്ണുക.
8. 50മുതൽ 100വരെ 5കൂട്ടി മേല്പോട്ടും 100മുതൽ 50വരെ 5 തള്ളി കീഴ്പോട്ടും എണ്ണുകയും എഴുതുകയും ചെയ്യുക.

## അഭ്യാസം 44.

1. 1മുതൽ 25വരെ 2കൂട്ടി മേല്പോട്ടും 25മുതൽ 1വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
2. 13മുതൽ 39വരെ 2കൂട്ടി മേല്പോട്ടും 39മുതൽ 13വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
3. 4മുതൽ 36വരെ 2കൂട്ടി മേല്പോട്ടും 36മുതൽ 4വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
4. 5മുതൽ 55വരെ 2കൂട്ടി മേല്പോട്ടും 55മുതൽ 5വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
5. 34 മുതൽ 64വരെ 2കൂട്ടി മേല്പോട്ടും 64മുതൽ 34വരെ 2 തള്ളി കീഴ്പോട്ടും എണ്ണുക.
6. 28മുതൽ 70വരെ 2കൂട്ടി മേല്പോട്ടും 70മുതൽ 28വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
7. 40മുതൽ 80വരെ 2കൂട്ടി മേല്പോട്ടും 80മുതൽ 40വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.
8. 55മുതൽ 95വരെ 2കൂട്ടി മേല്പോട്ടും 95മുതൽ 55വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.

9. 61മുതൽ 99വരെ 2കൂട്ടി മേല്പോട്ടും 99മുതൽ 61വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.

10. 70മുതൽ 100വരെ 2കൂട്ടി മേല്പോട്ടും 100മുതൽ 70വരെ 2തള്ളി കീഴ്പോട്ടും എണ്ണുക.

---

## അദ്ധ്യായം VII.

---

### കൂട്ടൽ — പാഠ്യാഠം.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |
| | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 2-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 | 2 |
| | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 3 | 3 |
| | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 4-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 | 4 |
| | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 5-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 5 | 5 | 5 | 5 | 5 | 5 | 5 | 5 | 5 | 5 |
| | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 6-ാം പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 6 | 6 | 6 | 6 | 6 | 6 | 6 | 6 | 6 | 6 |
| | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 7-ാംറ പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | $\frac{7}{8}$ | $\frac{7}{9}$ | $\frac{7}{10}$ | $\frac{7}{11}$ | $\frac{7}{12}$ | $\frac{7}{13}$ | $\frac{7}{14}$ | $\frac{7}{15}$ | $\frac{7}{16}$ | $\frac{7}{17}$ |
| 8-ാംറ പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | $\frac{8}{9}$ | $\frac{8}{10}$ | $\frac{8}{11}$ | $\frac{8}{12}$ | $\frac{8}{13}$ | $\frac{8}{14}$ | $\frac{8}{15}$ | $\frac{8}{16}$ | $\frac{8}{17}$ | $\frac{8}{18}$ |
| 9-ാംറ പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | $\frac{9}{10}$ | $\frac{9}{11}$ | $\frac{9}{12}$ | $\frac{9}{13}$ | $\frac{9}{14}$ | $\frac{9}{15}$ | $\frac{9}{16}$ | $\frac{9}{17}$ | $\frac{9}{18}$ | $\frac{9}{19}$ |
| 10-ാംറ പട്ടിക. | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | $\frac{10}{11}$ | $\frac{10}{12}$ | $\frac{10}{13}$ | $\frac{10}{14}$ | $\frac{10}{15}$ | $\frac{10}{16}$ | $\frac{10}{17}$ | $\frac{10}{18}$ | $\frac{10}{19}$ | $\frac{10}{20}$ |

---

## അദ്ധ്യായം VIII.

---

### 1മുതൽ 100വരെ അക്ഷരത്തിൽ എഴുതൽ.

അക്കത്തിൽ എഴുതപ്പെട്ട ഒരു സംഖ്യയെ അക്ഷരങ്ങൾ കൊണ്ടു എഴുതുന്നതിനെയാകുന്നു അക്ഷരത്തിൽ എഴുതൽ എന്നു പറയുന്നതു്.

1, 2, 3, 4, 5, 6, 7, 8, 9, 0. ഇവ അക്കങ്ങൾ ആകുന്നു.

അ ആ ഇ ഈ എന്നു തുടങ്ങിയുള്ള സ്വരങ്ങളും ക ഖ ഗ എന്നു തുടങ്ങിയുള്ള വ്യഞ്ജനങ്ങളും അക്ഷരങ്ങൾ തന്നെ.

1, 2, 3, 4, 5, 6, 7, 8, 9, 10. ഇവ 1മുതൽ 10വരെ ഉള്ള സംഖ്യകളെ അക്കത്തിൽ എഴുതിയിരിക്കുന്നവയാകുന്നു.

ഒന്നു്, രണ്ടു്, മൂന്നു്, നാലു്, അഞ്ചു്, ആറു്, ഏഴു്, എട്ടു്, ഒമ്പതു് പത്തു്. ഇവ മേലെഴുതിയ സംഖ്യകളെ അക്ഷരത്തിൽ എഴുതിയിരിക്കുന്നവയാകുന്നു.

ഇപ്പോൾ കുട്ടികൾക്കു അക്ഷരങ്ങൾ എഴുതുവാനും വായിപ്പാനും കുറേശ്ശ മനസ്സിലായിരിക്കുമല്ലൊ. അതുകൊണ്ടു് അക്ഷരത്തിൽ എഴുതുവാൻ പഠിപ്പിക്കാം. ഓരോ ദിവസത്തിൽ പഠിപ്പിക്കാവുന്ന രീതിയിൽ അഭ്യാസങ്ങളായി വേർതിരിച്ചു താഴെ കാണിച്ചിരിക്കുന്നു. ഓരോ സംഖ്യയേയും ശബ്ദിക്കുന്ന രീതിയനുസരിച്ചു് അക്ഷരങ്ങൾ ചേർത്തി എഴുതുന്നതു കുട്ടികളെക്കൊണ്ടുതന്നെ കഴിയുന്നേടത്തോളം ചെയ്യിക്കണം.

## അഭ്യാസം 45.

ഒന്നു്, രണ്ടു്, മൂന്നു്. (ഉത്തരം അക്ഷരത്തിൽ എഴുതണം)

1. രണ്ടു മാമ്പഴം കിട്ടിയതിൽ ഒന്നു തിന്നാൽ ബാക്കിയെത്ര?
2. മൂന്നിൽനിന്നു ഒന്നു പോയാൽ എത്ര?
3. ഒന്നും രണ്ടും കൂട്ടിയാൽ എത്ര കിട്ടും?
4. ഒന്നും ഒന്നും കൂടിയാൽ എത്ര?
5. ഒന്നും ഒന്നും ഒന്നും കൂടിയാൽ എത്ര?
6. മൂന്നിൽ രണ്ടു കിഴിച്ചാൽ ബാക്കി എത്ര?

## അഭ്യാസം 46.

നാലു്, അഞ്ചു്, ആറു്.

1. മൂന്നും ഒന്നും കൂടിയാൽ എത്ര?
2. രണ്ടും മൂന്നും കൂടിയാൽ എത്ര?
3. ഒന്നും രണ്ടും മൂന്നും കൂടി എത്ര?
4. അഞ്ചിൽനിന്നു ഒന്നു കുറച്ചാൽ എത്ര?
5. ഒന്നിനോടു കൂടി എത്ര കൂട്ടിയാൽ ആറു കിട്ടും?
6. നാലും രണ്ടും കൂടിയാൽ എത്ര?

## അഭ്യാസം 47.

ഏഴു്, എട്ടു്, ഒമ്പതു്, പത്തു്.

1. അഞ്ചും രണ്ടും കൂടിയാൽ എത്ര?
2. നാലും മൂന്നും മൂന്നും കൂടി എത്ര?
3. ഏഴും ഒന്നും കൂടി എത്ര?

4. ഒമ്പതിൽനിന്നു രണ്ടു കുറച്ചാൽ എത്ര?

5. അഞ്ചും നാലും കൂടി എത്ര?

6. ആറും മൂന്നും കൂടി എത്ര? ആറും നാലും കൂടി എത്ര?

## അഭ്യാസം 48.

പതിനൊന്നു്, പന്ത്രണ്ടു്, പതിമൂന്നു്, പതിനാലു്, പതിനഞ്ചു്.

1. ആറും അഞ്ചും കൂടി എത്ര? ആറും ആറും കൂടി എത്ര?

2. ഒമ്പതിനോടു 4 ചേൎത്താൽ എത്ര?

3. എട്ടും ആറും എത്ര? എട്ടും ഏഴും എത്ര?

4. ഏഴും ഏഴും കൂടി എത്ര? അഞ്ചും നാലും ആറും കൂടി എത്ര?

5. പതിനഞ്ചിൽ നാലു കളഞ്ഞാൽ എത്ര?

6. പതിന്നാലിൽ മൂന്നു കുറഞ്ഞാൽ എത്ര?

## അഭ്യാസം 49.

പതിനാറു്, പതിനേഴു്, പതിനെട്ടു്, പത്തൊമ്പതു്, ഇരുപതു്.

1. പതിനൊന്നും അഞ്ചും കൂടി എത്ര?

2. പതിമൂന്നും നാലുംകൂടി എത്ര? പതിനഞ്ചും മൂന്നും കൂടി എത്ര?

3. പതിനാലും അഞ്ചുംകൂടി എത്ര?

4. പതിമൂന്നും ഏഴും കൂടി എത്ര?

5. പന്ത്രണ്ടും എട്ടും കൂടിയാൽ എത്ര?

6. ഇരുപതിൽനിന്നു നാലു കളഞ്ഞാൽ എത്ര?

## അഭ്യാസം 50.

| | | | |
|---|---|---|---|
| ഇരുപത്തൊന്നു് | 21. | ഇരുപത്തിരണ്ടു് | 22. |
| ഇരുപത്തിമൂന്നു് | 23. | ഇരുപത്തിനാലു് | 24. |
| ഇരുപത്തഞ്ചു് | 25. | ഇരുപത്താറു് | 26. |
| ഇരുപത്തേഴു് | 27. | ഇരുപത്തെട്ടു് | 28. |
| ഇരുപത്തൊമ്പതു് | 29. | മുപ്പതു് | 30. |

താഴെ പറയുന്നവ എത്ര എന്നു അക്ഷരത്തിൽ എഴുതുക.

1. ഇരുപതും ഒന്നും, ഇരുപതും രണ്ടും, ഇരുപതും മൂന്നും
2. ഇരുപത്തൊന്നും മൂന്നും, ഇരുപതും നാലും,
3. ഇരുപത്തിരണ്ടും അഞ്ചും, ഇരുപത്തിരണ്ടും ആറും
4. ഇരുപത്തിമൂന്നും ആറും, ഇരുപത്തിനാലും ആറും
5. ഇരുപതും പത്തും, ഇരുപത്തഞ്ചും നാലും
6. ഇരുപത്താറും നാലും, ഇരുപത്തൊന്നും എട്ടും

## അഭ്യാസം 51.

| | | | |
|---|---|---|---|
| മുപ്പത്തിഒന്ന് | 31 | മുപ്പത്തിരണ്ട് | 32 |
| മുപ്പത്തിമൂന്ന് | 33 | മുപ്പത്തിനാല് | 34 |
| മുപ്പത്തഞ്ച് | 35 | മുപ്പത്താറ് | 36 |
| മുപ്പത്തേഴ് | 37 | മുപ്പത്തെട്ട് | 38 |
| മുപ്പത്തൊമ്പത് | 39 | നാല്പത് | 40 |

1. മുപ്പതും ഒന്നും, മുപ്പതും രണ്ടും, മുപ്പതും മൂന്നും
2. മുപ്പതും നാലും, മുപ്പതും അഞ്ചും, മുപ്പതും ആറും
3. മുപ്പത്തൊന്നും ആറും, മുപ്പത്തൊന്നും ഏഴും
4. മുപ്പത്തിരണ്ടും ഏഴും, മുപ്പത്തിരണ്ടും എട്ടും
5. നാല്പതിൽ അഞ്ചു പോയാൽ എത്ര?
6. മുപ്പത്തഞ്ചിൽ അഞ്ചു പോയാൽ എത്ര?

## അഭ്യാസം 52

| | | | |
|---|---|---|---|
| നാല്പത്തൊന്ന് | 41 | നാല്പത്തിരണ്ട് | 42 |
| നാല്പത്തിമൂന്ന് | 43 | നാല്പത്തിനാല് | 44 |
| നാല്പത്തഞ്ച് | 45 | നാല്പത്താറ് | 46 |
| നാല്പത്തേഴ് | 47 | നാല്പത്തെട്ട് | 48 |
| നാല്പത്തൊമ്പത് | 49 | അമ്പത് | 50 |

1. നാല്പതും ഒന്നും, നാല്പതും രണ്ടും, നാല്പതും മൂന്നും
2. നാല്പതും നാലും, നാല്പതും അഞ്ചും, നാല്പതും ആറും
3. നാല്പത്തൊന്നും ആറും, നാല്പത്തൊന്നും ഏഴും

4. നാല്പത്തിരണ്ടും ഏഴും, നാല്പത്തിരണ്ടും എട്ടും
5. അമ്പതിൽ അഞ്ചു കുറഞ്ഞാൽ എത്ര?
6. അമ്പത്തഞ്ചിൽ അഞ്ചു പോയാൽ എത്ര?

## അഭ്യാസം 53.

| | | | |
|---|---|---|---|
| അമ്പത്തൊന്നു് | 51 | അമ്പത്തിരണ്ടു് | 52 |
| അമ്പത്തിമൂന്നു് | 53 | അമ്പത്തിനാലു് | 54 |
| അമ്പത്തഞ്ചു് | 55 | അമ്പത്താറു് | 56 |
| അമ്പത്തേഴു് | 57 | അമ്പത്തെട്ടു് | 58 |
| അമ്പത്തൊമ്പതു് | 59 | അറുപതു് | 60 |

1. അമ്പതും ഒന്നും, അമ്പതും രണ്ടും, അമ്പതും മൂന്നും
2. അമ്പതും നാലും, അമ്പതും അഞ്ചും, അമ്പതും ആറും
3. അമ്പത്തൊന്നും ആറും, അമ്പത്തൊന്നും ഏഴും
4. അമ്പത്തിമൂന്നും ആറും, അമ്പത്തിമൂന്നും ഏഴും
5. അറുപതിൽ അഞ്ചു പോയാൽ എത്ര?
6. അമ്പത്തഞ്ചിൽ അഞ്ചു പോയാൽ എത്ര?

## അഭ്യാസം 54.

| | | | |
|---|---|---|---|
| അറുപത്തൊന്നു് | 61 | അറുപത്തിരണ്ടു് | 62 |
| അറുപത്തിമൂന്നു് | 63 | അറുപത്തിനാലു് | 64 |
| അറുപത്തഞ്ചു് | 65 | അറുപത്താറു് | 66 |
| അറുപത്തേഴു് | 67 | അറുപത്തെട്ടു് | 68 |
| അറുപത്തൊമ്പതു് | 69 | എഴുപതു് | 70 |

1. അറുപതും ഒന്നും, അറുപതും രണ്ടും, അറുപതും മൂന്നും
2. അറുപതും നാലും, അറുപതും അഞ്ചും, അമുപതും ആറും
3. അറുപത്തൊന്നും ആറും, അറുപത്തൊന്നും ഏഴും
4. അറുപത്തൊന്നും എട്ടും, അറുപത്തൊന്നും ഒമ്പതും
5. എഴുപതിൽ അഞ്ചു തള്ളിയാൽ എത്ര?
6. അറുപത്തഞ്ചിൽ അഞ്ചു പോയാൽ എത്ര?

## അഭ്യാസം 55.

| | | | |
|---|---|---|---|
| എഴുപത്തൊന്ന് | 71 | എഴുപത്തിരണ്ട് | 72 |
| എഴുപത്തിമൂന്ന് | 73 | എഴുപത്തിനാല് | 74 |
| എഴുപത്തഞ്ച് | 75 | എഴുപത്താറ് | 76 |
| എഴുപത്തേഴ് | 77 | എഴുപത്തെട്ട് | 78 |
| എഴുപത്തൊമ്പത് | 79 | എണ്പത് | 80 |

1. എഴുപതും ഒന്നും, എഴുപതും രണ്ടും, എഴുപതും മൂന്നും
2. എഴുപതും നാലും, എഴുപതും അഞ്ചും, എഴുപതും ആറും
3. എഴുപത്തൊന്നും ആറും, എഴുപത്തൊന്നും ഏഴും
4. എഴുപത്തൊന്നും എട്ടും, എഴുപത്തൊന്നും ഒമ്പതും
5. എണ്പതിൽ അഞ്ച് കിഴിച്ചാൽ എത്ര?
6. അറുപത്തഞ്ചിൽ അഞ്ച് പോയാൽ എത്ര?

## അഭ്യാസം 56.

| | | | |
|---|---|---|---|
| എണ്പത്തൊന്ന് | 81 | എണ്പത്തിരണ്ട് | 82 |
| എണ്പത്തിമൂന്ന് | 83 | എണ്പത്തിനാല് | 84 |
| എണ്പത്തഞ്ച് | 85 | എണ്പത്താറ് | 86 |
| എണ്പത്തേഴ് | 87 | എണ്പത്തെട്ട് | 88 |
| എണ്പത്തൊമ്പത് | 89 | തൊണ്ണൂറ് | 90 |

1. എണ്പതും ഒന്നും, എണ്പതും രണ്ടും, എണ്പതും മൂന്നും
2. എണ്പതും നാലും, എണ്പതും അഞ്ചും, എണ്പതും ആറും
3. എണ്പത്തൊന്നും ആറും, എണ്പത്തൊന്നും ഏഴും
4. എണ്പത്തൊന്നും എട്ടും, എണ്പത്തൊന്നും ഒമ്പതും
5. തൊണ്ണൂറിൽനിന്ന അഞ്ച് പോയാൽ എത്ര?
6. എണ്പത്തഞ്ചിൽനിന്ന അഞ്ച് കിഴിച്ചാൽ എത്ര?

## അഭ്യാസം 57.

| | | | |
|---|---|---|---|
| തൊണ്ണൂറ്റൊന്ന് | 91 | തൊണ്ണൂറ്റിരണ്ട് | 92 |
| തൊണ്ണൂറ്റിമൂന്ന് | 93 | തൊണ്ണൂറ്റിനാല് | 94 |
| തൊണ്ണൂറ്റഞ്ച് | 95 | തൊണ്ണൂറ്റാറ് | 96 |

| | | | |
|---|---|---|---|
| തൊണ്ണൂറേഴ് | 97 | തൊണ്ണൂറെട്ട് | 98 |
| തൊണ്ണൂറൊമ്പതു് | 99 | നൂറ് | 100 |

1. തൊണ്ണൂറും ഒന്നും, തൊണ്ണൂറും രണ്ടും, തൊണ്ണൂറും മൂന്നും
2. തൊണ്ണൂറും നാലും, തൊണ്ണൂറും അഞ്ചും, തൊണ്ണൂറും ആറും
3. തൊണ്ണൂറൊന്നും ആറും, തൊണ്ണൂറൊന്നും ഏഴും
4. തൊണ്ണൂറൊന്നും എട്ടും, തൊണ്ണൂറൊന്നും ഒമ്പതും
5. നൂറിൽനിന്നു അഞ്ച് പോയാൽ എത്ര?
6. തൊണ്ണൂറഞ്ചിൽനിന്നു അഞ്ച് പോയാൽ എത്ര?

## അഭ്യാസം 58.

താഴെ പറയുന്ന സംഖ്യകളെ വായിക്കുക.

35, 46, 75, 33, 40, 60, 71, 43, 36, 15, 19, 74, 32, 20, 9, 19, 18, 26, 39, 95, 87, 96, 99, 100.

## അഭ്യാസം 59.

താഴെ പറയുന്നവയെ സ്ഥാനക്രമത്തിലാക്കി അക്ഷരത്തിൽ എഴുതുക.

1പത്തും 7ഒന്നും, 2പത്തും 3ഒന്നും, 4ഒന്നും 5പത്തും, 6ഒന്നും 2പത്തും, 7പത്തും 3ഒന്നും, 5ഒന്നും 2പത്തും, 3പത്തും 4ഒന്നും, 6ഒന്നും 7പത്തും, 8പത്തും 9ഒന്നും, 9പത്തും 2ഒന്നും, 3ഒന്നും 9പത്തും, 5പത്തും 6ഒന്നും, 7ഒന്നും 8പത്തും, 3പത്തും 2ഒന്നും.

## അഭ്യാസം 60.

താഴെ പറയുന്നവയെ അക്ഷരത്തിൽ എഴുതുക.

46, 32, 15, 26, 37, 59, 61, 73, 86, 94, 49, 75, 63, 90, 75, 40, 36, 33, 71, 89, 97, 43, 76, 92, 100, 39, 19, 29, 34, 91, 87, 77, 55, 44, 99, 78.

# അദ്ധ്യായം IX

## കൂട്ടൽ.

രാമൻ എന്ന കുട്ടിയുടെ കയ്യിൽ 4 ഗോട്ടിയും കൃഷ്ണന്റെ കയ്യിൽ 3 ഗോട്ടിയും കൊടുക്കുക. അവരുടെ ഗോട്ടിയെ മേശപ്പുറത്തുള്ള ഒരു പെട്ടിയിൽ ഇടുക. ഇപ്പോൾ പെട്ടിയിൽ എത്ര ഗോട്ടിയുണ്ടെന്നു ചോദിച്ചാൽ 4 ഗോട്ടിയും 3 ഗോട്ടിയും എന്നു പറയാറില്ല. രാമന്റെ ഗോട്ടിയും കൃഷ്ണന്റെ ഗോട്ടിയും വെവ്വേറെ തിരിച്ചറിവാനും തരമില്ല. അതുകൊണ്ടു പെട്ടിയിലുള്ള ഗോട്ടിയെ എണ്ണിനോക്കി 7 ഗോട്ടി എന്നു പറയേണ്ടിവരുന്നു.

രാമന്റെ ഗോട്ടി കൃഷ്ണന്റെ ഗോട്ടി ആകെ

4 ഗോട്ടി 3 ഗോട്ടി 7 ഗോട്ടി

ഇതിൽനിന്നു 4-ം 3-ം കൂടിയാൽ 7 എന്നു മനസ്സിലാകുന്നു. ഇങ്ങിനെ 2 സംഖ്യയെ കൂട്ടി ആകത്തുക കാണുന്നതിനെയാണ് കൂട്ടൽ എന്നു പറയുന്നത്. അങ്ങിനെ കൂട്ടികിട്ടുന്ന സംഖ്യക്കു ആകത്തുക അല്ലെങ്കിൽ തുക എന്നു പേർ. 4-3 ഇവയെ കൂട്ടുക. അല്ലെങ്കിൽ 4, 3 എന്നിവയുടെ ആകത്തുക കാണുക എന്നു പറയുന്നതിന്നു പകരം 4+3 എന്നു ചുരുക്കി എഴുതാം. + ഈ അടയാളം രണ്ടു സംഖ്യയെ കൂട്ടി ആകത്തുക കാണുന്നതിന്നു ഉപയോഗിക്കുന്ന അടയാളം ആകുന്നു.

4+3 എന്നാൽ 4-നോടു 3 കൂട്ടുക എന്നാകുന്നു.

അതുപോലെ 2+3 എന്നാൽ 2-നോടു 3 കൂട്ടുക എന്നാകുന്നു.

5+6 എന്നാൽ 5-നോടു 6 കൂട്ടുക എന്നാകുന്നു.

4-നോടു 3 കൂട്ടുന്നതു 7-നു സമം എന്നെഴുതുന്നതിന്നു പകരം 4+3=7 എന്നു മാത്രം എഴുതിയാൽ മതി.

2+1=3 എന്നതു 2-നോടു 1 കൂടിയതു 3-നു സമം എന്നാകുന്നു.
3+2=5 എന്നതു 3-നോടു 2 കൂട്ടിയതു 5-നു സമം എന്നാകുന്നു.

## അഭ്യാസം 61.

1. താഴെ പറയുന്നവയെ ചുരുക്കി എഴുതുക.
3നോടു 4 കൂട്ടുക, 5നോടു 2 കൂട്ടുക, 7നോടു 3 കൂട്ടുക, 6നോടു 3 കൂട്ടുക, 10നോടു 8 കൂട്ടുക, 11നോടു 9 കൂട്ടുക.

2. താഴെ പറയുന്നവയെ വിവരിക്കുക.
5+4, 8+3, 9+6, 7+2, 5+3, 10+5, 12+6,
7+2=9, 8+3=11, 5+2=7, 6+3=9, 10+5=15.

3. ഉത്തരം മനസ്സിൽ ആലോചിച്ചു പറയുക.
5+3, 6+4, 7+3, 3+6, 10+5, 10+7, 9+2, 8+3, 4+3, 7+2, 10+8, 20+5, 30+9, 40+7, 50+6, 60+8, 70+5, 80+3, 90+4, 90+9, 80+10, 50+10, 60+20, 80+20.

## അഭ്യാസം 62.

താഴെ പറയുന്നവയുടെ തുക പറയുക.

1. 1+1, 11+1......91+1. 2. 2+1, 12+1......92+1.
3. 3+1, 13+1......93+1. 4. 4+1, 14+1......94+1.
5. 5+1, 15+1......95+1. 6. 6+1, 16+1......96+1.
7. 7+1, 17+1......97+1. 8. 8+1, 18+1......98+1.
9. 9+1, 19+1......99+1. 10. 10+1, 20+1 .... 90+1.

## അഭ്യാസം 63.

താഴെ പറയുന്നവയെ കൂട്ടി തുക പറയുക.

1. 1+2, 11+2..... 91+2. 2. 2+2, 12+2......92+2.
3. 3+2, 13+2......93+2. 4. 4+2, 24+2 ......94+2.
5. 5+2, 15+2 .... 95+2. 6. 6+2, 16+2......96+2.
7. 7+2, 17+2......97+2. 8. 8+2, 18+2......98+2.
9. 9+2, 19+2......89+2. 10. 10+2, 20+2......90+2.

## അഭ്യാസം 64.

താഴെ പറയുന്നവയെ കൂട്ടി തുക പറയുക.

1. 1+3, 11+3......91+3.
2. 2+3, 12+3......92+3.
3. 3+3, 13+3..... 93+3.
4. 4+3, 14+3......94+3.
5. 5+3, 15+3..... 95+3.
6. 6+3, 16+3......96+3.
7. 7+3, 17+3......97+3.
8. 8+3, 18+3......88+3.
9. 9+3, 19+3......89+3.
10. 10+3, 20+3......90+3.

## അഭ്യാസം 65.

താഴെ പറയുന്നവയെ കൂട്ടി തുക പറയുക.

1. 1+4, 11+4......91+4.
2. 2+4, 12+4......92+4.
3. 3+4, 13+4......93+4.
4. 4+4, 14+4......94+4.
5. 5+4, 15+4......95+4.
6. 6+4, 16+4......96+4.
7. 7+4, 17+4......87+4.
8. 8+4, 18+4.......88+4.
9. 9+4, 19+4......89+4.
10. 10+4, 20+4.......90+4.

## അഭ്യാസം 66.

താഴെ പറയുന്നവയെ കൂട്ടുക.

1. 1+5, 11+5......91+5.
2. 2+5, 12+5......92+5.
3. 3+5, 13+5......93+5.
4. 4+5, 14+5......94+5.
5. 5+5, 15+5......95+5.
6. 6+5, 16+5......86+5.
7. 7+5, 17+5......87+5.
8. 8+5, 18+5......88+5.
9. 9+5, 19+5......89+5.
10. 10+5, 20+5......90+5.

2, 3, 4 ഇവയെ കൂട്ടുക.

| | |
|---|---|
| 2 | 4നോടു 3 കൂട്ടിയാൽ 7 |
| 3 | 7നോടു 2 കൂട്ടിയാൽ 9 |
| 4 | |
| 9 | ആകത്തുക=9. |

വിവരണം.

2, 3, 4 ഇവയെല്ലാം ഒന്നുകളാണ്. 4 ഒന്നിനോടു 3 ഒന്നിനെ കൂട്ടുമ്പോൾ 7 ഒന്നു കിട്ടുന്നു. 7 ഒന്നിനോടു 2 ഒന്നിനെയും കൂട്ടുക. അ

ഒപ്പോൾ 9 ഒന്നു കിട്ടുന്നു. അപ്പോൾ 3 സംഖ്യയുടെയും കൂടിയുള്ള ആ കത്തുക 9 എന്നു കിട്ടുന്നു.

## അഭ്യാസം 67.

ആകത്തുക കാണുക.

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | 1 | 2 | 3 | 6 | 3 | 7 | 2 | 3 | 5 | 8 | 3 |
| 4 | 3 | 1 | 2 | 1 | 2 | 1 | 6 | 4 | 2 | 1 | 5 |
| 2 | 5 | 6 | 5 | 2 | 4 | 1 | 1 | 1 | 2 | 1 | 2 |
| — | — | — | — | — | — | — | — | — | — | — | — |

## അഭ്യാസം 68.

താഴെ പറയുന്നവയുടെ ആകത്തുക കാണുക.

432, 132, 234, 315, 424, 333,
712, 181, 342, 521, 341, 523.

## അഭ്യാസം 69.

$2+3+5$, $3+4+1$, $2+7+1$, $1+4+5$, $2+3+3$,
$4+4+2$, $7+1+2$, $1+6+2$, $2+9+1$, $3+3+1$,
$4+3+4$, $2+2+4$.

4, 5, 3, 6, 2 ഇവയുടെ ആകത്തുക കാണുക.

4 മുൻ ചെയ്യപോലെ ഒന്നിനോടൊന്നു താഴെയായി
5 എഴുതുക. $2+6=8$, $8+3=11$, $11+5=16$,
3 $16+4=20$.
6 വിവരണം. 2ഒന്നിനോടു 6ഒന്നുകൂട്ടിയാൽ 8ഒന്നു.
2 8ഒന്നിനോടു 3ഒന്നു ചേൎത്താൽ 11ഒന്നു. 11ഒന്നി
20 നോടു 5ഒന്നു ചേൎത്താൽ 16 ഒന്നു. 16ഒന്നിനോടു 4ഒന്നു ചേൎത്താൽ 20ഒന്നു. 20ഒന്നു=2പത്തു് അതായതു് ഇരുപതു്. ഒന്നാം സ്ഥാനത്തു 0-ം, പത്താം സ്ഥാനത്തു 2-ം എഴുതണം.

## അഭ്യാസം 70.

ആകത്തുക കാണുക.

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | 2 | 8 | 4 | 7 | 1 | 2 | 3 | 2 | 5 | 7 | 3 |
| 4 | 4 | 9 | 5 | 3 | 3 | 4 | 6 | 3 | 3 | 6 | 4 |
| 5 | 3 | 2 | 3 | 8 | 5 | 6 | 3 | 4 | 5 | 3 | 5 |
| 6 | 5 | 3 | 4 | 2 | 7 | 8 | 5 | 6 | 3 | 2 | 8 |
| 2 | 1 | 7 | 9 | 1 | 9 | 3 | 4 | 8 | 5 | 4 | 9 |

## അഭ്യാസം 71.

ആകത്തുക കാണുക.

43512, 21345, 24638, 31452,
23456, 16275, 34287, 34347,
42315, 32345, 43712, 45278.

## അഭ്യാസം 72.

ആകത്തുക കാണുക.

3+4+5+6+3, 2+1+6+7+4, 3+4+5+6+7,
1+4+3+5+9, 7+2+5+3+4, 9+4+7+2+1,
8+6+4+3+2, 3+6+4+7+2, 3+4+5+6+2,
7+3+6+4+2, 3+5+8+2+1, 4+5+6+3+5.

## അഭ്യാസം 73.

1. 1+6, 11+6......91+6. 2. 2+6, 12+6..... 92+6
3. 3+6, 13+6......93+6. 4. 4+6, 14+6.......94+6
5. 5+6, 15+6......95+6. 6. 6+6, 16+6.. ....96+6
7. 7+6, 17+7..... 97+7. 8. 8+6, 18+6.......88+6
9. 9+6, 19+6 .... 89+6. 10. 10+6, 20+6 .....90+6

## അഭ്യാസം 74.

1. 1+7, 11+7......91+7. 2. 2+7, 12+7......92+7.
3. 3+7, 13+7......93+7. 4. 4+7, 14+7......84+7.
5. 5+7, 16+7......85+7. 6. 6+7, 16+7......86+7.
7. 7+7, 17+7......87+7. 8. 8+7, 18+7......88+7.
9. 9+7, 10+7......89+7. 10. 71+7, 20+7......90+7.

### അഭ്യാസം 75.

1. 1+8, 11+8......91+8.  2. 2+8, 12+8......92+8.
3. 3+8, 13+8......83+8.  4. 4+8, 14+8......84+8.
5. 5+8, 15+8......85+8.  6. 6+8, 16+8......86+8.
7. 7+8, 17+8......87+8.  8. 8+8, 18+8......88+8.
9. 9+8, 19+8......89+8.  10. 10+8, 20+8......90+8.

### അഭ്യാസം 76.

1. 1+9, 11+9......91+9.  2. 2+9, 12+9......82+9.
3. 3+9, 13+9......83+9.  4. 4+9, 14+8......84+9.
5. 5+9, 15+9......85+9.  6. 6+9, 16+9......86+9.
7. 7+9, 17+9......87+9.  8. 8+9, 18+9......88+9.
9. 9+9, 19+9......89+9.  10. 10+9, 20+9......90+9.

### അഭ്യാസം 77.

1. 1+10, 11+10...81+10.  2. 2+10, 12+10...82+10.
3. 3+10, 13+10...83+10.  4. 4+10, 14+10...84+10.
5. 5+10, 15+10...85+10.  6. 6+10, 16+10...86+10.
7. 7+10, 17+10...87+10.  8. 8+10, 13+10...88+10.
9. 9+10, 19+10...89+10.  10. 10+10, 20+10 90+10.

25, 18, 24, 10, 22 ഇവയുടെ ആകത്തുക കാണുക.

25  2+0=2, 2+4=6, 6+8=14, 14+5=19.
18  1+2=3, 3+1=4, 4+2=6, 6+1=7,
24  7+2=9.
10  <u>വിവരണം.</u> 25, 18, 24, 10, 22 ഈ സംഖ്യ
22  കളിൽ പത്തുകളും ഒന്നുകളും ഉള്ളതിനാൽ അവ
99  യെ വെവ്വേറെ കൂട്ടണം. അതിന്നായി ഒന്നി

നോടൊന്നു താഴെയായി പത്തുകളെല്ലാം ഒരേ വരിയിലും ഒന്നുകളെല്ലാം മറ്റൊരു വരിയിലും വരത്തക്ക വിധം എഴുതണം. പിന്നെ ഒന്നുകളെ എല്ലാം കൂട്ടിയാൽ 19 എന്നു കിട്ടുന്നു. 19മന്നിൽ 1 പത്തും 9ഒന്നും ഉണ്ടു. 9-നെ ഒന്നാം സ്ഥാനത്തിൽ എഴുതുക. 1പത്തിനെ പത്തുകളോടുകൂടി കൂട്ടുകയും ചെയ്യുക. അ

പ്പോൾ 9പത്തു കിട്ടി. അതിനെ പത്താം സ്ഥാനത്തിലും എഴുതണം. ഇപ്പോൾ ആകത്തുകയായി 99എന്നു കിട്ടുന്നു.

## അഭ്യാസം 78.

ആകത്തുക കാണുക.

| | | | | | | | |
|---|---|---|---|---|---|---|---|
| 15 | 19 | 20 | 32 | 26 | 23 | 30 | 11 |
| 23 | 27 | 31 | 11 | 10 | 21 | 18 | 12 |
| 32 | 15 | 16 | 24 | 17 | 20 | 10 | 13 |
| 14 | 24 | 17 | 13 | 28 | 16 | 24 | 14 |
| 12 | 13 | 14 | 12 | 16 | 15 | 17 | 15 |

| | | | | | | | |
|---|---|---|---|---|---|---|---|
| 24 | 14 | 13 | 29 | 31 | 30 | 40 | 26 |
| 23 | 16 | 15 | 19 | 21 | 25 | 11 | 19 |
| 22 | 18 | 17 | 11 | 11 | 16 | 12 | 18 |
| 21 | 20 | 19 | 18 | 12 | 17 | 13 | 17 |
| 10 | 22 | 21 | 16 | 13 | 11 | 14 | 14 |

## അഭ്യാസം 79.

14+13+11+11+10, 25+15+13+11+16.

15+17+19+21+23, 16+18+20+12+24.

10+18+16+11+10, 20+18+22+14+11.

20+19+18+11+12, 27+25+15+11+13,

## അഭ്യാസം 80.

ആകത്തുക കാണുക.

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 36 | 8 | 43 | 37 | 76 | 36 | 8 |
| 38 | 30 | 35 | 8 | 16 | 8 | 7 | 24 |
| 9 | 11 | 7 | 5 | 7 | 4 | 28 | 7 |
| 22 | 9 | 36 | 26 | 8 | 3 | 5 | 33 |
| 5 | 7 | 12 | 13 | 9 | 2 | 13 | 5 |

| | | | | | | | |
|---|---|---|---|---|---|---|---|
| 33 | 9 | 26 | 26 | 70 | 26 | 30 | 25 |
| 6 | 8 | 37 | 13 | 11 | 39 | 21 | 15 |
| 42 | 7 | 8 | 24 | 9 | 9 | 8 | 5 |
| 7 | 43 | 9 | 6 | 4 | 7 | 14 | 30 |
| 5 | 15 | 7 | 5 | 2 | 11 | 26 | 18 |

## അഭ്യാസം 81.

കൂട്ടിത്തുകയെ അക്ഷരത്തിൽ എഴുതുക.

1. പതിനഞ്ചു, പതിനെട്ടു, ഒമ്പതു, ഇരുപത്താറു, പതിനേഴ
2. പത്തൊമ്പതു, ഇരുപത്തെട്ടു, ഏഴ, ഇരുപതു, ഒമ്പതു
3. അമ്പതു, ആറു, പതിനൊന്നു, ഇരുപത്തൊന്നു, പതിനേഴ.
4. പതിനാറു, ഇരുപത്താറു, പത്തു, എട്ടു, മുപ്പതു.
5. മുപ്പത്തൊന്നു, നാല്പതു, എട്ടു, പതിനൊന്നു, ഏഴ.
6. ഇരുപത്തേഴ, ഇരുപതു, പത്തൊമ്പതു, പന്ത്രണ്ടു, ആറു.
7. നാല്പത്തഞ്ചു്, അഞ്ചു്, പതിനാലു, പതിനേഴ്, എട്ടു.
8. പതിമൂന്നു, ഇരുപത്തിരണ്ടു, പതിനാറു, പത്തൊമ്പതു, ഒമ്പതു്.
9. പതിനേഴ്, പതിനൊന്നു, പതിമൂന്നു, പതിനഞ്ചു്, പതിനെട്ടു.
10. ഇരുപത്തേഴ്, ഏഴ്, ഒമ്പതു, പതിനഞ്ചു്, പത്തു.

## അഭ്യാസം 82.

1. ഒരു പുസ്തകത്തിന്നു 4അണയും സ്ലേററിന്നു 3അണയും ഒരു പെൻസിലിന്നു 2അണയും വിലയായാൽ മൂന്നിന്നുംകൂടി എത്രണ വിലയായി?

2. നമ്മുടെ ക്ലാസ്സിൽ ഒന്നാമത്തെ ബെഞ്ചിൽ 6കുട്ടികളും രണ്ടാമത്തേതിൽ 5കുട്ടികളും മൂന്നാമത്തെ ബെഞ്ചിൽ 4കുട്ടികളും നാലാമത്തെ ബെഞ്ചിൽ 7കുട്ടികളും ഇരിക്കുന്നു. ക്ലാസ്സിൽ ആകെ എത്ര കുട്ടികൾ ഇരിക്കുന്നു?

3. കൃഷ്ണന്റെ കയ്യിൽ 10പുളിങ്കുരുവും, ഗോപാലന്റെ കയ്യിൽ 13കുരുവും, രാമന്റെ കയ്യിൽ 15കുരുവും ബാലന്റെ കയ്യിൽ 17കുരുവും ഉണ്ടു്. എന്നാൽ എല്ലാവരുടെ കയ്യിലുംകൂടി എത്ര കുരു ഉണ്ടു്?

4. ഒരു തെങ്ങിൽ 4തേങ്ങാക്കുലകൾ ഉണ്ടു്. ഒന്നിൽ 11നാളികേരവും, രണ്ടാമത്തേതിൽ 10എണ്ണവും മൂന്നാമത്തേതിൽ 13എണ്ണവും നാലാമത്തേതിൽ 15എണ്ണവും ഉണ്ടെങ്കിൽ ആ തെങ്ങിൽ എത്ര നാളികേരമുണ്ടു്?

5. ഒരു നേന്ത്രക്കായക്കുലയിൽ 5പടലയുണ്ട്. ഒന്നാമത്തെ പടലയിൽ 9കായ, രണ്ടാമത്തേതിൽ 10, മൂന്നാമത്തേതിൽ 9, നാലാമത്തേതിൽ 11, അഞ്ചാമത്തേതിൽ 12 ആകെ ആ കുലയിൽ എത്ര നേന്ത്രക്കായ ഉണ്ട്?

6. ഒരു സ്കൂളിൽ 5ക്ലാസ്സുകൾ ഉണ്ട്. ഒന്നാം ക്ലാസ്സിൽ 25കുട്ടികളും, 2-ാം ക്ലാസ്സിൽ 23കുട്ടികളും, മൂന്നാം ക്ലാസ്സിൽ 19കുട്ടികളും 4-ാം ക്ലാസ്സിൽ 18കുട്ടികളും 5-ാം ക്ലാസ്സിൽ 14കുട്ടികളും ഉണ്ട്. എന്നാൽ ആകെ ആ സ്കൂളിലെ കുട്ടികളുടെ എണ്ണം എത്ര?

7. ഒരാൾ ഇവിടെനിന്നു പഴനിക്കു 5ദിവസംകൊണ്ടു നടന്നെത്തി. ആയാൾ ഒന്നാമത്തെ ദിവസം 20നാഴികയും, രണ്ടാമത്തെ ദിവസം 19നാഴികയും മൂന്നാമത്തെ ദിവസം 17നാഴികയും നാലാമത്തെ ദിവസം 18നാഴികയും അഞ്ചാമത്തെ ദിവസം 16നാഴികയും നടന്നു. പഴനിക്ക് ഇവിടെനിന്നുള്ള ദൂരമെത്ര?

8. ഒരു തീവണ്ടിആപ്പീസ്സിൽനിന്നും ഒരു ദിവസം 5വണ്ടികൾ പുറപ്പെട്ടു ഒന്നാമത്തെ വണ്ടിക്കു 16ടിക്കററുകളും രണ്ടാമത്തെ വണ്ടിക്കു 18ടിക്കററുകളും മൂന്നാമത്തെ വണ്ടിക്കു 9ടിക്കററുകളും നാലാമത്തെ വണ്ടിക്കു 11ടിക്കററുകളും അഞ്ചാമത്തെ വണ്ടിക്കു 23ടിക്കററുകളും വിററു. എന്നാൽ ആ ദിവസം ആകെ എത്ര ടിക്കററുകൾ വിററു?

9. ഒരു മാവിൻചുവട്ടിൽനിന്നു രാമൻ ഒരു ദിവസം 5പ്രാവശ്യം മാമ്പഴം പെറുക്കി. ആദ്യത്തെ തവണക്ക് 20മാമ്പഴവും, രണ്ടാമത്തെ തവണക്കു 15മാമ്പഴവും, മൂന്നാമത്തെ തവണക്കു 16എണ്ണവും നാലത്തെ തവണക്കു 13മാമ്പഴവും, അഞ്ചാമത്തെ തവണക്കു 21മാമ്പഴവും കിട്ടി. എന്നാൽ രാമന്നു ആകെ എത്ര മാമ്പഴം കിട്ടി?

10. ഒരു വളപ്പിൽ 12തെങ്ങും 18കവുങ്ങും 7പ്ലാവും 5മാവും 6വേറെ മരങ്ങളും ഉണ്ട്. എന്നാൽ ആ വളപ്പിലുള്ള ആകെ മരങ്ങൾ എത്ര?

11. തിരുവോണദിവസം സദ്യക്കു ഒരു കുടുംബത്തിൽ അച്ഛൻ 13പഴനുറുക്കും അമ്മ 15പഴനുറുക്കും അമ്മാമൻ 14പഴനുറുക്കും മകൻ 9പഴനുറുക്കും മകൾ 8പഴനുറുക്കും കഴിച്ചു. എന്നാൽ എല്ലാവരുംകൂടി ആ ദിവസം എത്ര പഴനുറുക്കു കഴിച്ചു എന്നു കാണുക.

12. തങ്കം എന്ന കുട്ടി തിങ്കളാഴ്ച 17വാര നൂലും ചൊവ്വാഴ്ച 20വാരയും ബുധനാഴ്ച 21വാരയും വ്യാഴാഴ്ച 14വാരയും വെള്ളിയാഴ്ച 11വാരയും നൂല് ഉണ്ടാക്കി. എന്നാൽ തങ്കം ആ ആഴ്ചയിൽ ആകെ എത്ര വാര നൂലുണ്ടാക്കി എന്നു കാണുക.

---

# അദ്ധ്യായം X.

---

## കിഴിക്കൽ.

രാമൻ ഈ പെട്ടിയിൽനിന്നു 6ഗോട്ടിയെടുക്കുക. അതിൽനിന്നു 3എണ്ണം ബാലനു കൊടുക്കുക. എന്നാൽ രാമന്റെ കയ്യിൽ ബാക്കി എത്ര ഗോട്ടിയുണ്ട്? 3എന്നു പറയുന്നു. അതെങ്ങിനെ കിട്ടി. ആറിൽനിന്നു 3എണ്ണം കീഴ്പോട്ടെണ്ണുക. 5, 4, 3. ഇപ്പോൾ 3എന്നു കിട്ടുന്നു. ഇങ്ങിനെ ഒരു വലിയ സംഖ്യയിൽനിന്നും ഒരു ചെറിയ സംഖ്യയെ പിരിച്ചെടുക്കുന്നതിനു കിഴിക്കൽ എന്നു പറയുന്നു. കിഴിച്ചു കിട്ടുന്ന സംഖ്യയെ ബാക്കി അല്ലെങ്കിൽ ശിഷ്ടം എന്നു പറയാറുണ്ട്.

| രാമന്റെ ഗോട്ടി | ബാലന്റെ ഗോട്ടി | ബാക്കി or ശിഷ്ടം |
|---|---|---|
| O O O O O O | O O O | O O O |
| 6 | 3 | 3 |

ഇവിടെ 6ഗോട്ടിയിൽനിന്നു 3ഗോട്ടിയെ കിഴിക്കുക എന്നു പറയുന്നതിനു പകരം 6—3 എന്നു എഴുതാം. ഇതിൽ — ഈ അടയാളം കിഴിക്കലിനെ സൂചിപ്പിക്കുന്നു.

അതുകൊണ്ടു 6—3എന്നാൽ 6-ൽനിന്നു 3-നെ കിഴിക്കുക. 5—2എന്നാൽ 5-ൽനിന്നു 2 നെ കിഴിക്കുക എന്നർത്ഥമാകുന്നു.

6-ൽനിന്നു 3കിഴിച്ചാൽ 3ശിഷ്ടം എന്നു എഴുതുന്നതിനു പകരം 6—3=3 എന്നു- എഴുതാം. ഇവിടെ = ഈ അടയാളത്തിനു കൂട്ടൽ കണക്കുകളിൽ കണ്ടപ്രകാരം "സമം" എന്നതിനു പകരമാണ് ഉപയോഗിച്ചുവരുന്നത്.

## അഭ്യാസം 83.

1. താഴെ പറയുന്നവയെ ചുരുക്കി എഴുതുക.

8-ൽനിന്നു 6-നെ കിഴിക്കുക, 10-ൽനിന്നു 3-നെ കിഴിക്കുക, 6-ൽനിന്നു 4-നെ കിഴിക്കുക. 7-ൽനിന്നു 5-നെ കിഴിക്കുക, 9-ൽനിന്നു 2-നെ കിഴിക്കുക, 8-ൽനിന്നു 4-നെ കിഴിക്കുക. 11-ൽനിന്നു 7-നെ കിഴിക്കുക. 13-ൽനിന്നു 6-നെ കിഴിക്കുക, 15-ൽനിന്നു 11-നെ കിഴിക്കുക, 13-ൽനിന്നു 2-നെ കിഴിക്കുക, 7-ൽനിന്നു 6-നെ കിഴിക്കുക, 6-ൽനിന്നു 2-നെ കിഴിക്കുക.

2. താഴെ പറയുന്നവയെ വിവരിക്കുക.

9—5, 8—4, 6—2, 15—3, 16—2, 9—6, 7—5, 8—2, 10—5=5, 8—3=5, 4—3=1, 6—2=4, 7—5=2, 5—1=4.

3. ഉത്തരം ആലോചിച്ചു പറയുക.

7—5, 8—4, 10—5, 15—5, 7—2, 12—2, 25—5, 9—7. 8—3, 5—3, 15—13, 20—5, 14—4, 13—10, 10—8, 5—1

6-നോടുകൂടി എത്ര ചേൎത്തിയാൽ 10ആകും എന്നു എഴുതുന്നതിനു പകരം 6+ ? =10 എന്നു ചുരുക്കി എഴുതാവുന്നതാണു്.

7+ ? =10 എന്നാൽ 7-നോടു എത്ര കൂടിയാൽ 10ആകും?

3+ ? =5 എന്നാൽ 3-നോടു എത്ര കൂട്ടിയാൽ 5ആകും എന്നൎത്ഥമാകുന്നു.

## അഭ്യാസം 84.

9+ ?=10, 8+ ?=12, 5+ ?=14, 9+ ?=15

6+ ?=12, 7+ ?=14, 6+ ?=13, 8+ ?=20

2. താഴെ പറയുന്നവയെ ചുരുക്കി എഴുതുക.

5-നോടു എത്ര ചേൎന്നാൽ 10ആകും? 6-നോടു എത്ര ചേൎന്നാൽ 12ആകും?

15-നോടു എത്ര ചേൎന്നാൽ 20ആകും? 7-നോടു എത്ര ചേൎന്നാൽ 15ആകും?

14-നോടു എത്ര ചേൎന്നാൽ 20ആകും? 13-നോടു എത്ര ചേൎന്നാൽ 15ആകും?

8-ൽനിന്നു 5-നെ കിഴിക്കുക.

(1) O O O O O O O O 8 ഗോട്ടി

O O O O O 5 ഗോട്ടി

3 ഗോട്ടി

(2) 8 / 5 / 3 — 8-ൽനിന്നു കീഴ്പോട്ടെ 7, 6, 5, 4, 3 എന്നു അഞ്ചു അക്കം എണ്ണുക. അപ്പോൾ 3 എന്നു കിട്ടുന്നു

സാധനങ്ങളെ ഉപയോഗിച്ചു 8-ൽനിന്നു 5പോയാൽ 3, 5-നോടു 3ചേൎന്നാൽ 8എന്നും 3 നോടു 5 ചേൎന്നാലും 8എന്നും കാണിച്ചു കൊടുത്തു കൂട്ടലും കിഴിക്കലിനുമുള്ള ബന്ധം കുട്ടികളെ മനസ്സിലാക്കണം. സാധനങ്ങൾ ഉപയോഗിച്ച് ഇതെ മാതിരിയിൽ അധികം കണക്കുകൾ ചെയ്യുകയും വേണം.

അഭ്യാസം 85.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | 8 | 7 | 6 | 7 | 9 | 8 | 7 | 4 |
| 7 | 4 | 5 | 3 | 2 | 3 | 2 | 3 | 2 |

8—7, 7—2, 5—3, 6—1, 8—4, 9—3, 7—5, 4—3, 8—2, 6—3, 8—3, 7—4, 5—2, 6—3, 6—2, 8—1, 7—3, 5—4.

9—?=5, 8—?=4, 7—?=3, 5—?=2, 10—?=5, 9—?=7, 8—? 4, 7—?=5, 6—?=2, 4—?=1, 9—?=8, 7—?=1.

40-ൽനിന്നു 20-നെ കിഴിക്കുക.

40 / 20 / 20 — 40-ൽ 4പത്തു. 20 ൽ 2പത്തു 4—2=2 അതുകൊണ്ടു 40—20=20.

## അഭ്യാസം 86.

90—80, 70—60, 50—40, 60—40, 50—30, 40—30, 70—50, 80—50, 90—60, 60—30, 70—30, 80—40, 90—50, 60—10, 70—20, 80—10, 90—20, 70—10, 40—10, 80—30.

55-ൽനിന്നു 30-നെ കിഴിക്കുക.

| | |
|---|---|
| 55 | 55-ൽ 5പത്തും 5ഒന്നും ഉണ്ടു. |
| 30 | 30-ൽ 3പത്തു മാത്രം |
| 25 | അതുകൊണ്ടു 55—30=50+5—30=25 |

## അഭ്യാസം 87.

75—70, 65—60, 55—40, 45—20, 64—50, 73—50, 89—70, 76—50, 49—20, 39—10, 87—50, 93—70, 79—60, 89—40, 96—50, 97—40, 89—30, 63—30, 72—20, 93—10, 76—20, 69—20, 98—30, 79—10.

46-ൽനിന്നു 26-നെ കിഴിക്കുക.

| | |
|---|---|
| 46 | 46-ൽ 4പത്തും 6ഒന്നും ഉണ്ടു് |
| 26 | 26-ൽ 2പത്തും 6ഒന്നും ഉണ്ടു്. |
| 20 | 6ഒന്നിൽനിന്നു 6ഒന്നു കളഞ്ഞാൽ 0 |
| | 4പത്തിൽനിന്നു 2പത്തു കിഴിച്ചാൽ 2പത്തു. |
| | അതുകൊണ്ടു 46—26=20. |

## അഭ്യാസം 88.

76—66, 55—45, 39—19, 77—57, 97—87, 49—19, 33—23, 42—22, 83—53, 64—34, 72—42, 26—16, 93—23, 77—47, 95—35, 99—69, 73—13, 91—31.

87-ൽനിന്നു 34-നെ കിഴിക്കുക.

| | |
|---|---|
| 87 | 87-ൽ 8പത്തും 7ഒന്നും ഉണ്ട്. |
| 34 | 34-ൽ 3പത്തും 4ഒന്നും ഉണ്ട്. |
| 53 | 7ഒന്നിൽനിന്നു 4ഒന്നു പിരിച്ചാൽ 3ഒന്നു ബാക്കി. 8പത്തിൽനിന്നു 3പത്തു കളഞ്ഞാൽ 5 |

പത്തു ശിഷ്ടം. അതുകൊണ്ടു 87_34=53.

## അഭ്യാസം 89

| | | | | | | | |
|---|---|---|---|---|---|---|---|
| 75 | 96 | 93 | 46 | 79 | 48 | 63 | 96 |
| 23 | 42 | 21 | 16 | 23 | 24 | 21 | 24 |
| 36 | 73 | 49 | 96 | 84 | 76 | 64 | 56 |
| 14 | 51 | 27 | 25 | 21 | 23 | 31 | 22 |

96_35, 49_24, 76_23, 94_72, 85 21, 49_18
79_57, 76_24, 63_21, 43_21, 65_21 72_51.

## അഭ്യാസം 90

താഴെ പറയുന്ന സംഖ്യകളിൽ വലിയതിൽനിന്നു ചെറിയതിനെ കിഴിക്കുക.

1. തൊണ്ണൂറെറട്ടു, എഴുപത്തേഴ്. 2. അറുപത്താറു, അമ്പത്തിനാലു. 3. എണ്പത്തിഏഴ്, അമ്പത്തിരണ്ടു. 4. എഴുപത്തഞ്ചു, ഇരുപത്തിമൂന്നു 5. അറുപത്തിഏഴ്, നാല്പത്തൊന്നു 6. അറുപത്തഞ്ചു, മുപ്പത്തിമൂന്നു. 7. എഴുപത്തേഴു, അമ്പത്തഞ്ചു. 8. തൊണ്ണൂററാറു, ഇരുപത്തൊന്നു.

## അഭ്യാസം 91.

താഴെ പറയുന്നവയിൽ ചെറിയ സംഖ്യയോടു ഏതു കൂട്ടിയാൽ വലിയ സംഖ്യ കിട്ടും?

1. നാല്പത്തഞ്ച്, എഴുപത്താറു. 2. മുപ്പത്തൊന്നു, അമ്പത്തിരണ്ടു
3. പതിനേഴ, എഴുപത്തെട്ടു, 4. നാല്പത്താറു, അറുപത്തിഒമ്പതു.
5. ഇരുപത്തഞ്ച്, അറുപത്തെട്ടു. 6. ഇരുപത്തിഏഴ, എണ്പത്തേഴു.
7. മുപ്പത്തിമൂന്നു, അറുപത്താറു. 8. നാല്പതു, എണ്പത്തിരണ്ടു.

## അഭ്യാസം 92.

1. നമ്മുടെ ക്ലാസ്സിൽ ആകെ 35കുട്ടികളുണ്ട്. അവരിൽ 21 പേർ ഇവിടെ ഇരുന്നിരുന്നു. എന്നാൽ എത്ര പേർ പുറത്തു പോയിരിക്കും?

2. ആയില്യമകത്തിന്നു ആകെ 98എണ്ണമുള്ള 2കുല കായ വാങ്ങി. അതിൽ ഒരു കുലയിൽ 47കായുണ്ടായിരുന്നു എങ്കിൽ മറ്റെ കുലയിലുള്ള കായ എത്ര?

3. ഈ സ്കൂളിൽ ആകെ 2ഒന്നാം ക്ലാസ്സുകൾ ഉണ്ട്. അതിൽ ആകെ 77കുട്ടികളും ഉണ്ടു. ഏ ക്ലാസ്സിൽ 37കുട്ടികൾ ഉണ്ടെങ്കിൽ ബി ക്ലാസ്സിലുള്ള കുട്ടികളുടെ എണ്ണം എത്ര?

4. ഒരു സ്കൂളിൽ ആകെ 95കുട്ടികൾ ഉള്ളതിൽ 43പേർ ആൺകുട്ടികളാണെങ്കിൽ പെൺകുട്ടികളുടെ എണ്ണം എത്ര?

5. ഒരു പപ്പടക്കെട്ടിൽ 99പപ്പടം ഉണ്ടായിരുന്നു. അതിൽനിന്നു 45എണ്ണം ഒരു ദിവസം കാച്ചിയെങ്കിൽ ബാക്കി എത്ര പപ്പടം ഇരുപ്പുണ്ട്?

6. ഒരു പെട്ടിയിൽ ആകെ 86കഴിഞ്ചിക്കുരു ഉണ്ടായിരുന്നു. അതിൽ 32എണ്ണം തങ്കം എടുത്തു. ബാക്കി പെട്ടിയിൽ എത്ര കുരു ഉണ്ട്?

7. ഒരു ക്ലാസ്സിലെ കുട്ടികൾ എല്ലാവരുംകൂടി ഒരു ദിവസം 86 പന്തുണ്ടാക്കി. അതിൽ 31എണ്ണം കേടുവന്നുപോയി. ബാക്കി നല്ലതായി എത്ര എണ്ണമുണ്ട്?

8. ഒരു ഭജനക്കു ഒരു കുല പഴം കൊണ്ടുവന്നതിൽ 96പഴം ഉണ്ടായിരുന്നു. കുട്ടികൾക്കെല്ലാം ഓരോന്നു കൊടുത്തു കഴിഞ്ഞതിന്റെ ശേഷം 15എണ്ണം ബാക്കിയുണ്ടായിരുന്നു. എത്ര കുട്ടികൾക്കു പഴം കൊടുത്തിരുന്നു?

9. ഒരു കഴിയിലുള്ള 96വാര നൂല് 2കുട്ടികൾകൂടി ഉണ്ടാക്കിയതാണ്. ഒരു കുട്ടി 42വാര ഉണ്ടാക്കിയിരുന്നു എങ്കിൽ മറ്റെ കുട്ടി ഉണ്ടാക്കിയ നൂല് എത്ര വാര എന്നു കാണുക.

10. ഒരു നോട്ടുപുസ്തകത്തിൽ 64ഭാഗങ്ങൾ ഉണ്ട്. അതിൽ 32ഭാഗം എഴുതിക്കഴിഞ്ഞാൽ എഴുതാത്ത ഭാഗം എത്ര ബാക്കിയുണ്ട്?

11. അഷ്ടമിരോഹിണി ദിവസം ശ്രീകൃഷ്ണക്ഷേത്രത്തിൽ ആകെ 88വിളക്കുകൾ വെച്ചിരുന്നു. അവയിൽ 16എണ്ണം നല്ലവണ്ണം കത്തിയിരുന്നില്ല. എന്നാൽ നല്ലവണ്ണം കത്തിയിരുന്ന വിളക്കുകളുടെ എണ്ണം എത്ര?

12. ഒരു പെട്ടിയിൽ കറുത്ത നിറത്തിലും ചുവപ്പുനിറത്തിലുമായി 95പന്തുകൾ ഉണ്ട്. അവയിൽ 42എണ്ണം ചുവന്ന നിറമുള്ള പന്തുകളായിരുന്നു. എന്നാൽ കറുത്ത നിറത്തിലുള്ള പന്തുകളുടെ എണ്ണം എത്ര?

---

## അദ്ധ്യായം XI.

### മനക്കണക്കുകൾ—കൂട്ടലും കിഴിക്കലും.

| | | |
|---|---|---|
| 2+ 2= 4 | ആയതുകൊണ്ടു | 4— 2= 2 |
| 3+ 3= 6 | ,, | 6— 3= 3 |
| 4+ 4= 8 | ,, | 8— 4= 4 |
| 5+ 5=10 | ,, | 10— 5= 6 |
| 6+ 6=12 | ,, | 12— 6= 6 |
| 7+ 7=14 | ,, | 14— 7= 7 |
| 8+ 8=16 | ,, | 16— 8= 8 |
| 9+ 9=18 | ,, | 18— 9= 9 |
| 10+10=20 | ,, | 20—10=10 |

മേലെഴുതിയ രീതിയിൽ ആ സംഖ്യകളെ കൂട്ടുവാനും കിഴിപ്പാനും പഠിപ്പിച്ചു കൂട്ടലിന്നും കിഴിക്കലിന്നുമുള്ള സംബന്ധം നല്ലവണ്ണം മനസ്സിലാക്കണം.

| | | |
|---|---|---|
| 1+9=10 | അതുകൊണ്ടു | 10—9=1 |
| 2+8=10 | ,, | 10—8=2 |
| 3+7=10 | ,, | 10—7=3 |
| 4+6=10 | ,, | 10—6=4 |
| 5+5=10 | ,, | 10—5=5 |

$6+4=10$ അതുകൊണ്ടു $10-4=6$

$7+3=10$ „ $10-3=7$

$8+2=10$ „ $10-2=8$

$9+1=10$ „ $10-1=9$

ഇതുപ്രകാരം കുട്ടികളെ ശീലിപ്പിച്ചു 10-ൽ താഴെയുള്ള ഏതു സംഖ്യയോടും എത്ര കൂട്ടിയാൽ അതു 10 ആകുമെന്നതു വേഗത്തിൽ പറയുവാൻ ശീലിപ്പിക്കണം. എന്നാൽ പിന്നെ സംഖ്യകളെ കൂട്ടുവാനും ഒന്നിൽനിന്നു വേറൊന്നിനെ കിഴിപ്പാനും മനസ്സിനാൽ വേഗത്തിൽ ചെയ്യാമെന്നു താഴെ കാണിക്കുന്ന ഉദാഹരണങ്ങളിൽനിന്നു മനസ്സിലാക്കാം. കുട്ടികളെക്കൊണ്ടു അപ്രകാരംതന്നെ കണക്കുകൾ മനസ്സിനാൽ ചെയ്യാൻ ശീലിപ്പിക്കുകയും വേണം.

$7+6=7+3+3=10+3=13.$

$8+9=8+2+7=10+7=17$

$6+7=6+4+3=10+3=13$

$5+8=5+5+3=10+3=13$

$4+7=4+6+2=10+1=11$

$9+6=9+1+5=10+5=15$

$3+9=3+7+2=10+2=12$

$2+9=2+8+1=10+1=11$

അതുപോലെതന്നെ,

$11-3=10-3+1=7+1=8$

$12-5=10-5+2=5+2=7$

$13-6=10-6+3=4+3=7$

$14-8=10-8+4=2+4=6$

$15-7=10-7+5=3+5=8$

$16-9=10-9+6=1+6=7$

$17-8=10-8+7=2+7=9$

$18-9=10-9+8=1+8=9$

ഈ മാതിരിയിൽ സംഖ്യകളെ കൂട്ടുവാനും കിഴിപ്പാനും മനസ്സിലാക്കിക്കഴിഞ്ഞതിന്റെശേഷം താഴെ അഭ്യാസത്തിൽ കാണുന്ന കണക്കുകളെ വാമൊഴിയായി ചെയ്യിപ്പിക്കാം.

## അഭ്യാസം 93.

1. തൃശ്ശിവപേരൂരിൽനിന്ന കൊടുങ്ങല്ലൂക്ക് പോവാൻ 12 നാഴിക തീവണ്ടിയിലും 7 നാഴിക മോട്ടോർബസ്സിലും 4 നാഴിക ബോട്ടിലും യാത്രചെയ്യേണ്ടിവരുന്നതായാൽ തൃശ്ശിവപേരൂരിൽനിന്ന കൊടുങ്ങല്ലൂക്കു ദൂരമെത്ര?

2. ഒരു ദിവസം ഒരു പറമ്പിൽ 8 പശുക്കളും 4 ആടുകളും 6 എരുമകളും മേഞ്ഞുകൊണ്ടിരുന്നു. ആകെ എത്ര മൃഗങ്ങൾ അവിടെ മേഞ്ഞിരുന്നു?

3. രാമന്ന അവന്റെ അച്ഛൻ 7 അണയും അമ്മ 6 അണയും അമ്മാമൻ 4 അണയും കൊടുത്തു. ആകെ രാമന്ന എത്ര അണ കിട്ടി?

4. രാമന്റെ കയ്യിൽ 6 ഗോട്ടിയും കൃഷ്ണന്റെ കയ്യിൽ 5 ഗോട്ടിയും ഗോപാലന്റെ കയ്യിൽ 7 ഗോട്ടിയുമുണ്ട്. ആകെ മൂന്നു പേരുടെ കയ്യിലുംകൂടി എത്ര ഗോട്ടിയുണ്ട്?

5. തങ്കത്തിന്ന 4 ബിസ്കറ്റം, രാജത്തിന്ന 4 ബിസ്കറ്റം, ബാലന്ന 4 ബിസ്കറ്റം അവരുടെ അച്ഛൻ കൊടുത്തു. എന്നാൽ എല്ലാവക്കുംകൂടി എത്ര ബിസ്കറ്റ കൊടുത്തു?

6. ഒരു മേശക്ക 8 ഉറുപ്പികയും കസേലക്ക 5 ഉറുപ്പികയും ഒരു ബെഞ്ചിന്ന 4 ഉറുപ്പികയും വിലയാകുന്നു. എന്നാൽ ഒരു മേശ, ഒരു കസേല, ഒരു ബെഞ്ച് ഇവ വാങ്ങുവാൻ എത്ര ഉറുപ്പിക വേണം?

7. തൃശ്ശിവപേരൂരിൽനിന്ന ഊരകംവഴിക്ക ഇരിങ്ങാലക്കുടക്ക 15 നാഴിക ദൂരമുണ്ട്. തൃശ്ശിവപേരൂരിൽനിന്ന ഊരകത്തേക്ക 7 നാഴിക ദൂരമുണ്ടെങ്കിൽ ഊരകത്തുനിന്ന ഇരിങ്ങാലക്കുടക്കുള്ള ദൂരമെത്ര?

8. ഒരു ഉറുപ്പിക കൊടുത്തു 16 മാമ്പഴം വാങ്ങി. അതിൽ 8 എണ്ണം അന്നുതന്നെ ചിലവായി. എന്നാൽ ബാക്കിയുണ്ടായിരുന്നതെത്ര?

9. ഒരു ക്ലാസ്സിൽ ആദ്യം 18 കുട്ടികൾ ഉണ്ടായിരുന്നു. ഇടയ്ക്കു വെച്ച 5 കുട്ടികൾ വിട്ടുപോയി എങ്കിൽ ബാക്കിയുള്ള കുട്ടികളുടെ എണ്ണം എത്ര?

10. ഒരു അടയ്ക്കക്കുലയിൽ 19 അടയ്ക്ക ഉണ്ടായിരുന്നു. അതിൽ 11 എണ്ണം പഴുത്തതായിരുന്നു. എന്നാൽ പഴുക്കാത്തതെത്ര?

11. ഒരു പരീക്ഷക്കു ആകെ 20 മാൎക്കായിരുന്നു. അതിൽ ഒരു കുട്ടിക്കു 12 മാൎക്കു കിട്ടി. എന്നാൽ എത്ര മാൎക്കു ആ കുട്ടി കളഞ്ഞു?

12. രാജം 18 കല്ലു പെറുക്കിക്കൊണ്ടുവന്നു. അതിൽ 9 എണ്ണം തങ്കത്തിന്നു കൊടുപ്പാനായി മാസ്റ്റർ പറഞ്ഞു. എന്നാൽ രാജത്തിൻെറ കയ്യിൽ എത്ര കല്ലുണ്ട്?

13. രാമന്നു 6 വയസ്സായി. കൃഷ്ണന്നു രാമനേക്കാൾ 2 വയസ്സു അധികമായി. എന്നാൽ കൃഷ്ണൻെറ വയസ്സു എത്ര?

14. ഒരു പുസ്തകത്തിന്നു 8 ണ വില. വേറൊരു ചിത്രപുസ്തകത്തിന്നു 4 അണ വില കൂടുതലാണ്. എന്നാൽ ആ ചിത്രപുസ്തകത്തിൻെറ വില എത്ര?

15. ഒരു മാവിൻെറ ചുവട്ടിൽനിന്നു മാമ്പഴം പെറുക്കുവാൻ ബാലനും കുട്ടനുംകൂടി പോയി. ബാലന്നു 9 മാമ്പഴം കിട്ടി. കുട്ടന്നു ബാലന്നു കിട്ടിയതിനേക്കാൾ 6 എണ്ണം അധികം കിട്ടി. ബാലന്നു കിട്ടിയ മാമ്പഴത്തിൻെറ എണ്ണം എത്ര?

16. രാമൻെറ അച്ഛൻ 8 ഉറപ്പിക കൊടുത്തു ഒരു മേശ വാങ്ങി. പിന്നെ മേശക്കു കൊടുത്ത വിലയെക്കാൾ 8 ഉറപ്പിക അധികം കൊടുത്തു ഒരു അലമാറ വാങ്ങി. എന്നാൽ ആ അലമാറയുടെ വില എത്ര?

17. ഒന്നാം ക്ലാസ്സിൽ 12 പെൺകുട്ടികൾ ഉണ്ട്. രണ്ടാം ക്ലാസ്സിൽ ഒന്നാം ക്ലാസ്സിൽ ഉള്ളതിനേക്കാൾ 6 പെൺകുട്ടികൾ അധികമുണ്ട്. എന്നാൽ രണ്ടാം ക്ലാസ്സിലുള്ള പെൺകുട്ടികളുടെ എണ്ണം എത്ര?

18. ഓണത്തിന്നു രാമൻെറ വീട്ടിൽ 11 നാളികേരം വാങ്ങി. എന്നാൽ കൃഷ്ണൻെറ വീട്ടിൽ രാമൻെറ വീട്ടിൽ വാങ്ങിയതിനേക്കാൾ 7 നാളികേരം അധികം വാങ്ങി. എന്നാൽ കൃഷ്ണൻെറ വീട്ടിൽ എത്ര നാളികേരം വാങ്ങി?

19. തങ്കത്തിൻെറ ജ്യേഷ്ഠത്തിക്കു 14 വയസ്സായി. തങ്കത്തിന്നു അതിൽ 9 വയസ്സു കുറവാണ്. എന്നാൽ തങ്കത്തിൻെറ വയസ്സു എത്ര?

20. ഒരു മധുരനാരങ്ങക്കു 14 പൈ വില. ഒരു മാമ്പഴത്തിന്നാണെങ്കിൽ 5 പൈ വില കുറവുണ്ട്. ഒരു മാമ്പഴത്തിൻെറ വില എത്ര?

21. രാമന്റെ അച്ഛൻ ഒരാഴ്ചയിൽ 18 ഉറുപ്പിക സമ്പാദിക്കു ന്നു. കൃഷ്ണന്റെ അച്ഛൻ അതേ ആഴ്ചയിൽ 6 ഉറുപ്പിക കുറച്ചെ സ മ്പാദിക്കുന്നുള്ളു. എന്നാൽ കൃഷ്ണന്റെ അച്ഛന്റെ സമ്പാദ്യം എത്ര?

22. ഒരു വലിയ ബസ്സിൽ 19 ആൾക്കു കയറാം. ചെറിയ ബസ്സിൽ ആണെങ്കിൽ 6 പേർ കുറച്ചു മാത്രമെ കയറുവാൻ സാധി ക്കയുള്ളു. ചെറിയ ബസ്സിൽ കയറാവുന്ന ആളുകളുടെ എണ്ണം എത്ര?

23. ഒരു മാവിൽനിന്നു ഇന്നലെ 18 മാമ്പഴം കിട്ടി. ഇന്നു കിട്ടിയതു ഇന്നലെ കിട്ടിയതിൽനിന്നു 7 എണ്ണം കുറവു. ഇന്നു കി ട്ടിയ മാമ്പഴത്തിന്റെ എണ്ണം എത്ര?

24. ഈ മേശക്കു 13ക. വിലയാണ്. ആ ബെഞ്ചിന്റെ വി ല മേശയുടെ വിലയിൽ 8ക കുറവാണെങ്കിൽ ബെഞ്ചിന്റെ വില എത്ര?

25. ഒരു ആട്ടിന്നു 8ക വില. എന്നാൽ 2 ആടിന്റെ വില എത്ര?

26. ഒരു കുട്ടിക്കു 6 പഴം വീതം കൊടുക്കുന്നതായാൽ 2 കുട്ടി കൾക്കു കൊടുപ്പാൻ എത്ര പഴം വേണം?

27. ഒരു പുസ്തകം വാങ്ങുവാൻ 5 അണ കൊടുക്കേണമെങ്കിൽ 2 പുസ്തകം വാങ്ങുവാൻ എത്ര അണ കൊടുക്കേണം?

28. ദിവസത്തിൽ 9ക സമ്പാദിക്കുന്ന ഒരാൾ രണ്ടു ദിവസ ത്തിൽ എത്ര സമ്പാദിക്കും?

29. മാസത്തിൽ 8 പറ അരി ചിലവുള്ള ഒരു കുടുംബത്തിന്നു 2 മാസത്തിൽ എത്ര പറ അരി ചിലവാകും?

30. ഒരു ആഴ്ചക്കു 7 ദിവസമെങ്കിൽ 2 ആഴ്ചക്കു ദിവസമെത്ര?

31. രണ്ടു നാരങ്ങക്കു 16 പൈ വിലയായാൽ ഒരു നാരങ്ങയു ടെ വില എത്ര?

32. രണ്ടു കൂലിക്കാൎക്കു 18 അണ കൂലി എങ്കിൽ ഒരു കൂലിക്കാര ന്നുള്ള കൂലി എത്ര?

33. രണ്ടു നാളികേരത്തിന്നു 14 പൈ വിലയായാൽ ഒരു നാളികേരത്തിന്റെ വില എത്ര?

34. രണ്ടു കുട്ടികൾക്കുകൂടി 10 പഴം കൊടുത്താൽ ഓരോരുത്ത ന്നു എത്ര വീതം കിട്ടും?

35. ഒരേ വയസ്സായ രണ്ടു കുട്ടികളുടേയും കൂടിയുള്ള വയസ്സു 8 ആണെങ്കിൽ ഓരോ കുട്ടിയുടേയും വയസ്സു എത്ര?

36. രാജത്തിന്നും തങ്കത്തിന്നും കൂടി ഒരു ദിവസം 25 മാമ്പഴം കിട്ടി. അവർ അതിനെ ശരിയായി പങ്കുവെപ്പാൻ തീർച്ചപ്പെടുത്തി. എന്നാൽ ഓരോ കുട്ടിക്കും എത്ര വീതം കിട്ടി?

---

## അദ്ധ്യായം XII.

### പെരുക്കൽ. (കൂട്ടൽവഴിയായി)

ഓണകാലത്തു ഒരു ദിവസം ബാലൻ കാലത്തു 2 പഴനുറുക്കും ഉച്ചക്കു 3 പഴനുറുക്കും വൈകുന്നേരം 4 പഴനുറുക്കും തിന്നു. എന്നാൽ അന്നു ബാലൻ ആകെ എത്ര പഴനുറുക്കു തിന്നുഎന്നു കാണുക.

അന്നുതന്നെ തങ്കം കാലത്തു 3 പഴനുറുക്കും, ഉച്ചക്കു 3 എണ്ണവും വൈകുന്നേരം 3 എണ്ണവും തിന്നു. എന്നാൽ ആകെ അന്നു തങ്കം തിന്ന പഴനുറുക്കിന്റെ എണ്ണം എത്ര?

ആദ്യത്തെ ഉദാഹരണത്തിൽ $2+3+4=9$എന്നും രണ്ടാമത്തെ ഉദാഹരണത്തിൽ $3+3+3=9$ എന്നും കിട്ടുന്നു. ആദ്യത്തേതിൽ 3 സംഖ്യയും വ്യത്യാസപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതിൽ മൂന്നും ഒരേ സംഖ്യയായിരിക്കുന്നു. ആയതുകൊണ്ടു രണ്ടാമത്തെ കണക്കിന്റെ ഉത്തരം കാണുവാൻ 3 പ്രാവശ്യം 3 എന്നു പറഞ്ഞാൽ മതിയാകുന്നതാണ്.

$3\times3$ എന്നെഴുതിയാൽ 3 പ്രാവശ്യം 3
$4\times3$ എന്നെഴുതിയാൽ 3 പ്രാവശ്യം 4
$4\times5$ എന്നെഴുതിയാൽ 5 പ്രാവശ്യം 4 എന്നതുമാകുന്നു.

### അഭ്യാസം 94.

താഴെ കാണുന്ന സാധനങ്ങളെ കൂട്ടി ആകെ എണ്ണം എത്രയെന്നു പറയുക.

1. ✻+✻+✻+✻+✻

2. ✻✻+✻✻+✻✻+✻✻

3. ✻✻✻+✻✻✻+✻✻✻+✻✻✻

4. ✻✻ ✻✻ ✻✻ ✻✻ ✻✻<br>✻✻+✻✻+✻✻+✻✻+✻✻

5. ✻✻ ✻✻ ✻✻ ✻✻ ✻✻<br>✻✻+✻✻+✻✻+✻✻+✻✻

6. ✻ ✻ ✻ ✻ ✻ ✻ ✻ ✻<br>✻ ✻+✻ ✻+✻ ✻+✻ ✻<br>✻ ✻ ✻ ✻ ✻ ✻ ✻ ✻

7. ✻✻ ✻✻ ✻✻ ✻✻ ✻✻<br>✻+✻+✻+✻+✻

8. ✻✻+✻✻+✻✻+✻✻+✻✻

## അഭ്യാസം 95.

1. രാമൻ 2 ഗോട്ടിവീതം 2 പ്രാവശ്യം എടുത്തു വെവ്വേറെയായി മേശമേൽ വെക്കുക. ഇതിൽ ആകെ ഗോട്ടികൾ എത്രയുണ്ടെന്നു എണ്ണാതെ കണക്കാക്കി പറയുക.

2. ഇതാ 3 വീതം പുളിങ്കുരു 2 സ്ഥലത്തായി വെച്ചിരിക്കുന്നു. ആകെ എത്ര പുളിങ്കുരു ഉണ്ടെന്നു പറയുക.

3. 4 മഞ്ചാടിക്കുരു വീതം 2 ദിക്കിൽ വെച്ചിരിക്കുന്നു; ആകെ എത്ര മഞ്ചാടിക്കുരുവുണ്ടെന്നു പറയുക.

4. 5 വരകൾ വീതം രണ്ടു ഭാഗത്തായി കറുപ്പുപലകമേൽ വരച്ചിരിക്കുന്നു. ആകെ എത്ര വരകൾ വരച്ചിരിക്കുന്നു എന്നു പറയുക.

5. 4 പത്തു വീതം 2 വരിയിൽ ഇതാ പുറത്തു കാണിച്ചിരിക്കുന്നു. ആകെ എത്ര പത്തുകൾ പുറത്തു കാണുന്നു?

6. 5 കട്ടികൾ വീതം 2 വരിയായി ഇവിടെ കട്ടികളെ നിൎത്തിയിരിക്കുന്നു. എത്ര കട്ടികൾ വരിയിൽ നില്ക്കുന്നു?

ഓർരണ്ട (1×2=2) രണ്ട

ഈർരണ്ട (2×2=4) നാല

മൂരണ്ട (3×2=6) ആറ്

നാൽരണ്ട (4×2=8) എട്ട്

അയ്രണ്ട (5×2=10) പത്തു

## അഭ്യാസം 96.

1. കൃഷ്ണൻ 2 ഗോട്ടി വീതം 3 സ്ഥലത്തു വെക്കുക. ആകെ എത്ര ഗോട്ടിയുണ്ടെന്നു പറയുക.

2. ഈ പന്തുചട്ടത്തിൽ 3 പന്തു വീതം 3 വരിയിൽ കാണിച്ചിരിക്കുന്നു. ആകെ എത്ര പന്തുകൾ കാണുന്നു?

3. 4 പെൻസിൽ വീതം 3 കെട്ടുകൾ ഇതാ വെച്ചിരിക്കുന്നു. ആകെ എത്ര പെൻസിൽ ഉണ്ടെന്നു കണക്കാക്കുക.

4. 5 വിരൽ വീതം നിവൎത്തി 3 കട്ടികളുടെ വലതുകൈകൾ കാണിക്കുക. ആകെ എത്ര വിരൽ ഉണ്ടെന്നു കണക്കാക്കുക.

5. 2 പുളിക്കുരു വീതം 3 ദിക്കിൽ വെച്ചാൽ ആകെ എത്ര പുളിക്കുരു ഉണ്ടാകും?

6. 3 പഴം വീതം 3 കട്ടികൾക്കു കൊടുപ്പാൻ എത്ര പഴം വേണം?

ഓർമൂന്നു (1×3=3) മൂന്നു

ഈർമൂന്നു (2×3=6) ആറ്

മൂമ്മൂന്നു (3×3=9) ഒമ്പതു

നാൽമൂന്നു (4×3=12) പന്ത്രണ്ട

അയ്മൂന്നു (5×3=15) പതിനഞ്ച്

## അഭ്യാസം 97.

1. 3 വീതം ഗോട്ടികൾ 4 സ്ഥാനത്തായി വെക്കുക. എന്നാൽ ആകെ എത്ര ഗോട്ടി ഉണ്ടാകും?

2. ഓരോ കുട്ടിക്കു 3കല്ലുകൾ വീതം 4കുട്ടികൾക്കു കൊടുക്കുക; ആകെ എത്ര കല്ലുകൾ കൊടുത്തു?

3. ഓരോ കെട്ടിൽ 4 വീതം 4 പെൻസിൽകെട്ടുകൾ ഉണ്ടാക്കുക. ആകെ എത്ര പെൻസിൽ ആയി?

4. ഓരോ കെട്ടിൽ 5 വീതം 4 ഈൎക്കിലികെട്ടുകൾ ഉണ്ടാക്കുക. ആകെ എത്ര ഈൎക്കിലി ഉണ്ടായിരിക്കും?

5. ഓരോ കൂട്ടത്തിൽ 4 വീതം 4 കൂട്ടമായി കുട്ടികൾ നില്ക്കും. ആകെ എത്ര കുട്ടികൾ അങ്ങിനെ നില്ക്കുന്നു?

6. ഓരോ സഞ്ചിയിൽ 5 വീതം 4 സഞ്ചിയിൽ മഞ്ചാടിക്കുരുവിനെ ഇട്ടു കെട്ടുക.

ഓർനാലു (1×4=4) നാലു
ഇരുനാലു (2×4=8) എട്ടു
മൂന്നാലു (3×4=12) പന്ത്രണ്ടു
നാൽനാലു (4×4=16) പതിനാറു
അയ്നാലു (5×4=20) ഇരുപതു

അഭ്യാസം 98.

1. 2 വീതം പുളിങ്കുരു 5 സ്ഥലങ്ങളിലായി വെക്കുക. ആകെ എത്ര പുളിങ്കുരു ഉണ്ടെന്നു കണക്കാക്കുക.

2. 3 നാരങ്ങ വീതം 5 ആളുകൾക്കു കൊടുപ്പാൻ എത്ര നാരങ്ങ വേണം?

3. ഓരോ വരിയിൽ 4 പന്തുകൾ വീതം 5 വരിയിൽ പുറത്തു കാണിക്കുക. ആകെ എത്ര പന്തു പുറത്തു കാണുന്നു?

4. ഓരോ കെട്ടിൽ 5 പെൻസിൽ വീതം 5 കെട്ടുകൾ ഉണ്ടാക്കുക. ആകെ പെൻസിൽ എത്ര?

5. ഓരോ കള്ളിയിൽ 4 പുള്ളികൾ വീതം 5 കള്ളികളും പുള്ളികളും വരക്കുക. ആകെ എത്ര പുള്ളികൾ ഉണ്ടെന്നു കണക്കാക്കുക.

6. ഓരോ കെട്ടിൽ 5 ഈൎക്കിലി വീതം 5 കെട്ടുകൾ കെട്ടി ഉണ്ടാക്കുവാൻ എത്ര ഈൎക്കിലി വേണം?

ഓർഅഞ്ച് ($1 \times 5 = 5$) അഞ്ച്

ഈരഞ്ച് ($2 \times 5 = 10$) പത്തു

മൂവഞ്ച് ($3 \times 5 = 15$) പതിനഞ്ച്

നാലഞ്ച് ($4 \times 5 = 20$) ഇരുപതു

അയ്യഞ്ച് ($5 \times 5 = 25$) ഇരുപത്തഞ്ച്

## അഭ്യാസം 99.

1. 3 പ്രാവശ്യം 2 എത്ര? 3 പ്രാവശ്യം 5 എത്ര?
2. 2 പ്രാവശ്യം 4 എത്ര? 2 പ്രാവശ്യം 3 എത്ര?
3. 4 പ്രാവശ്യം 5 എത്ര? 4 പ്രാവശ്യം 3 എത്ര?
4. 5 പ്രാവശ്യം 3 എത്ര? 5 പ്രാവശ്യാ 2 എത്ര?
5. 5 പ്രാവശ്യം 4 എത്ര? 5 പ്രാവശ്യം 5 എത്ര?
6. 4 പ്രാവശ്യം 4 എത്ര? 4 പ്രാവശ്യം 2 എത്ര?
7. 3 പ്രാവശ്യം 3 എത്ര? 3 പ്രാവശ്യം 4 എത്ര?
8. 2 പ്രാവശ്യം 2 എത്ര? 2 പ്രാവശ്യം 5 എത്ര?

## അഭ്യാസം 100. (മനഃപാഠമായി)

1. ഒരു പുസ്തകത്തിന്നു 3 അണ വില. എന്നാൽ 3 പുസ്തകത്തിന്നു വില എത്ര?

2. ഒരു ബെഞ്ചിന്നു 4ക. വില. എന്നാൽ 3 ബെഞ്ചിന്നു വില എത്ര?

3. ഒരു കുട്ടിക്കു 2ണ വീതം 3 കുട്ടികൾക്കു കൊടുപ്പാൻ എത്ര അണ വേണം?

4. ഒരു മാമ്പഴത്തിന്നു 5 പൈ വില. എന്നാൽ 3 മാമ്പഴത്തിന്നു എത്ര പൈ വില?

5. ഒരു ചക്കപ്പഴത്തിന്നു 4ണ. വില. എന്നാൽ 3 ചക്കപ്പഴത്തിന്നു വില എത്ര?

6. ഒരു കള്ളിയിൽ 3 പുള്ളികൾ ഉണ്ട്. എന്നാൽ 3 കള്ളികളിലും കൂടി എത്ര പുള്ളികൾ ഉണ്ടാകും?

## അഭ്യാസം 101.

1. ഒരു കെട്ടു കടലാസ്സിന്നു 2ക വില. എന്നാൽ 4 കെട്ടു കടലാസ്സിന്റെ വില എത്രയാകും?

2. ഒരു കാളവണ്ടി ഒരു മണിക്കൂറിൽ 3 നാഴിക പോകുന്നു. എന്നാൽ 4 മണിക്കൂറിൽ ആ വണ്ടി എത്ര നാഴിക പോകുന്നു?

3. ഒരാൾക്കു 4 മക്കൾ ഉണ്ടു. ഓരോ മക്കൾക്കും 4 അണ വീതം കൊടുപ്പാൻ ആകെ എത്ര അണ വേണം?

4. ഒരു മഷിക്കുപ്പിക്കു 5 പൈ വില. എന്നാൽ 4 മഷിക്കുപ്പിക്കു വില എത്രയാകും?

5. ഒരു വരിയിൽ 4 പന്തുകൾ ഉണ്ടു. അങ്ങിനെയുള്ള 4 വരികളിലുംകൂടി പന്തുകൾ എത്രയുണ്ടാകും?

6. ഒരു വാരക്കു 3 അടി ആയാൽ 4 വാര നീളമുള്ള ഒരു സാധനത്തിന്റെ നീളം എത്രയായിരിക്കും?

## അഭ്യാസം 102.

1. ഒരു മണിക്കൂറിൽ 3 നാഴിക വീതം നടക്കുന്ന ഒരാൾ 5 മണിക്കൂറിൽ എത്ര നാഴിക നടക്കും?

2. ഒരു ഇടങ്ങഴിക്കു 4 നാഴിയാകുന്നു. എന്നാൽ 5 ഇടങ്ങഴിക്കു നാഴിയെത്ര?

3. ഒരു ആഴ്ചയിൽ സ്കൂളുള്ള ദിവസങ്ങൾ 5. എന്നാൽ 5 ആഴ്ചകളിൽ സ്കൂളുള്ള ദിവസങ്ങൾ എത്രയുണ്ടാകും?

4. ഒരു പുസ്തകത്തിന്നു 2 അണ വില. എന്നാൽ 5 പുസ്തകത്തിന്നു വിലയെത്ര?

5. ഒരു ദിവസത്തിൽ 3 അണ വീതം ചിലവുചെയ്യുന്ന ഒരു കുട്ടി 5 ദിവസത്തിൽ എത്ര അണാ ചിലവുചെയ്യും?

6. ഒരു നാഴിക്കു 4 തവിയാകുന്നു. എന്നാൽ 5 നാഴിക്കു തവിയെത്ര?

# അനുബന്ധം.

1. ഒരു ആഴ്ച=7 ദിവസം. അവയുടെ പേർ താഴെ ചേൎക്കുന്നു. ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി.

2. ഒരു വൎഷം=12 മാസം. മലയാള മാസങ്ങളുടെ പേർ താഴെ ചേൎക്കുന്നു.

ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കൎക്കിടകം

3. ദിക്കുകൾ 4. കിഴക്കു, തെക്കു, പടിഞ്ഞാറു, വടക്കു.

4. മലയാള അക്കങ്ങൾ:

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
| ൧ | ൨ | ൩ | ൪ | ൫ | ൬ | ൭ | ൮ | ൯ | ൦ |